പഞ്ചായത്ത് രാജ്

പുസ്തകം 54 ◆ ലക്കം 9 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം ഡിസംബർ 2014

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്

ഡിസംബർ 2014

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 ആരോഗ്യ-പോഷണ പരിരക്ഷ അട്ടപ്പാടിയിൽ
ഡോ. എം.കെ. മുനീർ

9 കിണർ റീച്ചാർജിങ്ങ്
എം.എസ്. ജയ ഐ.എ.എസ്.

11 ഒ.എൻ.വി.
സാംസ്കാരിക പ്രതിരോധത്തിന്റെ കവി
ഡോ. എ. അഷ്റഫ്

14 പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ
പൊതുജന സമ്പർക്ക പരിപാടി

17 സേവാഗ്രാം
ഒരുനിശബ്ദ ജനകീയ ജനാധിപത്യ വിപ്ലവം

20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 കേരളത്തിലെ ശാരീരിക, മാനസിക വെല്ലുവിളികൾ
നേരിടുന്നവരുടെ സെൻസസ് 2014-2015

24 ശുചിത്വ ഭാരതത്തിന് വിതുരയിൽ നിന്നും
രണ്ട് പാഠങ്ങൾ
ഗോപകുമാർ പൂക്കോട്ടൂർ

26 പഞ്ചായത്ത് അക്കൗണ്ട്
സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

29 കാലാതിവർത്തിയായ കരൂപ്പടന്ന
വി.കെ. ശ്രീധരൻ

33 MGNREGS - ചെറുന്നിയൂർ

34 ബാലസൗഹൃദ ഗ്രാമപഞ്ചായത്ത്
ഒരനുഭവകുറിപ്പ്

35 കുടുംബശ്രീ റിയാലിറ്റി ഷോ
"ഇനി ഞങ്ങൾ പറയാം"
ടി. ഷാഹുൽ ഹമീദ്

38 സിൽവർജൂബിലി നിറവിൽ
കിലയിൽ അന്താരാഷ്ട്ര സമ്മേളനം

ഭാരത അന്താരാഷ്ട്ര വ്യാപാരമേള

2014 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ വച്ച് നടന്ന മുപ്പത്തിനാലാമത് ഭാരത അന്താരാഷ്ട്രമേള വൻ വിജയമായിരുന്നു. ഈ വർഷത്തെ മേളയുടെ സന്ദർശക ബാഹുല്യം തന്നെ മേളയുടെ വിജയത്തെ സൂചിപ്പിക്കുന്നതായിരുന്നു. കേരളത്തിൽ നിന്നും വിവിധ ഡിപ്പാർട്ടുമെന്റുകൾ പങ്കെടുത്ത വ്യാപാരമേളയിൽ കേരള പവിലിയൻ സന്ദർശകരുടെ മുഖ്യ ആകർഷണകേന്ദ്രമായി മാറി. പഞ്ചായത്ത് വകുപ്പ്, കുടുംബശ്രീ, ഫോറസ്റ്റ്, വ്യവസായം, പോലീസ്, ഫിഷറീസ് തുടങ്ങി വിവിധ സർക്കാർ/ അർദ്ധസർക്കാർ/സർക്കാർ ഇതര വകുപ്പുകളുടെ സ്റ്റാളുകൾ കാണികളുടെ പ്രത്യേക ശ്രദ്ധയ്ക്ക് അർഹരായി. കേരള പവിലിയനിൽ ഒരുക്കിയിരുന്ന തൽസമയ ഈറ്റ ഉല്പന്നങ്ങളുടെ നിർമ്മാണം കാണികൾക്ക് വേറിട്ടൊരു അനുഭവമായിരുന്നു. പഞ്ചായത്ത് വകുപ്പ് തയ്യാറാക്കിയ ഡോക്യുമെന്ററി പ്രദർശനം വളരെ വിജ്ഞാനപ്രദമായിരുന്നു. വികസന രംഗത്തെ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ നൂതന മാർഗങ്ങൾ ദേശീയ-അന്തർദേശീയ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കാൻ കഴിഞ്ഞത് പഞ്ചായത്തു വകുപ്പിന് നേട്ടമായി. പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീറിന്റെ മേള സന്ദർശനം കേരള പവിലിയൻ സംഘാടകരെ ഉത്സാഹ ഭരിതരാക്കി. പഞ്ചായത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം വകുപ്പു മന്ത്രിയുടെ സന്ദർശനം അഭിമാനത്തിന്റെ നിമിഷങ്ങളായി മാറി.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2014 | പുസ്തകം 54 | ലക്കം 9 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ

പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പി.പി. ജയിംസ്

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

എ. ഹാഷിം

പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

എ. സെയിദ്

പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ

എ. സെയിദ്

e-mail: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

എ. ഹാഷിം

e-mail: prodp12@gmail.com

Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്

mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

ഗ്രാ ഗ്രാമപഞ്ചായത്തുകളുടെ മുഖ്യവരുമാനമായ വസ്തു നികുതി 1999 വരെ കെട്ടിട നികുതി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 1999ൽ കേരള പഞ്ചായത്ത് രാജ് ആക്ട്-ലെ 203-ാം വകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് വസ്തുനികുതി എന്ന പേരാക്കി മാറ്റിയത്. 2009 വരെ കെട്ടിടവാടകയുടെ വാർഷികമൂല്യം കണക്കാക്കി നിശ്ചയിച്ചിരുന്ന നികുതിക്കു പകരം തറവിസ്തീർണ്ണം കണക്കാക്കി നികുതി നിശ്ചയിക്കുന്ന ശാസ്ത്രീയ രീതിയാണ് വസ്തുനികുതി പരിഷ്കരണത്തിലൂടെ ഇപ്പോൾ സാധ്യമാക്കിയിരിക്കുന്നത്. 2011ൽ ഇതു സംബന്ധിച്ച ചട്ടങ്ങളും നികുതി നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനവും ഉണ്ടായെങ്കിലും അതു സംബന്ധിച്ച പോരായ്മകളും മറ്റും പരിഹരിച്ച് 2013ലാണ് ഭേദഗതി ചട്ടങ്ങൾ വിജ്ഞാപനം ചെയ്തത്. വസ്തു നികുതി പരിഷ്കരണം സുതാര്യവും കുറ്റമറ്റതാക്കുന്നതിനും വേണ്ടി ഐ.കെ.എം സഞ്ചയ എന്ന പേരിൽ സോഫ്റ്റ്‌വെയറും വിന്യസിച്ചിട്ടുണ്ട്.

ദീർഘകാലമായി മുടങ്ങി കിടന്ന വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കുമ്പോൾ ചില പ്രയാസങ്ങൾ സ്വാഭാവികമായി ഉണ്ടാകാറുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാതല മോണിറ്ററിംഗ് സെല്ലും സംസ്ഥാന തലത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിലും മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. ഇത്തരം മോണിറ്ററിംഗ് സെല്ലിന്റെ സഹായം സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ പരാതിക്ക് ഇടവരാതെ, പൊതുജനങ്ങളുടെ ആശങ്കകളും സംശയങ്ങളും ദുരീകരിച്ച് വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എല്ലാ ഗ്രാമപഞ്ചായത്തു സെക്രട്ടറിമാരും ജാഗ്രത കാണിക്കണം. അപൂർവ്വം ചില ഗ്രാമപഞ്ചായത്തു കമ്മിറ്റികൾ വസ്തുനികുതി പരിഷ്കരണ നടപടികൾ നിർത്തിവെയ്ക്കാൻ എടുത്ത തീരുമാനം സർക്കാർ സ്റ്റേ ചെയ്ത കാര്യം പഞ്ചായത്തു സെക്രട്ടറിമാർ അറിഞ്ഞിരിക്കേണ്ടതാണ്.

നികുതി പിരിവ് ആരംഭിച്ചു കഴിഞ്ഞ പഞ്ചായത്തുകളിൽ നികുതി നേരിട്ടടക്കാൻ അഭൂതപൂർവ്വമായ തിരക്ക് അനുഭവപ്പെട്ടിട്ടുണ്ട്. രണ്ടും, മൂന്നും കൗണ്ടറുകൾ തുറന്നുവച്ചും, നികുതിദായകരുടെ പ്രശ്നങ്ങളും സംശയങ്ങളും പരിഹരിക്കാൻ ഹെൽപ്ഡസ്ക് തുറന്നുമാണ് ഈ പ്രശ്നം പരിഹരിച്ചു വരുന്നത്. നികുതിദായകരെ സംബന്ധിച്ചിടത്തോളം 93-94 ന് ശേഷം തന്റെ പേരും വീട്ടുനമ്പരും, അടുത്തവർഷങ്ങളിൽ നൽകേണ്ട നികുതിയുമടക്കം ഒരു ഡിമാന്റ് നോട്ടീസ് ഇപ്പോഴാണ് ലഭിക്കുന്നത് ഇതു തന്നെയാണ് നികുതി അടക്കുന്നതിന് ജനങ്ങൾ മുന്നോട്ടു വരുന്നതിന്റെ പ്രധാന കാരണവും.

ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിലെങ്കിലും നികുതി വർദ്ധനവ് ആശങ്കയോടെ കാണുന്ന ജനപ്രതിനിധികളുണ്ട് എന്നത് വാസ്തവമാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ജനറൽ പർപ്പസ് ഫണ്ട് കൊണ്ട് മാത്രം ദൈനംദിനം പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്ന സ്ഥിതി നികുതി പരിഷ്ക്കരണം മൂലം ഒഴിവാക്കാൻ കഴിയും എന്നതും, ജനറൽ പർപ്പസ് ഫണ്ടിനത്തിൽ ലഭിക്കുന്ന തുക വലിയൊരളവിൽ വികസന പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കാൻ കഴിയും എന്നതും ഗ്രാമപഞ്ചായത്തു കളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ജീവനക്കാർക്ക് കഴിയണം.

നികുതിദായകർക്ക് കൂടുതൽ ജീവിതസൗകര്യങ്ങൾ നൽകുന്നതിന് ഇപ്പോൾ ലഭിക്കുന്ന അധിക വരുമാനം ഉപയോഗിക്കാൻ കഴിയുന്നതുമൂലം ജനങ്ങളും തൃപ്തരാകും. അടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തിൽ ഇത് പ്രതിഫലിപ്പിക്കാനും 31.3.2014 നകം 15-16 വാർഷിക പദ്ധതി രൂപീകരിച്ച് 1.4.2014 മുതൽ 6 മാസത്തിനകം പദ്ധതി പൂർണ്ണമായും നടപ്പിലാക്കി, അടുത്ത തിരഞ്ഞെടുപ്പിനെ നേരിടാൻ പഞ്ചായത്തുകളെ പ്രാപ്തരാക്കാൻ കൂട്ടായ പരിശ്രമത്തിലൂടെ എല്ലാ ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും കഴിയട്ടെ എന്നാശംസിക്കുന്നു.

എ. സെയിദ്

പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

അട്ടപ്പാടി ആദിവാസിമേഖല കേരളീയ സമൂഹത്തിന്റെ കണ്ണും കാതുമാണ്. അവിടത്തെ ഓരോ പ്രശ്നവും കേരളത്തിന്റെ പൊതുവായ ചർച്ചയ്ക്ക് വിധേയമാകുന്നു. ഗവൺമെന്റുകളുടെ മുൻഗണനാ മേഖലയാണ് അട്ടപ്പാടി. ശിശുമരണം, ഗർഭാവസ്ഥയിലോ പ്രസവാനന്തരമോ ഉള്ള സ്ത്രീകളുടെ മരണം ഇവയൊക്കെ പലപ്പോഴും വലിയ ചർച്ചകൾക്കും ചിലപ്പോൾ വിവാദങ്ങൾക്കും കാരണമാകുന്നു. അട്ടപ്പാടി ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ നിന്ന് വിമുക്തമാവാൻ വിവിധ ഏജൻസികളുടെ നിരന്തര സംയോജിത ശ്രമം വേണം എന്നത് പൊതുവേ ഏവരും അംഗീകരിക്കുന്നു. ആരോഗ്യം, പട്ടികവർഗം, തദ്ദേശഭരണം, സാമൂഹ്യനീതി തുടങ്ങിയ സർക്കാർ വകുപ്പുകളുടെയും സന്നദ്ധസംഘടനകളുടെയും കുടുംബശ്രീ പോലെയുള്ള പ്രസ്ഥാനങ്ങളുടെയും ഏകോപിതമായ പ്രവർത്തനം അട്ടപ്പാടിയുടെ സമഗ്രവികസനത്തിന് ആവശ്യമാണ്.

അട്ടപ്പാടിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പലപ്പോഴും ചർച്ചാവിഷയമാണ്. ശിശുമരണവും വ്യാപകവിമർശനങ്ങൾക്ക് കാരണമാവുന്നു. 2014 ജനുവരി മുതൽ ഒക്ടോബർ വരെ 790 കുട്ടികളാണ് അവിടെ ജനിച്ചത്. ഇവരിൽ 119 കുട്ടികൾ ഭാരക്കുറവ് (2.5 കിലോയിൽ താഴെ) ഉള്ളവരാണ്. 790 കുട്ടികളിൽ 13 കുട്ടികൾ മരണമടഞ്ഞു.

അട്ടപ്പാടിയിൽ ആദിവാസി സ്ത്രീകളുടെയും കുട്ടികളുടെയും ദൈനംദിന ഉച്ചഭക്ഷണം പോഷകസമ്പുഷ്ടമാക്കി അവിടത്തെ 175 അങ്കണവാടികൾ മുഖേന വിതരണം ചെയ്യുന്നതിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചൻ എന്നറിയപ്പെടുന്ന ഈ പദ്ധതിക്കായി 4.48 കോടി രൂപ ഗവൺമെന്റ് അനുവദിച്ചു. സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാമിഷനും 2 കോടി രൂപ വീതവും കുടുംബശ്രീ 4 ലക്ഷം രൂ

ആരോഗ്യ–പോഷണ പരിരക്ഷ അട്ടപ്പാടിയിൽ

പയും ഇതിനായി വിനിയോഗിക്കും. ആറ് മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാർ എന്നിവർക്ക് പുറമെ വയോജനങ്ങളും ശയ്യാവലംബികളും ഭിന്നശേഷിയുള്ളവരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

അവിടെ തുടക്കം കുറിച്ച വളരെ സവിശേഷതകളുള്ള ദീർഘവീക്ഷണമുള്ള രണ്ട് നൂതന സംരംഭങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ ലേഖനത്തിലൂടെ ഞാൻ ഉദ്ദേശിക്കുന്നത് – ജാതക്, ജനനി എന്നിവ. യൂണിസെഫിന്റെ ആഭിമുഖ്യത്തിൽ 'റിച്ചി' ഫൗണ്ടേഷന്റെ സഹായത്തോടെ സാമൂഹ്യനീതി വകുപ്പും ആരോഗ്യവകുപ്പും സഹകരിച്ചാണ് ഇവ നടപ്പാക്കുക. ഐ.സി.ഡി.എസ്. പ്രവർത്തകരോ സൂപ്പർവൈസർമാരോ ഊരുകളിലെത്തി ഓരോ വീടും സന്ദർശിച്ച് കുട്ടികളുടെ തൂക്കം, ഉയരം, വളർച്ചാനിലവാരം തുടങ്ങിയവ രേഖപ്പെടുത്തി 'ജാതക്' എന്ന സോഫ്റ്റ്‌വെയറിലൂടെ ഡേറ്റാബേസ് ഉണ്ടാക്കുന്നു അതത് സന്ദർശന സ്ഥലത്ത് നിന്ന് മൊബൈൽ ഫോൺ വഴി വോയ്സ്മെസ്സേജിലൂടെ ഈ വിവരം കമ്പ്യൂട്ടറിൽ രേഖപ്പെടുത്താൻ കഴിയും. വളർച്ചാ മുരടിപ്പ് ഉള്ള കുട്ടിയെ കണ്ടെത്തിയാൽ എസ്.എം.എസ്. അലർട്ടുകൾ അപ്പോൾത്തന്നെ ശിശുവികസന പദ്ധതി ഓഫീസർ, ജില്ലാ പ്രോഗ്രാം ഓഫീസർ, ഐ.റ്റി.ഡി.പി. കോ ഓർഡിനേറ്റർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടർ, സാമൂഹ്യനീതി അഡിഷണൽ ചീഫ് സെക്രട്ടറി എന്നിവർക്ക് ലഭിക്കും. ഇത്തരം കുട്ടികളെ ആരോഗ്യ വകുപ്പിന്റെ ചുമതലയിലുള്ള പോഷണ പുനരധിവാസ കേന്ദ്ര(Nutrition Rehabilitation Center)ത്തിൽ ഉടൻ എത്തിക്കും. ഇത്തരം മൂന്ന് കേന്ദ്രങ്ങളാണുള്ളത്. അവരുടെ ആരോഗ്യം അവിടെ മെച്ചപ്പെടുത്തിയശേഷം "സി-സാം" -കമ്മ്യൂണിറ്റി ബേസ്ഡ് മാനേജ്മെന്റ് ഓഫ് സിവിയർലി അക്യൂട്ട് മാൽ നറിഷ്ഡ് (C - SAM Community Based Management of Severely Acute Mal nourished) "മാം" – മോഡറേറ്റ്‌ലി അക്യൂട്ട് മാൽ നറിഷ്ഡ് (MAM Moderately Acute Malnourished) എന്നീ സമൂഹ പുനരധിവാസ സംവിധാനങ്ങളിലൂടെ നിരീക്ഷിച്ച് മതിയായ അളവിൽ പോഷണം ഉറപ്പ് വരുത്തുന്നു. ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററിലെ ഡോക്ടർ ഓരോ കുട്ടിക്കും വ്യക്തിഗത ഡയറ്റ് പ്ലാൻ തയാറാക്കി നൽകിയാണ് ഡിസ്ചാർജ് ചെയ്യുന്നത്. ഈ പ്ലാനിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികൾ മുഖേന നൽകുന്ന ഭക്ഷണത്തിലൂടെ കുട്ടികളെ ആരോഗ്യവാന്മാരാക്കാൻ കഴിയും. C-SAM വഴി 338 കുട്ടികൾക്ക് തെറാപ്യൂട്ടിക് ഫീഡിംഗ് ലഭിച്ചു കഴിഞ്ഞു. NRC കളിൽ 270 കുട്ടികൾക്ക് ചികിത്സ ലഭിച്ചു.

അട്ടപ്പാടിയിൽ ആദിവാസി സ്ത്രീകളുടെയും കുട്ടികളുടെയും ദൈനംദിന ഉച്ചഭക്ഷണം പോഷകസമ്പുഷ്ടമാക്കി അവിടത്തെ 175 അങ്കണവാടികൾ മുഖേന വിതരണം ചെയ്യുന്നതിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചൻ എന്നറിയപ്പെടുന്ന ഈ പദ്ധതിക്കായി 4.48 കോടി രൂപ ഗവൺമെന്റ് അനുവദിച്ചു.

'ജാതക്' പദ്ധതി പ്രകാരം 5 വയസ്സ് വരെയുള്ള 5130 കുട്ടികളെ സംബന്ധിച്ച ഡേറ്റാ ബേസ് തയാറാക്കിയിട്ടുണ്ട്. 4294 കുട്ടികളെ നിരീക്ഷിച്ചതിൽ 394 കുട്ടികളിൽ മിതമായ തോതിലും 74 കുട്ടികളിൽ ഗുരുതരമായ തോതിലും പോഷകക്കുറവ് കണ്ടെത്തുകയുണ്ടായി.

അമ്മമാരുടെയും ഗർഭിണികളുടെയും പോഷകാഹാരക്കുറവ് കണ്ടെത്താൻ സമാനമായ രീതി അവലംബിക്കുന്ന പദ്ധതിയാണ് 'ജനനി'. ടെറ്റനസ് കുത്തിവയ്പ്, ഫോളിക് ആസിഡ് ഗുളികയുടെ ഉപയോഗം, രോഗ സങ്കീർണ്ണത, ഭക്ഷണം, പോഷകക്കുറവ്, ലൊക്കേഷൻ എന്നിവ 'ജനനി' സോഫ്റ്റ്‌വെയർ സംവിധാന ത്തിലൂടെ ശേഖരിച്ച് മോനിട്ടർ ചെയ്യുന്നു.

C-SAM പദ്ധതി കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. അതിന്റെ ഭാഗമായി ആദിവാസി സമൂഹത്തിലെ അമ്മമാർക്കും കുട്ടികൾക്കും പോഷണ – ആരോഗ്യ അവബോധന പരിപാടി നടപ്പിലാക്കും.

ജാതക്, ജനനി പദ്ധതികൾ സർക്കാർ – സർക്കാരിതര ഏജൻസികളുടെ സമ്പൂർണ്ണ സഹകരണത്തോടെ വിജയകര മാക്കുക എന്നത് സാമൂഹികമായ വലിയ ഒരു ഉത്തരവാദിത്തമാണ്. അട്ടപ്പാടിയിലെ ജനസമൂഹത്തിന്റെ പോഷകാഹാരക്കുറവ് ശാസ്ത്രീയമായി പരിഹരിച്ച് ആരോഗ്യമുള്ള ഒരു ജനതയാക്കി അവരെ മാറ്റാനുള്ള ഈ നൂതന സംരംഭം വിജയിപ്പിക്കുക എന്നത് ഐ.സി.ഡി.എസി.ലെയും ആരോഗ്യ വകുപ്പിലെയും ജീവനക്കാർക്കൊപ്പം അവിടത്തെ ജനങ്ങളുടെയും പൊതു സമൂഹത്തിന്റെയും കൂടി കടമയാണ്.

എം.എസ്. ജയ ഐ.എ.എസ്.

കിണർ റീച്ചാർജിങ്ങ്

മഴ കഴിഞ്ഞാൽ പിന്നെ കിണറിലെ ജലനിരപ്പ് താഴാൻ തുടങ്ങുകയായി. എല്ലാവരും കിണറുകളിൽ മോട്ടോർ വച്ച് പമ്പ് ചെയ്യാൻ തുടങ്ങിയതോടെ കിണറുകളിലെ ജലനിരപ്പ് പെട്ടെന്ന് താഴുവാനും തുടങ്ങി. കിണറിൽ നിന്ന് തുടിച്ച് കോരിയിരുന്ന കാലം ഒരുപക്ഷേ നാം ഓർക്കുന്നുണ്ടായിരിക്കണം. അന്നൊക്കെ കിണർ വെള്ളത്തിന് നല്ല സ്വാദുണ്ടായിരുന്നു. എന്നാൽ പമ്പ് ചെയ്ത് വരുന്ന വെള്ളത്തിൽ ആ സ്വാദ് ഇല്ലതാനും. ഇക്കാലങ്ങളിൽ കിണറിന് ഉൾവശം നോക്കിയാൽ പലയിടങ്ങളിലും അനക്കമില്ലാത്ത ഒരു പാട നിലനിൽക്കുന്നതായി കാണാം. കിണറും മനുഷ്യനും തമ്മിലുള്ള ബന്ധം അറ്റുപോയതുപോലെയായി. ഈ അവസ്ഥയിലാണ് നാം കിണർ റീചാർജിങ്ങിനെക്കുറിച്ച് ചിന്തിയ്ക്കുന്നത്.

മൊബൈൽ ഫോണുകൾ വരാൻ തുടങ്ങിയതോടെ റീചാർജിങ്ങ് എന്ന പദം ഏവർക്കും മനസ്സിലാകുന്ന ഒരു വസ്തുതയായി. ബാറ്ററി റീച്ചാർജ് ചെയ്യുന്ന പോലെ തന്നെ ചെയ്യാവുന്ന ഒരു സംഗതിയാണ് കിണർ റീച്ചാർജിങ്ങ് എന്നു പറയുന്നത്. ഇതിന് വൈദ്യുതി വേണ്ട. എന്നാൽ വേണ്ടത് മഴവെള്ളമാണ്. മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം പാത്തികളിലൂടെ അല്ലെങ്കിൽ പൈപ്പിലൂടെ കിണറിനരികത്തേയ്ക്ക് കൊണ്ടുവന്ന് ഫിൽറ്റർ സംവിധാനം ഘടിപ്പിച്ച് മഴവെള്ളം കിണറിനകത്തേയ്ക്ക് കൊടുക്കണം. മേൽക്കൂരയിലെ അഴുക്കുകൾ ഫിൽറ്റർ ചെയ്യുവാൻ അരിപ്പ സംവിധാനം ഇതിലുണ്ട്. ആദ്യമഴയിൽ പെയ്യുന്ന അഴുക്കുകൾ കളയുവാൻ ഒരു ഫസ്റ്റ് ഫ്ളഷ് സംവിധാനവും ഇതിൽ ഘടിപ്പിച്ചിട്ടുണ്ട്. കാലവർഷത്തിലേയും തുലാവർഷത്തിലേയും മഴവെള്ളം ഈ വിധത്തിൽ കിണറിൽ ഇറക്കണം. എന്നാൽ വേനൽമഴയ്ക്ക് കിട്ടുന്ന മഴവെള്ളമാണ് ഇതിനേക്കാൾ ഫലം ചെയ്യുക. ഇങ്ങനെ ചെയ്താൽ വേനലിൽ നമ്മുടെ കിണറിൽ യഥേഷ്ടം വെള്ളം ഉണ്ടാകും.

ഏകദേശം 5000 രൂപ ചെലവേ ഇത് ചെയ്യുവാൻ വേണ്ടി വരൂ. അല്ലെങ്കിൽ ഇതിന്റെ പാത്തിയ്ക്കും പൈപ്പിനും വേണ്ടി വരുന്ന ചെലവും 2 പ്ലമ്പർമാരുടെ ഒരു ദിവസത്തെ കൂലിയും മാത്രമാണ് ചെലവ്. തൃശൂർ ജില്ലയിൽ ഈ പദ്ധതിയെ “മഴപ്പൊലിമ”കിണർ റീച്ചാർജിങ്ങ് എന്നാണ് പേരിട്ട് വിളിക്കുന്നത്. ജില്ലയിൽ 14000 കിണറുകളിൽ ഇത്തരത്തിൽ കിണർ റീച്ചാർജ്ജ് ചെയ്ത് വേനൽ ജലനിരപ്പിന്റെ കാര്യത്തിൽ ഗുണം ഉണ്ടായിട്ടുണ്ട്.

കിണർ റീച്ചാർജിങ്ങ് പരിപാടിയിൽ പൊതുജനങ്ങൾ ഉന്നയിക്കുന്ന ഒരു പ്രധാന ചോദ്യം മഴക്കാലത്ത് കിണർ നിറഞ്ഞുകിടക്കുമ്പോൾ ഇത് ചെയ്തിട്ട് കാര്യമുണ്ടോ എന്നാണ്. ഇതിന് ഉത്തരം, മഴക്കാലത്ത് കിണറുകൾ നിറഞ്ഞു കിടക്കുന്നതായി കാണുന്നത്, കിണറിലെ ജലം മണ്ണിന്റെ അടുക്കുകളിലൂടെ സഞ്ചരിച്ച് അരിയ്ക്കപ്പെട്ട്, അതിന്റെ ജലപത്തായങ്ങളിലേയ്ക്ക് (unconfined aquifer) സഞ്ചരിയ്ക്കുമ്പോൾ ഉണ്ടാകുന്ന സഞ്ചാര സമയ ദൈർഘ്യത്തേയാണ് ഇത് കാണിക്കുന്നത്. ഇത് മണ്ണിന്റെ തരം, ഓരോ കിണറിൽ നിന്നും ചുറ്റുവട്ടത്തുള്ള കിണറുകളിൽ നിന്നുമുള്ള ജല ഉപയോഗം, സ്വേദനം (Evaporation), മഴയുടെ തോത് തുടങ്ങിയ കാര്യങ്ങളുമൊക്കെ ബന്ധപ്പെട്ട് ഏറ്റക്കുറച്ചിലുണ്ടാകാം. മഴ നിന്നാൽ, ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ കിണറിലെ ജലനിരപ്പ് വേഗം താഴുന്നതായി കാണാൻ സാധിയ്ക്കുന്നതാണ്. അതായത് കിണറിൽ നിറഞ്ഞുകിടന്നിരുന്ന ജലം അതാത് കിണർ ഉറവകളിലേയ്ക്ക് എത്തിച്ചേർന്നു തുടങ്ങി എന്നർത്ഥം. പ്രക്രിയയിലെ സമയ ദൈർഘ്യമാണ് കിണർ നിറഞ്ഞു കിടക്കുന്നതായി കാണുന്നത്.

ഇതുപോലെ തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്ന നമ്മുടെ നാടിന്റെ വിവിധ ഭാഗങ്ങളിൽ കിണറുകളിൽ പൊതുവെ എല്ലാകാലത്തും ഉപ്പുരസം കാണുന്നു. എന്തുകൊണ്ട് ഇത് രൂക്ഷമായി വരുവാൻ കാരണം? കാരണങ്ങൾ നിരവധിയാണ്. താഴെ പറയുന്നവ അവയിൽ ചിലതുമാത്രം.

വീട്ടുപറമ്പുകളിലെ ചെറുകുളങ്ങൾ നാം മൂടിക്കളഞ്ഞു. മഴക്കാലത്തിനടുത്ത് ചെയ്തിരുന്ന കാർഷിക മുറകൾ ഇല്ലാതായി. മഴവെള്ളം മണ്ണിൽ താഴാതായി. ഓരുവെള്ളം/ഉപ്പുവെള്ളം കയറാതിരിയ്ക്കുവാൻ കർഷകർ തീർക്കുന്ന ചിറകൾ കുറഞ്ഞുപോയി. അല്ലെങ്കിൽ പുതുക്കിയ ചീപ്പുകളെ വേണ്ട സമയങ്ങളിൽ അടച്ചുതുറക്കാതെയായി. പൈപ്പിലൂടെ വരുന്ന ക്ലോറിനിട്ട സർക്കാർ കുടിവെള്ളം വരാൻ തുടങ്ങിയതോടെ നാം കിണറിനെ മറക്കുവാൻ തുടങ്ങി. ആധുനികതയുടെ തിരതള്ളലിൽ മോട്ടോർ പമ്പ് സംവിധാനം വന്നതോടെ കിണറുകളിലെ വെള്ളം

മഞ്ഞനിറത്തിലോ ചുവപ്പുനിറത്തിലോ ഉള്ളതുമാകുകയും കൂടുതൽ ഉപ്പുള്ളതായി കിണർവെള്ളം രൂപാന്തരപ്പെടുകയും ചെയ്തു.

തീരപ്രദേശങ്ങളിൽ ചില ഭാഗത്ത് കിണറിന്റെ ഉള്ളിലെ മണ്ണിൽ ഇരുമ്പിന്റെ അംശം താരതമ്യേന കൂടുതലായതിനാൽ ഈ അംശഭാഗങ്ങൾ തുരുമ്പു പിടിച്ച മഞ്ഞ വെള്ളം പോലെ കിണർ വെള്ളത്തിൽ കലങ്ങി മോട്ടോർ പമ്പ് പ്രവർത്തിക്കുന്നതു വഴി കൂടുതലായി പുറത്തേയ്ക്ക് വരാറുണ്ട്. കിണറിലെ മോട്ടോർ വേറെ ഒരു വിനകൂടി വരുത്തുന്നുണ്ട്. പെട്ടെന്നുള്ള പമ്പിങ്ങ് ആയതിനാൽ കടലിലെ ഉപ്പുവെള്ളം സുനാമി പോലെ ഭൂമിക്കടിയിലൂടെ നമ്മുടെ കിണറുകളിൽ എത്തിച്ചേരും. ജിയോളജി വിഷയം കൈകാര്യം ചെയ്യുന്നവർ ഇതിനെ ഹൈബർ ആന്റ് ഹെർസ്ബെർഗ് ബന്ധം എന്ന് വിശേഷിപ്പിക്കുന്നു. അതായത് തീരപ്രദേശങ്ങളിൽ 1 മീറ്റർ ഭൂജലത്തിന്റെ അളവ് താഴുകയാണെങ്കിൽ കടൽ 40 മീറ്റർ മണ്ണിനടിയിലൂടെ അകത്തേയ്ക്ക് കയറിവരും. (1:40 അനുപാതത്തിൽ)

പ്രതിവിധികൾ

ഏതായാലും കിണറുകളിൽ ഉപ്പുരസം മാറി ശുദ്ധജലം ലഭിക്കാൻ നാം എന്തു ചെയ്യണം. ഇതിന് ഒരു പ്രതിവിധിയേ നമ്മുടെ പക്കൽ ഉള്ളൂ. അതായത് മഴവെള്ളം ശേഖരിച്ച് കിണറിൽ ഇറക്കണം. ഇത് മേൽക്കൂരയിൽനിന്നോ ഷീറ്റ് വിരിച്ച് അവിടെ നിന്നോ ശേഖരിയ്ക്കുന്ന മഴവെള്ളം കിണറിന്റെ ഉൾവശത്തേയ്ക്ക് ഒഴുക്കണം. ഓടിട്ട മേൽക്കൂരയിൽ നിന്നോ ടെറസ്സിട്ട മേൽക്കൂരയിൽ നിന്നോ ഇങ്ങനെ ചെയ്യാൻ സാധിക്കും. ഇതിനുവേണ്ട പ്രധാന സാധനങ്ങൾ പാത്തി, പൈപ്പ് എന്നിവയും മറ്റ് അനുബന്ധ വസ്തുക്കളുമാണ്. ഓടിട്ട വീടുകൾക്ക് ക്ലാമ്പടിച്ച് പാത്തി ഉറപ്പിച്ചു നിറുത്തണം. ടെറസ്സിട്ട വീടുകളുടെ മേൽക്കൂരയിൽ പുറത്തേയ്ക്ക് ഓവു പൈപ്പുകൾ നിൽക്കുന്നത് കാണാം. ഈ പുറത്തേയ്ക്ക് നിൽക്കുന്ന ഓവു പൈപ്പുകളെ പി വി സി പൈപ്പുകൾ ഉപയോഗിച്ച് കിണറിനടുത്തേയ്ക്ക് കൊണ്ടുവരണം. ഇങ്ങനെ മേൽക്കൂരയിൽ നിന്ന് താഴേക്ക് കൊണ്ടുവരുന്ന പൈപ്പുകളിൽ ആദ്യമഴയിലെ വെള്ളം കളയാൻ വാൽവ് സംവിധാനമോ, ടി (T) സംവിധാനമോ ഏർപ്പെടുത്തണം. മേൽക്കൂരയിൽ അഴുക്ക് വീഴുന്ന പക്ഷം ഇത് അടച്ചു തുറക്കാൻ പാകത്തിൽ വേണം ഇത് ഫിറ്റ് ചെയ്യാൻ. ഇതിന് ശേഷം പൈപ്പിനെ കിണറിനകത്തേയ്ക്ക് ആനയിക്കാൻ പാകത്തിൽ ഫിറ്റ് ചെയ്ത് നിറുത്തുക. ഈ പൈപ്പിനഗ്രഭാഗത്ത് ഒരു പ്ലാസ്റ്റിക് വല കെട്ടുന്നത് ഉചിതമാണ്. മേൽക്കൂരയിൽ വീഴുന്ന ഇലകൾ ഇതിൽ തടയും. അതാത് വീട്ടുകാർക്ക് ഈ വല അഴിച്ച് വൃത്തിയാക്കുവാൻ സാധിക്കുകയും ചെയ്യും.

വീട്ടിൽ നാം ഉപ്പുമാങ്ങ ഇടുന്ന പതിവുണ്ടല്ലോ? ഉപ്പുമാങ്ങ ഇട്ട ഉടൻ മാങ്ങഭാഗം ഉപ്പുവെള്ളത്തിന് മുകളിൽ കിടക്കുകയും എന്നാൽ മാങ്ങയ്ക്ക് ഉപ്പു പിടിച്ചാൽ അത് താഴുകയും ചെയ്യുന്നത് കാണാം. ഇതിനു കാരണം ഉപ്പുമാങ്ങയാക്കാൻ ഇട്ട പച്ചമാങ്ങയിലെ ജലാംശത്തിന്റെ സാന്ദ്രത ഉപ്പുവെള്ളത്തെ അപേക്ഷിച്ച് കുറവായതിനാൽ മാങ്ങ ഉപ്പുവെള്ളത്തിൽ ഇട്ട ആദ്യ മണിക്കൂറുകളിൽ പൊങ്ങിനിൽക്കും. അതുപോലെ മഴവെള്ളത്തിന് ഉപ്പുവെള്ളത്തെ അപേക്ഷിച്ച് സാന്ദ്രത കുറവായതിനാൽ മഴവെള്ളം കിണറിന്റെ അന്തർഭാഗത്ത് പൊന്തിക്കിടക്കുകയും ഉപ്പുവെള്ളം ഭൂമിയിലേയ്ക്ക് താഴുകയും ചെയ്യും. (എന്നാൽ മോട്ടോർ വച്ച് വലിച്ചാൽ ഉപ്പു കയറുകയും മഞ്ഞനിറം കിണർ വെള്ളത്തിൽ കയറി വരികയും ചെയ്യും. ആയതിനാൽ ഇനിമേൽ നാം തീരപ്രദേശങ്ങളിലെ കിണറുകളിൽ മോട്ടോർ പമ്പ് വയ്ക്കാതിരിക്കുകയാണുചിതം)

ഇതിനു വേണ്ടി വരുന്ന ചെലവ് പാത്തി, പൈപ്പ്, ക്ലാമ്പുകൾ, ആണി, പശ, കൂലിച്ചിലവ് തുടങ്ങിയ മാത്രമേ ഉള്ളൂ. പ്ലംമ്പിങ്ങ് ചെയ്യുന്ന എല്ലാ പണിക്കാർക്കും ഇതു ചെയ്ത് തരുവാൻ സാധിക്കും. ഏകദേശം 5000 രൂപയ്ക്കുള്ളിൽ ഓടിട്ട വീടുകൾക്കും 4000 രൂപയ്ക്കടുത്ത് ടെറസ്സിട്ട വീടുകൾക്കും വേണ്ടി വരികയുള്ളൂ. ഏതു വിധേനെ ആയാലും മഴവെള്ളം കിണറിൽ എത്തണം. മോട്ടോർ പമ്പ് മാറ്റണം. മഴക്കാലത്തും വേനലിലും കിണറിൽ ശുദ്ധജലം ഉറപ്പ്. ഇങ്ങനെ ചെയ്ത കിണർ വെള്ളത്തിലെ ഉപ്പുരസവും നിറവ്യത്യാസങ്ങളും മാറുന്നതിനുള്ള ധാരാളം ഉദാഹരണങ്ങൾ തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, മണലൂർ, ഒരുമനയൂർ, പാവറട്ടി, കടപ്പുറം തുടങ്ങിയ പല പഞ്ചായത്തുകളിലും ഗുരുവായൂർ മുനിസിപ്പാലിറ്റിയിലും ഇതുപോലെ കാണാം. ഇതുമൂലം വേനലിൽ സർക്കാർ കുടിവെള്ളം കാത്ത് നിൽക്കേണ്ട ഗതികേട് ഒഴിവായിക്കിട്ടിയെന്ന് അതത് കുടുംബങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഇക്കാര്യത്തിൽ ജനങ്ങൾ ഉന്നയിക്കുന്ന പ്രധാന ചോദ്യങ്ങൾ താഴെ പറയുന്നവയാണ്. മേൽക്കൂരയിൽ അഴുക്ക് കിണറിൽ വീഴില്ലേ? ഫിൽറ്റർ സംവിധാനം ഏർപ്പെടുത്തേണ്ടേ? ഓടിട്ട വീടുകളിൽ ഒക്ടോബർ മാസത്തിൽ കാണുന്ന കറുത്ത പുഴു കിണറിൽ വീഴില്ലേ? മഴക്കാലത്ത് കിണർ നിറഞ്ഞ് കിടക്കുമ്പോൾ ഇത് ചെയ്തിട്ടു കാര്യമുണ്ടോ? എന്നുള്ളവയാണ്. ഉത്തരങ്ങൾ താഴെ ചേർക്കട്ടെ. മേൽക്കൂരയിലെ അഴുക്കുവെള്ളം കളയാൻ വാൽവ്/ടി/ഫസ്റ്റ് ഫ്ളഷ് സംവിധാനം ഏർപ്പെടുത്തണം. ഫിൽറ്റർ ചെയ്യാൻ പ്രത്യേകം അറ/തൊട്ടി ഉണ്ടാക്കി മണൽ, കരി മെറ്റൽ എന്നിവ അടുക്കിയിട്ടുള്ള അരിപ്പ സംവിധാനം ഏർപ്പെടുത്താം. ഇതിന് ചിലവുണ്ട്. കേരളത്തിലെ കിണറുകളും കക്കൂസുകുഴികളും കടലും മഴക്കാലത്ത് ഒന്നായി കിടക്കുന്നതിനാൽ മഴവെള്ളം ശുദ്ധീകരിച്ച് കിണറിലേയ്ക്ക് വിടുന്നതുകൊണ്ട് വലിയ കാര്യം ഉള്ളതായി കാണുന്നില്ല. പിന്നെ മനസിന് ഒരു തൃപ്തിയ്ക്ക് ഇങ്ങനെയും ചെയ്യാം. ഒക്ടോബർ മാസത്തിൽ തീരപ്രദേശങ്ങളിലെ ഓടിട്ട മേൽക്കൂരകളിൽ കറുത്ത പുഴു ഉള്ളതായി കാണാം. ഇവ കിണറിൽ വീഴാതിരിക്കാൻ ഈ പുഴു വരുന്ന സമയം കണ്ട് ഫസ്റ്റ് ഫ്ളഷ് വാൽവ് തുറന്നു വയ്ക്കണം. മഴക്കാലത്ത് കിണറിന്റെ പരിസരം വെള്ളത്തിൽ മുങ്ങിയാലും കിണറിനകത്തേയ്ക്ക് മഴവെള്ളം വീഴുന്നതുകൊണ്ട് ഗുണം ഉണ്ട്. കിണറിന്റെ ആൾമറ/ കോൺക്രീറ്റ് റിങ്ങുകൾ ഒരു വലിയ പാത്രം പോലെ പ്രവർത്തിയ്ക്കും. മഴവെള്ളത്തെ ഉപ്പുവെള്ളത്തിന് മീതെ നിറുത്തി ഉപ്പുരസത്തിനെ താഴെയ്ക്ക് തള്ളിയിറക്കാൻ ഇത് സഹായിക്കുന്നു. ◆

ഒ. എൻ. വി.
സാംസ്കാരിക പ്രതിരോധത്തിന്റെ കവി

ഡോ. എ. അഷ്റഫ്

വൈവിദ്ധ്യമാർന്ന നിരവധി പ്രാദേശിക സംസ്കാരങ്ങളും പാരമ്പര്യങ്ങളും കൂടിചേർന്നതാണ് ഭാരതീയ സംസ്കൃതി. ജ്ഞാനപീഠം പുരസ്കാരത്താൽ ആദരണീയനായ ഒ.എൻ.വി. കുറുപ്പ് ആ അന്ത:സത്ത ഉൾക്കൊണ്ട കവിയാണ്. ലോകത്തിന്റെ ഹൃദയത്തുടിപ്പുകൾ തന്റെ സർഗ്ഗചേതനകൊണ്ട് അദ്ദേഹം തൊട്ടറിയുന്നു. സമകാല ജീവിതത്തിന്റെ നാനാതരം സങ്കീർണതകളെ സമചിത്തതയോടെ കണ്ട് ആവിഷ്കരിക്കുന്നു. മാത്രവുമല്ല, നമ്മുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തെ പിന്നോട്ടുനയിക്കുന്ന എല്ലാത്തരത്തിലുള്ള പ്രതിലോമ ചിന്തകൾക്കും നേരെ ഈ കവി ശക്തമായി പ്രതികരിക്കയും ചെയ്യുന്നു. അതിന്റെ ഫലമായി അനുവാചകമനസ്സ് പുതിയൊരു മാനവിക ബോധംകൊണ്ട് സമ്പന്നമാവുന്നു.

സാമൂഹ്യ പ്രതിബദ്ധതയുള്ള എല്ലാ കവികളെയുംപോലെ ഒ.എൻ.ഴി കുറുപ്പും എഴുതിത്തുടങ്ങുന്നത് നാട്ടിലെ തീക്ഷ്ണമായ സാമൂഹ്യ സാമ്പത്തിക വേർതിരിവുകളോട് സമരം പ്രഖ്യാപിച്ചുകൊണ്ടാണ്. രാഷ്ട്രീയ വിമോചനപ്രസ്ഥാനങ്ങൾ വിചാരിച്ചത്ര വേഗത്തിൽ സാക്ഷാൽകരിപ്പെടാതിരിക്കുകയും അതിന് നായകത്വം വഹിച്ച പ്രസ്ഥാനത്തിന് ശൈഥില്യം നേരിടുകയും ചെയ്തപ്പോൾ, അത് ഈ കവിയുടെ രചനാപ്രക്രിയകളിലും ഇടർച്ചകളുണ്ടാക്കി. സ്വകാര്യ വ്യഥകളുടെ ആഴങ്ങളിൽ മുങ്ങിത്തപ്പിയ കവി മലയാളികൾക്ക് നൽകിയത് എണ്ണമറ്റ മുത്തുകളാണ്. തുടർന്ന് വർണ്ണശബളമായ ഒരു വസന്തമാണ് നമ്മുടെ കാവ്യലോകത്തിന് അദ്ദേഹത്തിൽ നിന്ന് ലഭിച്ചത്. ഒ.എൻ.വി. കൈവയ്ക്കാത്ത കാവ്യവിഷയങ്ങളും കീഴടക്കാത്ത ആസ്വാദകമനസ്സുകളും നന്നേ വിരളം. പണിയെടുക്കുന്ന തൊഴിലാളികളുടെ വേദനകൾ, അവരുനുഭവിക്കുന്ന ചൂഷണങ്ങൾ, അവരുടെ പ്രത്യാശകൾ, പ്രണയത്തിന്റെ നൊമ്പരങ്ങൾ, സ്വകാര്യ ദു:ഖങ്ങളുടെ നീർച്ചുഴികൾ, നാടിന്റെ തനിമയും ഭാഷയും അപചയപ്പെടുമ്പോഴുള്ള മനസ്സിന്റെ വിങ്ങലുകൾ, പാരമ്പര്യധാരകളെ കവിതയോടു ചേർത്തു നിർത്താനുള്ള അദമ്യമായ ആഗ്രഹം, സ്ത്രീത്വം അവഹേളിക്കപ്പെടുമ്പോഴുള്ള പ്രതിഷേധങ്ങൾ അങ്ങനെ ആ തൂലികയുടെ സ്പർശമേൽക്കാത്ത വിഷയങ്ങൾ നന്നേ കുറവ് സർഗ്ഗധന്യത കൊണ്ട് ഹിമവാനോളം ഉയർന്ന ഈ കവിയെ വൈകിയാണെങ്കിലും ജ്ഞാനപീഠം നൽകി രാഷ്ട്രം അംഗീകരിച്ചിരിക്കുന്നു.

ദീർഘകാലമായി നഗരവാസിയാണെങ്കിലും ഒ.എൻവി.യുടെ കാവ്യജീവിതത്തന്റെ വേരുകൾ ഗ്രാമത്തിൽ ത്തന്നെയാണ്. കവിയുടെ മനസ്സിൽ എപ്പോഴും ജനിച്ച നാടിനെപ്പറ്റിയുള്ള ഗൃഹാതുരത്വം

കലർന്ന ചിന്തകൾ നിറഞ്ഞുനിന്നിരുന്നു. പ്രകൃതിയും അതിന്റെ നാനാതരം വൈവിധ്യങ്ങളും ഇദ്ദേഹത്തിന് മധുരതരമായ അനുഭൂതിയായിരുന്നു ഒരിക്കൽ ഈ ലേഖകന് നൽകിയ ഒരഭിമുഖത്തിൽ കവി ഇങ്ങനെ സൂചിപ്പിച്ചിരിക്കുന്നു. ഞാനൊരു കവിത എഴുത്തുകാരനായി തീർന്നില്ലായിരുന്നു എങ്കിൽ, ഒരു വേള എസ്.കെ പൊറ്റെക്കാടിന്റെ നാടൻ പ്രേമത്തിലെ ഇക്കോരനെപ്പോലെ എന്റെ നാട്ടിൻപുറത്തിന്റെ കായലോരത്തോ തോട്ടിൻകരയിലോ പാടിപ്പാടി നടക്കുമായിരുന്നില്ലേ എന്ന്.

കേരളത്തിൽ സാമൂഹ്യ നവോത്ഥാനത്തിന്റെയും രാഷ്ട്രീയ വിപ്ലവത്തിന്റെയും പുരോഗമനസാംസ്കാരികമുന്നേറ്റങ്ങളുടെയും വേലിയേറ്റം സംഭവിച്ച 1940 കളുടെ സന്തതികളാണ് പി. ഭാസ്കരൻ, വയലാർ, ഒ.എൻ.വി എന്നീ കവികൾ. നിസ്വവർഗ്ഗ വിമോചനത്തിനായി കവിതയെ പടവാളാക്കിയ നവീനകവിത്രയം. ആ അരുണ ദശകത്തിന്റെ മുന്നണിപ്പോരാളിയായി അറിയപ്പെട്ട ഒ.എൻ.വി. അടിച്ചമർത്തപ്പെട്ട തൊഴിലാളി വർഗ്ഗത്തിന്റെ വേദനകളെ നാടൻ ശീലുകളിൽ സംഗീതസാന്ദ്രമായി ആവിഷ്കരിച്ച് ആവർഗ്ഗത്തിന്റെ വിമോചന സ്വപ്നഗായകനായിത്തീർന്നു. അക്കാലത്തെ അദ്ദേഹത്തിന്റെ രചനകളെല്ലാം ജനങ്ങളെ ആവേശഭരിതരാക്കുകയും പുതിയൊരു ലോകക്രമം സ്വപ്നം കാണാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു.

നമ്മളുകൊയ്യും വയലെല്ലാം
നമ്മുടെതാകും പൈങ്കിളിയേ...
എന്നും,
പൊന്നരിവാളമ്പിളിയില് കണ്ണെറിയുന്നോളേ
ആ മരത്തിൻ പൂന്തണലില് വാടി നിൽക്കുന്നോളേ..

എന്നുമെല്ലാമുള്ള ഗാനങ്ങളാണ് ഉദാഹരണങ്ങൾ.

എന്നാൽ, തന്റെ കാൽപനികതയിൽ ചാലിച്ച സങ്കൽപത്തിനനുസരിച്ച് സമത്വസുന്ദരപാതയിലേക്ക് നാട് ത്വരിതഗമനം ചെയ്യാത്തതിൽ ആ മനസ്സ് അസ്വസ്ഥമായി. അങ്ങനെയാണ് ആ സർഗ്ഗചേതന മോഹഭംഗത്തിന് വിധേയമായി കൊച്ചുദു:ഖത്തിന്റെ പച്ചത്തുരുത്തിൽ താൽക്കാലികമായെങ്കിലും പറന്നണഞ്ഞത്.

ഭൂമികന്യയെ വേൾക്കാൻ
വന്ന മോഹമേ-യിന്ദ്ര
കാർമുകമെടുത്തുനീ
കുലച്ചു തകർത്തെന്നോ

എങ്കിലും ദാരിദ്ര്യവും തൊഴിലില്ലായ്മയും ചവിട്ടിമെതിച്ച ജീവിതങ്ങളെ അദ്ദേഹം കാണാതിരുന്നില്ല. ദരിദ്ര കുടുംബത്തിൽ നിന്ന് സ്കൂളിൽ പോകുന്ന ഒരു പിഞ്ചുകിഞ്ഞിന്റെ ദു:ഖം കവി അവതരിപ്പിക്കുന്നത് ശ്രദ്ധിക്കുക. ബസ്സിറങ്ങുമ്പോൾ കയ്യിൽ നിന്ന് വീഴ ചോറ്റുപാത്രത്തിലെ ഭക്ഷണം തെറിച്ചുപോയി. ആ കുട്ടിയുടെ കണ്ണു നിറഞ്ഞത് ഉച്ചയ്ക്ക് പട്ടിണിയാവും എന്നു കരുതിയല്ല, മറിച്ച് പാത്രത്തിലുണ്ടായിരുന്ന കപ്പക്കഷണങ്ങൾ ആളുകൾ കണ്ടുപോയാല്ലോ എന്നോർത്താണ്. (കവിത-കൊച്ചുദു:ഖം). പഠിച്ചിരുന്ന കാലത്ത് മനുഷ്യാവകാശങ്ങളെപ്പറ്റി ഉജ്ജ്വലപ്രഭാഷണങ്ങൾ നടത്തിയിരുന്ന തന്റെ സമർത്ഥനായ ശിഷ്യൻ തെരുവുപാതയിൽ ഏതോ ഉത്തരേന്ത്യൻമില്ല് ചവച്ചുതുപ്പിയ തുണിത്തരങ്ങൾ തുച്ഛവിലയ്ക്ക് വിൽക്കുന്നതുകണ്ടപ്പോൾ ഇവിടെ മനുഷ്യനും ബിരുദങ്ങൾക്കും തുച്ഛവിലപോലുമില്ലല്ലോ എന്ന് കവി ഓർത്തുപോകുന്നു. യുവാക്കളുടെ മനസ്സ് സ്വപ്നങ്ങലുടെ ശ്മശാനങ്ങളാവുന്നതിൽ കവി അസ്വസ്ഥനാണ് (കവിത-ഓണക്കാഴ്ച).

ചൂഷണങ്ങളും യുദ്ധവും പ്രകൃതി ധ്വംസനവുമെല്ലാം ഒ.എൻ.വിയെ വിഹ്വലതകളുടെ വിക്ഷുബ്ധതയിലേക്ക് നയിച്ചിരുന്നു. ലോകത്തെവിടെ മനുഷ്യത്വം ചവിട്ടിമെതിക്കപ്പെടുമ്പോഴും ഈ കവിക്ക് വെറുതെ നോക്കിയിരിക്കാനാവില്ല. സാമ്രാജ്യത്വത്തിന്റെ മഹാ ക്രൂരതകൾക്കുനേരെയും ഈ മലയാള കവി ശക്തമായി പ്രതികരിച്ചിട്ടുണ്ട്. പ്രകൃതിയുമായി ആത്മബന്ധം പുലർത്തുന്ന കവിതകളാണ് ഒ.എൻ.വി. കുറുപ്പിന്റേത്. കാൽപ്പനികതയുടെ മുഗ്ധതയും തരളതയും കലർന്ന രീതിയിലാണ് പ്രകൃതി പ്രതിപാദനം നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. കവിതയുടെ ആന്തരിക പ്രകൃതിയുമായി ഒത്തിണങ്ങിപ്പോകുന്ന പ്രകൃതി ചാരുതകളുടെ ആവിഷ്കരണം ഈ കവിതകളുടെ മുഖ്യ സവിശേഷതയാണ്. ചോറൂണ്, ശ്രാവണസംഗീതം ഇവയാണ് നല്ല ഉദാഹരണങ്ങൾ. പ്രകൃതിയുടെ സൂക്ഷ്മ ഭാവങ്ങളിലേയ്ക്ക് കടക്കുന്ന കവി നമ്മുടെ ജീവിതാനുഭവങ്ങൾക്കും പാരമ്പര്യങ്ങൾക്കും മിഴിവേകുന്നു.

ഒ.എൻ.വി. കവിതയുടെ ആന്തരിക സൗന്ദര്യമായി വിരാജിക്കുന്നതും ഈ പ്രകൃതി സൗന്ദര്യമാണ്. അതിനു സംഭവിക്കുന്ന നേരിയ പോറൽ പോലും കവിക്ക് ഉൾക്കൊള്ളാനാകുന്നില്ല. ഇത്തിരിവട്ടം ചിന്തിക്കുന്ന മനുഷ്യർ കേരളീയ പ്രകൃതിയിൽ വരുത്തിയ നശീകരണ പ്രവൃത്തികളും ചൂഷണങ്ങളും വിവരണാതീതമാണ്. പ്രകൃതിക്കു മേലുള്ള ഈ കടന്നു കയറ്റം ഒ.എൻ.വി. കുറുപ്പിനെ ഏറെ വേദനിപ്പിച്ചു. ക്രാന്തദർശിത്വമല്ലായ്മയോ, അശാസ്ത്രീയമായ പരിഷ്കാര ഭ്രമമോ കേവലമായ ലാഭേച്ഛയോ കാരണം പ്രകൃതിയുടെ സന്തുലിതാവസ്ഥ തന്നെ തകിടം മറിക്കപ്പെട്ടിരിക്കുന്നു. ഈയൊരു മാറ്റം പ്രകൃതി സ്നേഹികളെയെന്ന പോലെ കവിയെയും അസ്വസ്ഥനാക്കി. ബാഹ്യ പ്രകൃതിക്കു സംഭവിച്ച ഈ മാറ്റങ്ങൾ ജനങ്ങളുടെ മനസ്സിനെയും മൂല്യ ബോധത്തെയും ബാധിക്കുക സ്വാഭാവികമാണ്. പ്രകൃതിയുടെ നൈർമല്യവും സരളവും പാരമ്പര്യവും തനിമയും സൗന്ദര്യവുമെല്ലാം നഷ്ടമാകുന്നു. മണ്ണും വെള്ളവും വായുവുമെല്ലാം മാലിന്യം നിറഞ്ഞതായി. കൂറ്റൻ യന്ത്രങ്ങളും ഫാക്ടറികളും പടക്കോപ്പു നിർമ്മാണ ശാലകളുമൊക്കെക്കൊണ്ട് പ്രകൃതി കളങ്കപ്പെട്ടു. ഈയൊരു മാറ്റം കാൽപ്പനിക ഭാവുകത്വത്തിന്റെ സാന്ദ്രഭാവങ്ങളും മലയാളത്തനിമയുടെ സൂക്ഷ്മരേണുക്കളും മനസ്സിൽ സൂക്ഷിക്കുന്ന ഒ.എൻ.വി. യെപ്പോലുള്ള കവികൾ സൃഷ്ടിക്കുന്ന ആഘാതത്തിന്റെ ആവിഷ്ക്കരണങ്ങളാണ് ഭൂമിക്കൊരു ചരമഗീതം തുടങ്ങിയ പ്രഖ്യാത രചനകൾ.

പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തുന്ന വിവേകരഹിതമായ അതിക്രമങ്ങൾക്കുനേരെയുള്ള ശക്തമായ സർഗ്ഗാവിഷ്കാരമാണ് ഭൂമിക്കൊരു ചരമഗീതം. ഒ.എൻ.വി. കവിതകളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടതും അംഗീകാരം നേടിയതുമായ രചനകളിലൊന്നാണിത്. തങ്ങളിലിണങ്ങാത്ത സന്തതികളെ നൊന്തു

പെറ്റ ഒരമ്മയുടെ ദുരന്തം അതിശക്തമായി വായനക്കാരന്റെ മനസ്സിൽ വന്നലയ്ക്കുന്നു. ധനാർത്തിയും സ്വാർത്ഥതയും കൊണ്ട് അന്ധരാക്കപ്പെട്ട സ്വന്തം മക്കളാൽ പിച്ചിച്ചീന്തപ്പെട്ട ഭൂമാതാവ്. ഈയൊരവസ്ഥ ഓരോ ജീവ കണികയേയും കരാള മൃത്യുവിൽ കൊണ്ടെത്തിക്കുന്നു. അതുപോലെ ഗ്രാമീണ ചാരുതകൾക്ക് സംഭവിച്ച വ്യതിയാനങ്ങളോട് കവിമനസ്സിന് പൊരുത്തപ്പെടാനാവുന്നില്ല ഒരു പഠനക്കുറിപ്പിൽ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തുന്നു. എവിടെയൊക്ക ചുറ്റിത്തിരിഞ്ഞാലും ഇടയ്ക്കിടെ തള്ളയുടെ അകിടു നോക്കിപ്പായുന്ന ആട്ടിൻകുട്ടിയെപ്പോലെ മനസ്സ് ബാല്യത്തിന്റെ മേച്ചിൽപ്പുറം തെരഞ്ഞു പോകുന്നു. അങ്ങനെയിരിക്കെ ആ തള്ളയെ കാണാതെ വന്നാൽ ആട്ടിൻകുട്ടിക്കുണ്ടാകുന്ന സങ്കടത്തോടെ ഞാനിന്നോർക്കുന്നു. എന്റെ ബാല്യം മേഞ്ഞു നടന്ന ആ ഗ്രാമം ഇന്നില്ല. അതിന്റെ ഫോസിൽ മാത്രമാണിവിടെയുള്ളത്.

വൈവിദ്ധ്യമാർന്ന പ്രമേയങ്ങൾ സ്വീകരിക്കുമ്പോഴും പ്രതിപാദനരീതിയിൽ കാര്യമായ വ്യത്യാസം കാണുന്നില്ല. ഖണ്ഡ കാവ്യ രൂപത്തിൽ വാർന്നുവീണ ഉജ്ജയിനിയും സ്വയംവരവുമൊക്ക അതിന്റെ തെളിവുകളാണ്. കാൽപ്പനികത നിറം പിടിപ്പിച്ച ശൈലിയിലാണ് ഈ കൃതികൾ രചിച്ചിട്ടുള്ളത്. ഉജ്ജയിനിയിലെ നായികാനായകന്മാരുടെ പ്രണയകഥ കാളിദാസന്റെ കൃതുകളിലന്വേഷിച്ചു കണ്ടെത്തിയ ധാരണകളിന്മേൽ രൂപപ്പെട്ടിട്ടുള്ളതാണ്. എന്നാൽ മഹാഭാരതത്തിലെ ഒരു കഥയുടെ പുനഃരാഖ്യാനമാണ് സ്വയംവരം. യയാതീ പുത്രിയായ മാധവിയുടെ ജീവിതത്തിൽ വന്നുഭവിച്ച ദുരന്തങ്ങളുടെ കഥ വ്യാസന്റെ വരികൾക്കിടയിലെ മൗനത്തിന്റെ ഇതൾ വിടർത്തി കണ്ടത്താനുള്ള ശ്രമമാണ് കവിയുടേത്. പൗരാണിക കഥാ സന്ദർഭത്തെ നവീനമായ ഒരു ദർശനപക്ഷത്തു നിന്ന് അവതരിപ്പിക്കുന്ന സ്വയംവരം സ്ത്രീയുടെ ആത്മാഭിമാനത്തിനേറ്റ പോറൽ തീക്ഷ്ണമായി അനുഭവിപ്പിക്കുന്നു. കൊടിയ അപമാനങ്ങൾക്കു വിധേയയായ ആ പുരാണ നായിക എല്ലാ ലൗകിക പ്രലോഭനങ്ങളോടും വിട ചൊല്ലി പ്രകൃതിയുടെ ഭാഗമായി ചേരുകയാണ്. ഗോതമ്പുമണികൾ എന്ന കവിതയിലും പെണ്ണായി പിറന്നതിന്റെ വേവലാതികൾ മനസ്സിൽ കൊണ്ടു നടക്കുന്ന ഒരു ഉത്തരേന്ത്യൻ പെൺകുട്ടിയുടെ വിഹ്വലതകളാണ് അവതരിപ്പിച്ചിട്ടുള്ളത്.

ഈ ആഗോളവൽക്കരണത്തിന്റെ പെരുവെള്ളപ്പാച്ചിലിൽ നമ്മുടെ തനിമകളും പാരമ്പര്യങ്ങളും വിസ്മരിച്ചു കൂട. കവിതയിലൂടെ ആ ആർജ്ജിത സംസ്കാരത്തെ നാം ശേഖരിച്ചു സൂക്ഷിക്കേണ്ടതുണ്ട്. ആ മഹത്തായ ദൗത്യം ഒരു കവിയെന്ന നിലയിൽ ഒ.എൻ.വി. സമർത്ഥമായി നിർവ്വഹിക്കുന്നുണ്ട്. കവി ഉൽക്കണ്ഠയോടെ പറയുന്നത് ശ്രദ്ധിക്കാം കടന്നുവരുന്ന പുത്തൻ പരിഷ്ക്കാരം നമ്മുടെ സംസ്ക്കാരത്തെയാകെ അട്ടിമറിക്കും. ചപ്പിലക്കിളി അരയന്നത്തിന്റെ നടത്തം പഠിക്കാൻ പോയ കഥയാണ് ഓർമ്മ വരുന്നത്. കവിത അതിന്റെ മണ്ണ് മറന്നുപോയി, ആകാശത്തേക്കൊട്ടുയർന്നുമില്ല എന്ന അവസ്ഥ പല ഭാഷകളിലും സംഭവിക്കുന്നുണ്ട്. സ്വന്തം മാതൃഭാഷയെ മറന്നുകൊണ്ട് മേനി മടിക്കുന്നവരെ കവി ഓർമ്മിപ്പിക്കുന്ന വസ്തുതകൂടി.

തീർച്ചയായും ഭാഷയിലല്ലാതെ ഒരു ജനത ജീവിക്കുന്നില്ല. ഭാഷ സംസ്ക്കാരമാണ്. ജീവിതം തന്നെയാണ് ഭാഷയിലെ വാക്കുകൾ പലതും ചരിത്ര നുറുങ്ങുകളാണ്. അപ്പോൾ ഭാഷയെ മറക്കുന്ന ജനത സ്വന്തം തനിമയെ മറക്കുകയാണ്. സ്വന്തം പേരും വിലാസവും മറന്നു നിൽക്കുന്നഒരു അൾഷൈമേഴ്സ് രോഗിയെപോലെ. ◆

പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ പൊതുജന സമ്പർക്ക പരിപാടി

പുതുതലമുറക്ക് പരിചിതമല്ലാതാകുന്ന മുറം നിർമാണം മുതൽ പുതുതലമുറയുടെ ബഹിരാകാശ ശാസ്ത്ര സാങ്കേതിക നേട്ടമെന്ന് വിശേഷിപ്പിക്കാവുന്ന മംഗൾയാൻ വരെ പൊതുജനങ്ങൾക്കുമുന്നിലെത്തിച്ചിരിക്കുകയാണ് പ്രസ് ഇൻഫർമേഷൻ ബ്യൂറോ 2014 നവംബർ അവസാന വാരം തിരുവനന്തപുരം ജില്ലയിൽ വിതുരയിൽ ഒരുക്കിയ പൊതുജനസമ്പർക്കപരിപാടിയിലൂടെ. സ്കൂൾ കുട്ടികളുടെയും പൊതുജനങ്ങളുടെയും ഉൾപ്പെടെ വൻതിരക്കാണ് പ്രദർശന സ്റ്റാളുകളിൽ ഉണ്ടായത്.

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും കേന്ദ്ര ബജറ്റിനെക്കുറിച്ചും വിശദീകരിക്കുന്ന വിപുലമായ പ്രദർശന സ്റ്റാളാണ് കേന്ദ്ര പരസ്യപ്രചരണ വിഭാഗമായ ഡിഎവിപി ഒരുക്കിയിരുന്നത്. ഐഎസ്ആർഒ ഒരുക്കിയ പ്രദർശന സ്റ്റാളിൽ വിവിധ റോക്കറ്റുകളുടെ മാതൃകകളും, മംഗൾയാൻ വിശദമാക്കുന്ന ടിവി പ്രദർശനവും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഉപകാരപ്രദമായി.

അക്ഷയകേന്ദ്രം ഒരുക്കിയ സ്റ്റാളിൽ സാധാരണ അക്ഷയകേന്ദ്രത്തിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എല്ലാം ഒരുക്കിയിരുന്നു. ആധാർ രജിസ്ട്രേഷൻ ഫോറം, ജാതി, കമ്മ്യൂണിറ്റി, താമസം, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ, ആർടി ഓഫീസ്, പാസ്പോർട്ട് ഓഫീസ്, ആം ആദ്മി ബീമാ യോജന തുടങ്ങി നിരവധി സേവനങ്ങൾ ലഭ്യമാക്കിയിരുന്നു.

കയർഫെഡ് സ്റ്റാളിലാകട്ടെ ചകിരിനാരുകൾകൊണ്ട് നിർമിച്ച ചെടികൾ വളർത്താനുള്ള പൂച്ചെട്ടികളും, അലങ്കാരസസ്യങ്ങൾക്കുള്ള പ്രത്യേകദണ്ഡുകളും കിളിക്കൂടുകളും തുടങ്ങി ഇതരകയർ ഉത്പന്നങ്ങളും, ജൈവവളങ്ങളും 10 മുതൽ 15 ശതമാനം വരെ വിലക്കിഴിവിൽ സ്റ്റാളിൽ നിന്നും നേരിട്ട് വിൽപന നടത്തി.

പ്രദർശന സ്റ്റാളുകളിലെ മുഖ്യ ആകർഷണമായിരുന്നു കെഎസ്ഇബിയുടെ പ്രവർത്തനം വിശദമാക്കിയിരുന്ന സ്റ്റാൾ. അണക്കെട്ടുകളിൽ നിന്നുള്ള ജലവൈദ്യുത ഉദ്പാദനം മുതൽ കാറ്റാടിവൈദ്യുതോദ്പാദനം വരെ വിശദീകരിക്കുന്ന മാതൃകകൾ സ്റ്റാളിലുണ്ടായിരുന്നു. വിവിധ വൈദ്യുതി ഉപകരണങ്ങളും, വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാനുള്ള സുരക്ഷിത മാർഗങ്ങളെക്കുറിച്ചുള്ള അറിവും സ്റ്റാളിൽ നിന്നും നൽകി..

എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ഒരുക്കിയ സ്റ്റാളിൽ എച്ച്ഐവി ബാധയെക്കുറിച്ചുള്ള ബോധവൽക്കരണ ലഘുലേഖകളും ലഭ്യമായിരുന്നു. വിദ്യാലയങ്ങളിലെ 'സ്റ്റുഡന്റ് പോലീസ് കേഡറ്റ്'(എസ്പിവി)പദ്ധതിയക്കുറിച്ച് അറിവുനൽകാൻ വിതുര വൊക്കേഷണൽ ആന്റ് ഹയർസെക്കന്ററി സ്കൂളിലെ എസ്പിവിയും സജീവമായിരുന്നു. തദ്ദേശീയ കരകൗശല ഉൽപന്നങ്ങളായ മുറം, വട്ടി, വിവിധ അല

ങ്കാര വസ്തുക്കൾ എന്നിവയുടെ സ്റ്റാളുമായി വിതുര പഞ്ചായത്ത് അംഗൻവാടി സ്റ്റാളും തങ്ങളുടെ സാന്നിദ്ധ്യമറിയിച്ച് രംഗത്തുണ്ടായിരുന്നു. അമൃതം പോഷകാഹാര പൊടി ഉപയോഗിച്ച് പാകംചെയ്ത ഇഡ്ഡലി, ചപ്പാത്തി, ഓംലെറ്റ്, ദോശ, പൂരി എന്നിവ സ്റ്റാളിലെ പ്രധാന ആകർഷണമായിരുന്നു. ശുദ്ധജല മത്സ്യങ്ങളുടെ കുടലിൽ നിന്ന് നിർമ്മിക്കുന്ന ശസ്ത്രക്രിയാ നൂലുകൾ മുതൽ ഫിഷ് സൂപ്പ്, പപ്പടം തുടങ്ങി വിവിധ മത്സ്യ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവുമായി വെല്ലിംഗ്ടൺ ഐലന്റിലെ സെൻട്രൽ ഇൻഡസ്ട്രിയൽ & ഫിഷറീസ് ടെക്നോളജിയുടെ സ്റ്റാളും ശ്രദ്ധേയമായിരുന്നു. ഓൺലൈൻ ലോട്ടറി തട്ടിപ്പുകളെക്കുറിച്ചുള്ള ബോധവൽക്കരണം ഉൾപ്പെടെ വിവിധ സേവനങ്ങളെക്കുറിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്റ്റാളും പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകി. പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ വിവിധ പാർസൽ സേവനങ്ങളെക്കുറിച്ചുള്ള സ്റ്റാളും പവലിയനിലുണ്ടായിരുന്നു. ലഹരി വസ്തുക്കൾക്കെതിരായ ബോധവൽക്കരണമടങ്ങിയ എൽസിഡി

പ്രദർശനവും, മയക്കുമരുന്ന്, മദ്യം, പാൻ മസാല തുടങ്ങിയവയുടെ ഭവിഷ്യത്തുകൾ വിശദീകരിക്കുന്ന ഫോട്ടോ പ്രദർശനവുമൊരുക്കി കേരള എക്സൈസ് വകുപ്പിന്റെ സ്റ്റാളും ഉണ്ടായിരുന്നു.

പ്രധാൻമന്ത്രി ജൻ ധൻ യോജന പ്രകാരം ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവൽക്കരിക്കാൻ വിവിധ ബാങ്കുകളുടെ സ്റ്റാളുകൾ സജീവമായിരുന്നു. കേരള ഗ്രാമീൺ ബാങ്ക്, കനറാ ബാങ്ക്, ഇന്ത്യൻ ബാങ്ക്, എസ്ബിടി എന്നിവയുടെ സ്റ്റാളുകളാണ് ഇതിലുണ്ടായിരുന്നത്. നബാർഡിനെക്കുറിച്ചുള്ള അറിവുകൾ നൽകി, മെഴുകുതിരി നിർമ്മാണ യൂണിറ്റുമായി നെയ്യാറ്റിൻകര ഇന്റഗ്രൽ ഡവലെപ്മെന്റ് സൊസൈറ്റി (എൻഐഡിഎസ്)യും സ്റ്റാളിലു

ണ്ടായിരുന്നു.

റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന സ്റ്റാളിൽ റബ്ബർ കൃഷിരീതികളെക്കുറിച്ച് വിശദീകരിക്കുന്ന പുസ്തകങ്ങളും ലഭ്യമാക്കിയിരുന്നു.

ജവഹർലാൽ നെഹ്റു ട്രോപിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പാലോട് ഒരുക്കിയ സ്റ്റാളിൽ ഇരപിടിയൻ സസ്യം എന്നറിയപ്പെടുന്ന നെപ്പാന്തസ് പ്രദർശിപ്പിച്ചിരുന്നു. ആസ്തമക്കും വാതത്തിനും ഔഷധമായി ഉപയോഗിക്കുന്ന ഊറാവ് മരവും, നീർമാതളം, വള്ളിക്കാഞ്ഞിരം, മരമഞ്ഞൾ എന്നീ സസ്യങ്ങളും, വിവിധ ചിത്രങ്ങളും പ്രദർശിപ്പിച്ചിരുന്നു. സർവ ശിക്ഷ അഭിയാന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന എസ്എസ്എ സ്റ്റാളിൽ മൊബൈൽ ഫോൺ ടെക്നോളജി ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന വിദൂര നിയന്ത്രിത ഗാർഹിക മോട്ടോർ പമ്പിംഗ് സംവിധാനം ഒരുക്കി നന്ദിയോട് എസ്.കെ.വി. ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ മാതൃകയായി. ബി.ആർ.സി. പാലോടിന്റെയും ബിഎസ്എൻഎല്ലിന്റെയും സ്റ്റാളുകളും പവലിയനിലുണ്ടായിരുന്നു. വനശ്രീ, കേരള ഖാദി ആന്റ് വില്ലേജ് ഇൻഡ്രസ്ട്രീസ്, കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം എന്നിവയുടെ സഞ്ചരിക്കുന്ന പ്രദർശന യൂണിറ്റുകളും പൊതുജനസമ്പർക്കപരിപാടിയുടെ ഭാഗമായി പ്രദർശന നഗരിയിൽ ഒരുക്കിയിരുന്നു. ചുരുക്കത്തിൽ വിവിധ സ്റ്റാളുകളിലൂടെ നിരവധി അറിവുകളും, കാണാക്കാഴ്ചകളും വിതുരക്കാരുടെ വീട്ടുമുറ്റത്തെത്തിക്കുവാൻ ഈ പൊതുജനസമ്പർക്ക പരിപാടിയിലൂടെ കഴിഞ്ഞു. ◆

സേവാഗ്രാം

ഒരുനിശബ്ദ ജനകീയ ജനാധിപത്യ വിപ്ലവം

ആര്യൻകോട് ഗ്രാമപഞ്ചായത്ത്-സമ്പൂർണ്ണ അയൽസഭ, സമ്പൂർണ്ണ വാർഡ് വികസനസമിതി, സ്വന്തം കെട്ടിടത്തിൽ ഗ്രാമകേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കിയ സംസ്ഥാനത്തെ ആദ്യ ഗ്രാമപഞ്ചായത്ത്

73, 74 ഭരണഘടനാ ഭേദഗതികൾ രണ്ട് ദശകം പിന്നിടുന്ന വേളയിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലേയ്ക്ക് ഒരു തിരിഞ്ഞ് നോട്ടം നടത്തിയാൽ നിരവധി വികസന മാതൃകകളെ പൊതു സമൂഹത്തിന് നൽകിയ കേരളത്തിൽ പോലും ജനപങ്കാളിത്തം പരിമിതമാണെന്ന് കാണാം. ലഭിച്ച അധികാരങ്ങൾ കാര്യക്ഷമമായും നീതിപൂർവ്വമായും സുതാര്യമായും വിനിയോഗിച്ചു കൊണ്ട് മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ജനവിശ്വാസ്യതയും അംഗീകാരവും നേടാനാകൂ.

ഭരണഘടനാ പിൻബലമുള്ള ഏറ്റവും ചെറിയ ജനകീയ സംഘടനാ സംവിധാനമായ ഗ്രാമ സഭകളിലെ ജനപങ്കാളിത്തവും തീരുമാനമെടുക്കൽ പ്രക്രിയയുമെല്ലാം ഇന്ന് ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന വേദികളായി മാറുന്ന തോന്നലുകളുണ്ടാക്കുന്ന സാഹചര്യത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വരുൾപ്പെടെയുള്ള അടിസ്ഥാന ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കി ഗ്രാമത്തിന്റെ സമഗ്രവും സുസ്ഥിരവുമായ അടിത്തട്ടിലെ ജനകീയ സംവിധാനം ശക്തമാക്കുന്നതിന് 12-ാം പഞ്ചവത്സരപദ്ധതി പ്രവർത്തന മാർഗരേഖയിൽ സ്വാശ്രയ - സ്വയംപര്യാപ്ത - സ്വയം നിർണ്ണയാധികാരങ്ങളോടു കൂടിയ 'സേവാഗ്രാം' പദ്ധതി ലക്ഷ്യം വയ്ക്കുന്നത് പ്രത്യാശ പകരുന്നു.

പ്രാദേശിക ഭരണത്തിൽ നിന്ന് പൗരഭരണത്തിലേയ്ക്ക്

പഞ്ചാബ്, ബീഹാർ, യു.പി, എം.പി, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലെ ഗ്രാമ പഞ്ചായത്തുകളുടെ ശരാശരി ജനസംഖ്യ 1200 മുതൽ 2000 വരെയും, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളായ പശ്ചിമ ബംഗാൾ, മണിപ്പൂർ തുടങ്ങിയവയിൽ 5000 വുമാകുമ്പോൾ കേരളത്തിൽ 25000 എന്നത് താരതമ്യം ചെയ്യപ്പെടുമ്പോൾ കേരളത്തിലെ ഒരു വാർഡിന്റെ വലിപ്പം മാത്രമുള്ള ഗ്രാമപഞ്ചായത്തുകളുള്ള ഉത്തരേന്ത്യയിൽ സൂക്ഷ്മതല ഭരണത്തിന് ശക്തി പകരാൻ പ്രാദേശിക ഭരണകൂടങ്ങളുടെ വലിപ്പം കുറയുന്നത് സഹായകരമാകുമെന്നതിൽ തർക്കമില്ല. പ്രാദേശിക ഭരണകൂടം എന്നതത്വം പ്രാവർത്തികമാക്കപ്പെടുമ്പോൾ ജനങ്ങൾക്ക് ഭരണകൂടത്തി

കില ഡയറക്ടർ ഡോ. പി.പി. ബാലൻ

ലേക്കുള്ള സാമീപ്യവും പ്രാപ്യതയും വർദ്ധിക്കുന്നു.

ജനപ്രതിനിധികളിൽ തെരഞ്ഞെടുപ്പിലൂടെ നാം നൽകുന്ന അധികാരം പലപ്പോഴും ദുർവിനിയോഗം ചെയ്യപ്പെടുമെന്ന ആശങ്കനിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ ജനാധിപത്യത്തിൽ നിന്നും പൗരാധിപത്യത്തിലേയ്ക്കുള്ള ചവിട്ടുപടിയാണ് 'സേവാഗ്രാം'. ഇവിടെ ജനങ്ങൾ നേരിട്ട് അടിസ്ഥാന ജനാധിപത്യ പ്രക്രിയയ്ക്ക് നേതൃത്വം വഹിക്കുന്നു എന്നതാണ് പ്രത്യേകത. 'സർവ്വോദയം', 'അന്ത്യോദയം' തുടങ്ങിയ ഗാന്ധിയൻ സങ്കല്പങ്ങൾ യഥാർത്ഥ്യമാക്കാനുള്ള എറ്റവും അടിത്തട്ടിൽ നിന്നും പടിപടിയായി രാഷ്ട്ര നിർമ്മാണം നടത്തുന്ന സ്വാശ്രയത്വത്തിനും സ്വയം നിർണയാവകാശത്തിനും പ്രാധാന്യം നൽകുന്ന പദ്ധതിയാണിത്.

'സേവാഗ്രാം' – ഗ്രാമകേന്ദ്രം

ഗ്രാമസഭാ തീരുമാനങ്ങൾ കൃത്യമായും കാര്യക്ഷമമായും അർത്ഥപൂർണമായും നടപ്പിലാക്കാൻ ഗ്രാമസഭാംഗങ്ങൾക്ക് നിരന്തരമായി ചർച്ചചെയ്യാനും വിലയിരുത്താനുമുള്ള വാർഡിന്റെ ഒരു സ്ഥിരം ആസ്ഥാനമാണ് 'സേവാഗ്രാം'-ഗ്രാമകേന്ദ്രം. വാർഡ് തലത്തിലുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തന ഏകോപന കേന്ദ്രമായും ഇവമാറും.കൂടാതെ വാർഡ് വികസന സമിതി ,കുടുംബശ്രീ എഡിഎസ്,ജാഗ്രതാസമിതി,വാർഡ് ആരോഗ്യശുചിത്വസമിതി, പെയിൻ&പാലിയേറ്റീവ് കെയർ, സാക്ഷരതാസമിതി തുടങ്ങിയവയുടെ ആസ്ഥാനവുമായിരിക്കും.

ഗ്രാമപഞ്ചായത്താഫീസിന്റെ ഉപകേന്ദ്രം എന്ന നിലയിൽ ആഴ്ചയിൽ 5 ദിവസം 3 pm മുതൽ 7 pm വരെ ഗ്രാമപഞ്ചായത്ത് നിയോഗിക്കുന്ന സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ പഞ്ചായത്താഫീസിൽ സമർപ്പിക്കാവുന്ന അപേക്ഷകൾ സ്വീകരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വിവിധ നികുതികൾ ശേഖരിക്കുന്നതിനുമുള്ള സൗകര്യം ക്രമീകരിക്കാവുന്നതാണ്.കൂടാതെ വിവിധ സർക്കാർ-പഞ്ചായത്ത് തല അറിയിപ്പുകൾ പൊതുജനങ്ങൾക്ക് നൽകാൻ കഴിയുന്ന Information Cen-tre കളായും ഇവ മാറും.

വാർഡ് വികസന സമിതി

ഗ്രാമകേന്ദ്രം പ്രവർത്തിപ്പിക്കുന്ന ചുമതലയ്ക്ക് പുറമെ വാർഡിന്റെ സമഗ്രവികസന പദ്ധതികൾ തയ്യാറാക്കുന്നതിന്റെയും ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽകൊണ്ട് വരുന്നതിന്റെയും ചുമതല വാർഡ് വികസന സമിതിയ്ക്കാണ്. പട്ടികജാതി-വർഗ പ്രാതിനിധ്യവും സ്ത്രീ പ്രാതിനിധ്യവും വാർഡിലെ അയൽസഭകളുടെ 2 വീതം പ്രതിനിധികളുൾപ്പെടെ പരമാവധി 25 പേരടങ്ങുന്ന സമിതിയുടെ ചെയർമാൻ വാർഡ്മെമ്പറും കൺവീനർ തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗവുമായിരിക്കും. കാലാവധി രണ്ടര വർഷമാണ്. പ്രതിമാസയോഗങ്ങൾ കൃത്യമായി കൂടേണ്ടതും എല്ലാവിധ-വികസന ക്ഷേമപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നതോടൊപ്പം, സാമൂഹ്യതിൻമ

കൾക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കും, മതസൗഹാർദ്ദ സന്ദേശം പ്രചരിപ്പിക്കുന്നതിനും, ആരോഗ്യ-ശുചിത്വ പരിപാലന പ്രവർത്തനങ്ങൾക്കും, തർക്കപരിഹാരങ്ങൾക്കും മുൻകൈയെടുക്കേണ്ടതുമാണ്.

അയൽസഭ

ഓരോ വാർഡിലും അടുത്തടുത്ത 50 മുതൽ 100 വരെ വീടുകൾ ചേർന്ന് നിശ്ചിത അതിരുകൾ ഉള്ള ഭൂപ്രദേശങ്ങൾ പരിധികളാക്കി ഗ്രാമസഭയുടെ അംഗീകാരത്തോടെ അയൽസഭകൾ രൂപീകരിക്കേണ്ടതാണ്. 11 ആംഗ നിർവ്വാഹകസമിതി (6 സ്ത്രീകൾ നിർബന്ധം)യായിരിക്കും ദൈനംദിന പ്രവർത്തന നേതൃത്വം; ഒരു ചെയർമാനെയും കൺവീനറെയും തെരഞ്ഞെടുക്കുകയും വേണം (ഒരു സ്ഥാനം സ്ത്രീകൾക്ക് സംവരണം). രണ്ടര വർഷ കാലാവധിയുള്ള അയൽസഭകൾ നിർബന്ധമായും കുറഞ്ഞത് മാസത്തിലൊരിക്കലെങ്കിലും യോഗം കൂടേണ്ടതാണ്.ആയൽസഭയിൽ നിന്ന് ഓരോ സ്ത്രീയും പുരുഷനും വാർഡ് വികസന സമിതിയിലേയ്ക്ക് അയൽസഭാ പൊതുയോഗം നിയോഗിക്കേണ്ടതാണ്. അയൽസഭാ പ്രദേശത്തെ സമഗ്ര വികസന ക്ഷേമ പദ്ധതികൾ രൂപം നൽകുകയും നടപ്പിലാക്കാൻ നേതൃത്വം നൽകുകയുമാണ് പ്രധാന ദൗത്യം. കൂടാതെ റസിഡൻഷ്യൽ അസോസിയേഷൻ മാതൃകയിൽ അയൽസഭകൾ രജിസ്റ്റർ ചെയ്ത് ജനക്ഷേമപ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്.

ആര്യങ്കോട് സേവാഗ്രാം മാതൃക – ചരിത്രത്തിലേയ്ക്ക്

ഇൻഡ്യയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വളർച്ചയുടെ പന്ഥാവിൽ ഒരു നാഴികക്കല്ലാവുകയാണ് തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്ത്. കേരള സർക്കാരും, കില (Kerala Institute of Local Administration)യും വിഭാവന ചെയ്ത സേവാഗ്രാം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 16 വാർഡുകളിലും സ്വന്തം കെട്ടിടത്തിൽ ഗ്രാമകേന്ദ്രങ്ങൾ ക്രമീകരിക്കുകയും വാർഡ് വികസനസമിതികൾ രൂപീകരിക്കുകയും പഞ്ചായത്തിൽ ആകെ 88 അയൽസഭകൾ രൂപീകരിക്കുകയും ചെയ്തു കഴിഞ്ഞു. ഇതിനായി എല്ലാ വാർഡുകളിലും സ്പെഷ്യൽ ഗ്രാമസഭകളും നടത്തപ്പെട്ടു.

16 വാർഡ് മെമ്പർമാർ നേതൃത്വം കൊടുത്തിരുന്ന സ്ഥാനത്ത് 16 വാർഡ് വികസനസമിതി അംഗങ്ങളായി 400 പേരും 88 അയൽസഭാ പ്രതിനിധികളായി 968 പേരും ഉൾപ്പെടെ 1192 പേരുടെ കൈകളിലേക്ക് പഞ്ചായത്തിലെ ഭരണ പങ്കാളിത്തം എത്തി എന്നത് നിശബ്ദ ജനാധിപത്യ വിപ്ലവം തന്നെയാണ്. കൂടാതെ 16 ഗ്രാമ കേന്ദ്രങ്ങളിലൂടെ പഞ്ചായത്താഫീസിൽ കിലോമീറ്ററുകൾ താണ്ടി കാത്ത് നിൽക്കാതെ തങ്ങളുടെ സമയത്ത് അടുത്തുള്ള സേവാകേന്ദ്രം മുഖേന അപേക്ഷകൾ സമർപ്പിക്കാനും നികുതി അടയ്ക്കാനും സേവനങ്ങൾ ലഭ്യമാക്കാനുമുള്ള അവസരമാണ് ജനങ്ങൾക്ക് കൈവന്നിരിക്കുന്നത്. ജനങ്ങൾക്ക് സുതാര്യമായും സമയബന്ധിതമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഇന്റർനെറ്റ് ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു.

ഇൻഡ്യയിലാദ്യമായി സമ്പൂർണ്ണ അയൽസഭ രൂപീകരിച്ചതിന്റെയും വാർഡ് വികസനസമിതികൾ, ഗ്രാമ കേന്ദ്രങ്ങൾ എന്നിവ 100% യാഥാർത്ഥ്യമാക്കിയതിന്റെയും സംസ്ഥാന തല പ്രഖ്യാപനം 2014 നവംബർ 18 ചൊവ്വാഴ്ച പാറശ്ശാല എം.എൽ.എ. എ.റ്റി. ജോർജ് കില ഡയറക്ടർ ഡോ. പി.പി. ബാലന്റെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. ◆

മാണിക്കൽ ഗ്രാമപഞ്ചായത്തിന് (തിരുവനന്തപുരം ജില്ല) അംഗീകാരം

ഇന്ത്യാ ഗവൺമെന്റിന്റെ അഡ്വാൻസ്ഡ് പ്രൊഫഷണൽ പ്രോഗ്രാം ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ പരിപാടിയുടെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ നേതൃത്വത്തിൽ പന്ത്രണ്ടംഗ ഉദ്യോഗസ്ഥ സംഘം മാണിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസും അനുബന്ധസ്ഥാപനങ്ങളും സന്ദർശിച്ചു. കേന്ദ്ര ഗവൺമെന്റ് സർവീസിലെ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരുൾപ്പെടെയുള്ള സംഘം മാണിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെത്തി അവിടെ നടക്കുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നേരിട്ടുകണ്ട് മനസ്സിലാക്കി. മാലിന്യ സംസ്കരണം, സാന്ത്വന ചികിത്സ, ജലനിധി, കുടുംബശ്രീ-കൃഷിയൂണിറ്റുകൾ, സ്കൂളുകൾ, അങ്കണവാടി, ഭവനനിർമ്മാണ പദ്ധതികൾ തുടങ്ങിയവയെക്കുറിച്ച് മനസ്സിലാക്കിയ സംഘം, ഐ.എ.വൈ പദ്ധതി ഗുണഭോക്താക്കളുടെ ഭവനങ്ങൾ, തലയൽ ഗവ. എൽ.പി.എസ്, കുതിരകുളം അങ്കണവാടി, വിവിധ കുടുംബശ്രീ യൂണിറ്റുകളുടെ കൃഷിയിടങ്ങൾ, സാന്ത്വന ചികിത്സാ രോഗികളുടെ ഭവനങ്ങൾ, ജലനിധി പദ്ധതികൾ തുടങ്ങിയവ സന്ദർശിക്കുകയും വിവരങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്തു. മാണിക്കൽ ഗ്രാമപഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങളെ സംഘം മുക്തകണ്ഠം പ്രശംസിച്ചു. പഞ്ചായത്ത് അസി.ഡയറക്ടർ, ഐ.എം.ജി ഉദ്യോഗസ്ഥർ എന്നിവർ സംഘത്തെ അനുഗമിച്ചു. 24-11-2014 ന് രാവിലെ 10 മണിക്ക് ഗ്രാമപഞ്ചായത്തിലെത്തിയ സംഘത്തെ പ്രസിഡന്റ് കെ.ജയൻ, സെക്രട്ടറി എം.പി. പ്രമോദ് മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

24 കാരറ്റ് സ്വർണ്ണം പൂശിയ ഒരു ഫലകം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ ഉപഹാരമായി പഞ്ചായത്ത് പ്രസിഡന്റ് കെ.ജയന് സംഘാംഗങ്ങൾ സമ്മാനിച്ചു.

പത്തനാപുരം ഗ്രാമപഞ്ചായത്ത് (കൊല്ലം ജില്ല)

കൊല്ലം ജില്ലയിൽ പത്തനാപുരം ഗ്രാമപഞ്ചായത്തിൽ കുണ്ടയം വാർഡിൽ സേവാഗ്രാം ഗ്രാമകേന്ദ്രത്തിന്റെയും അയൽസഭ രൂപീകരണത്തിന്റെയും ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഫാത്തിമാഖാൻ നിർവ്വഹിച്ചു. വാർഡ് മെമ്പർ എം.ജിയാസുദീൻ അദ്ധ്യക്ഷത വഹിച്ചു. വാർഡിൽ ഏഴ് അയൽസഭകൾ രൂപീകരിക്കാനാണ് ഗ്രാമസഭായോഗം തീരുമാനിച്ചിട്ടുള്ളത്. ഗാന്ധി ജയന്തി ദിനത്തിലാണ് സേവാഗ്രാം ഗ്രാമ കേന്ദ്രത്തിന്റെയും അയൽസഭ രൂപീകരണത്തിന്റെയും ഉദ്ഘാടനം നിർവഹിക്കപ്പെട്ടത്.

വസ്തു നികുതി പരിഷ്ക്കരണം: തുറയൂർ ഗ്രാമ പഞ്ചായത്തിന് നേട്ടം

കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്ത് ജില്ലയിലെ വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ഒന്നാണ്. കെട്ടിട നികുതി, തൊഴിൽ നികുതി, കച്ചവട ലൈസൻസ് ഫീ എന്നിവ മാത്രമാണ് പഞ്ചായത്തിന്റെ തനത് വരുമാനം. 2012–13 സാമ്പത്തിക വർഷത്തിൽ കെട്ടിട നികുതി ഡിമാന്റ് കേവലം 6.25 ലക്ഷം മാത്രമായിരുന്നു. ഇത്രയും കുറച്ച് തനത് വരുമാനം കൊണ്ട് പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ നടത്തിയെടുക്കുക പ്രയാസകരമായിരുന്നു. അതുകൊണ്ട് തന്നെ പദ്ധതി പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് വകയിരുത്തിയിരുന്നില്ല.

ഈ സാഹചര്യത്തിലാണ് സർക്കാരിന്റെ കെ പി. രാജ് റൂൾ – ലെ ഭേദഗതി നിലവിൽ വന്നത്. പഞ്ചായത്ത് വസ്തു നികുതി പരിഷ്ക്കരിക്കുന്നതിന് അതായത് പഞ്ചായത്തിന് അധികാരം നൽകിയതോടെ, സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശം അടിസ്ഥാനമാക്കി പഞ്ചായത്ത് നികുതി പരിഷ്ക്കരണത്തിന് മുന്നിട്ടിറങ്ങി. പല എതിരഭിപ്രായങ്ങളും പല ഭാഗത്ത് നിന്നും ഉയർന്നു വരുന്ന സന്ദർഭം. ഔദ്യോഗിക യോഗങ്ങളിൽ നികുതി പരിഷ്ക്കരണം സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് നിർദ്ദേശിക്കുമ്പോഴും അനൗദ്യോഗികമായി വസ്തു നികുതി പരിഷ്ക്കരണം 2014–15 വർഷത്തിലേ നടപ്പാക്കാനാവൂ എന്ന അഭിപ്രായം വ്യാപകമായിരുന്നു. 2010–11 വർഷത്തിൽ നികുതി പരിഷ്ക്കരണം നടത്തി കൈ പൊള്ളിയ പഞ്ചായത്തുകളുടെ അനുഭവം പരിഷ്ക്കരണത്തിനു മുമ്പിൽ ചോദ്യചിഹ്നമായി നിലകൊണ്ടിരുന്നു.

എന്നിരുന്നാലും വകുപ്പ് മന്ത്രിയുടേയും പഞ്ചായത്ത് അസോസിയേഷന്റേയും നിലപാട് വസ്തു നികുതി പരിഷ്ക്കരണ ശ്രമത്തിന്റെ വേഗം കൂട്ടി. ഇപ്പോൾ പരിഷ്ക്കരണം നടത്തിയിട്ടില്ലെങ്കിൽ പിന്നീട് ഒരിക്കലും നടത്താനാവാത്ത അവസ്ഥ വരുമെന്നും. അത് ഇപ്പോൾ തന്നെ മൈനസ് ഫണ്ട് ബാലൻസുള്ള പഞ്ചായത്തിന് തീരാഘാതമായിരിക്കുമെന്നും വിലയിരുത്തപ്പെട്ടു. ലോകസഭാ തിരഞ്ഞെടുപ്പ് മുന്നിൽ ഉണ്ടെങ്കിലും നികുതി പരിഷ്ക്കരണവുമായി മുന്നോട്ട് പോവുന്നതിന് പഞ്ചായത്ത് ഭരണസമിതിയും പ്രസിഡന്റും എല്ലാവിധ സഹകരണവും നൽകി.

വിവര ശേഖരണ ഫോറങ്ങളും കെട്ടിടമുടകൾ സമർപ്പിച്ച റിട്ടേണുകളും പൊടി തട്ടിയെടുത്തു. വിട്ടുപോയ, ലഭ്യമല്ലാത്ത വിവരങ്ങളും റിട്ടേൺ ഫോറങ്ങളും പിരിവുദ്യോഗസ്ഥന്മാരുടേയും അംഗനവാടി പ്രവർത്തകരിലൂടെയും, സാക്ഷരതാ പ്രേരക്മാരിലൂടേയും, പഞ്ചായത്ത് മെമ്പർമാരിലൂടെയും യുദ്ധകാലാടിസ്ഥാനത്തിൽ ശേഖരിച്ചു. ലഭ്യമായ പഞ്ചായത്തിലെ സൗകര്യങ്ങൾ പരമാവധി വിനിയോഗിച്ച രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സഹായത്താൽ മുഴുവൻ വിവരങ്ങളും ഡാറ്റാ എൻട്രി നടത്തി. ഇന്റർനെറ്റിന്റെ വേഗതക്കുറവ്, സോഫ്റ്റ് വെയർ പ്രശ്നങ്ങൾ, തുടങ്ങി എല്ലാറ്റിനേയും അതിജീവിച്ച് 5500 കെട്ടിടങ്ങൾക്കും നികുതി പുനർനിർണ്ണയിച്ചു. ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ്, കില ഫാക്കൽറ്റികളായ ബഷീർ, മനോജ് എന്നിവരുടെ സഹായം അപ്പപ്പോൾ ലഭിച്ചുകൊണ്ടിരുന്നു.

മാർച്ച് ആദ്യവാരത്തോടെ ഡിമാന്റ് 'സഞ്ചയ'ത്തിൽ കൂടി ലഭ്യമായി. വളരെ ചിട്ടയോട് കൂടി നമ്മുടെ കുടുംബശ്രീ, സിഡിഎസ്, എഡിഎസ് വഴി ഓരോ വീട്ടിലും നോട്ടീസ് സർവ്വ് ചെയ്ത് മാർച്ച് 20ന് പഞ്ചായത്ത് തല നികുതി പിരിവ് ക്യാമ്പ് നടത്തി. 2013–14 വർഷം മുതൽ നികുതി പരിഷ്ക്കരണം നടത്തുന്നതിനാൽ നിലവിലുള്ള നികുതി പഞ്ചായത്ത് സ്വീകരിച്ചിരുന്നില്ല. ആയതിനാൽ പരിഷ്ക്കരിച്ച നികുതി അടക്കുന്നതിൽ പൊതുജനങ്ങൾക്ക് അവ്യക്തതയോ പരാതിയോ ഇല്ലായിരുന്നു. പഴയ നിരക്കിലുള്ള നികുതി 100% പിരിച്ചെടുക്കാൻ നിർദ്ദേശമുണ്ടായെങ്കിലും പഴയ നിരക്ക് പഞ്ചായത്ത് വാങ്ങാതെ മുഴുവൻ കെട്ടിടത്തിനും പുതുക്കിയ നിരക്കിൽ നികുതി വാങ്ങാൻ കഴിഞ്ഞു. മുൻ വർഷത്തെ നികുതി 6.25 ലക്ഷമായിരുന്നെങ്കിൽ വസ്തു നികുതി ഡിമാന്റ് 13 ലക്ഷത്തോളമായി വർദ്ധിച്ചു. അതായത് വർദ്ധന 100% അധികം. 2014 മാർച്ച് 31നകം 82% നികുതി പിരിച്ചെടുത്തു. അതായത് 10 ലക്ഷത്തോളം രൂപ പിരിവ് വന്നു. പഴയ നികുതി ഡിമാന്റായ 6.25 ലക്ഷം രൂപയ്ക്ക് പകരം 10 ലക്ഷം രൂപ.

1996–97ൽ നികുതി പരിഷ്ക്കരണം നടത്തിയതിനുശേഷം വിജയകരമായി പരിഷ്ക്കരണ പ്രവർത്തനം പൂർത്തിയാക്കിയപ്പോൾ അതൊരു നാഴികക്കല്ലായി മാറുകയായിരുന്നു. ലോകസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് നികുതിയിൽ വൻ വർദ്ധന വരുത്തിയത് തെരഞ്ഞെടുപ്പിൽ വിഷയമായി. സമീപ പഞ്ചായത്തുകളില്ലാത്ത നികുതി പരിഷ്ക്കരണം തുറയൂരിൽ മാത്രമോ? ചോദ്യത്തിന് മുമ്പിൽ നിസ്സഹായരായ മെമ്പർമാർ ഭരണസമിതി തീരുമാനത്തിൽ ഉറച്ചു നിന്നു. തെരഞ്ഞെടുപ്പ് ഫലത്തിന് ശേഷം പഞ്ചായത്തിലെ നികുതി പരിഷ്ക്കരണം തെരഞ്ഞെടുപ്പ് ഫലത്തെ ബാധിച്ചിട്ടില്ലെന്ന് പിന്നീടവർ സാക്ഷ്യപ്പെടുത്തുമ്പോൾ എത്രമാത്രം കുറ്റമറ്റതായിരുന്നു പരിഷ്ക്കരണം എന്ന് വ്യക്തമാവുന്നു. ◆

കേരളത്തിലെ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സെൻസസ് 2014 – 2015

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും, അവരുടെ പ്രശ്നങ്ങളും നമ്മുടെ സമൂഹത്തിന്റെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഷയമാണ്. വികസനവും, കരുതലും എന്ന സർക്കാർ നയം ഇതിന് അടിവരയിടുന്നു. ആയതിനാൽ ഈ വിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനും സമഗ്ര ഉന്നമനത്തിനും വൈകല്യം ഭാവിയിൽ കഴിയുന്നത്ര കുറയ്ക്കാനുതകുന്നതുമായ പദ്ധതികൾ വിഭാവനം ചെയ്തു നടപ്പാക്കുവാനായി കേരളത്തിലെ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സെൻസസ് നടത്തുവാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. അതിന്റെ ഭാഗമായി സാമൂഹ്യ നീതി വകുപ്പ്,

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തുന്ന അംഗപരിമിതരുടെ സെൻസസ് 2014-15ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു.

സെൻസസ് രണ്ട് ഘട്ടങ്ങളായാണ് നടത്തുന്നത്. ഒന്നാം ഘട്ടത്തിൽ അംഗൻവാടി വർക്കർമാർ കേരളത്തിലെ എല്ലാ വീടുകളും സന്ദർശിച്ച് കുടുംബത്തെ സംബന്ധിച്ചുള്ള പ്രാഥമിക വിവരങ്ങൾ ശേഖരിച്ച് അംഗപരിമിതരുള്ള വീടുകൾ കണ്ടെത്തുന്നു. രണ്ടാം ഘട്ടത്തിൽ അംഗപരിമിതരുള്ള വീടുകളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ നിന്നുള്ള ജെ.പി.എച്ച്.എൻ/ ജെ.എച്ച്.ഐമാർ സന്ദർശിച്ച് അംഗപരിമിതരെ സംബന്ധിച്ചുള്ള വിശദവിവരങ്ങളും ശേഖരിക്കും. അംഗപരിമിതരുള്ള വീടുകളിൽ രണ്ടാം ഘട്ട വിവരശേഖരണത്തിനും എന്യുമറേറ്റർമാർ വരുമ്പോൾ ബന്ധപ്പെട്ട വ്യക്തിയുടെ അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ്, അംഗപരിമിത തിരിച്ചറിയൽ കാർഡ്. ആധാർ കാർഡ്/ ഇലക്ഷൻ ഐ.ഡി കാർഡ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. സെൻസസിന്റെ വിജയം തീർച്ചയായും പൊതുജനങ്ങൾ നൽകുന്ന സത്യസന്ധമായ വസ്തുതകളെ അടിസ്ഥാനമാക്കിയാണെന്ന യാഥാർത്ഥ്യം പ്രത്യേകം ഓർക്കേണ്ടതാണ്. ഈ സെൻസസ് വഴി ശേഖരിക്കുന്ന കുടുംബ, വ്യക്തി വിവരങ്ങൾ മറ്റ് ആവശ്യങ്ങൾക്കൊന്നും പരസ്യപ്പെടുത്തുന്നതല്ല.

സെൻസസിന്റെ സുഗമമായ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ നിർവ്വഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. പഞ്ചായത്ത്/നഗരസഭ യോഗത്തിൽ പ്രത്യേക അജണ്ടയായി ഈ വിഷയം ചർച്ച ചെയ്യേണ്ടതാണ്.
2. ഗ്രാമസഭകൾ, വാർഡു സഭകൾ, അയൽക്കൂട്ടം എന്നിവയുടെ യോഗങ്ങളിൽ സെൻസസ് വിവരം ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഡു തിരിച്ചുള്ള വീടുകളുടെയും, സ്ഥാപനങ്ങളുടെയും ലിസ്റ്റിന്റെ 2 കോപ്പികൾ ലഭ്യമാക്കണം. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഉപയോഗത്തിലുള്ള ഐ.കെ.എം സോഫ്റ്റ്‌വെയറിൽ ഈ ലിസ്റ്റ് ലഭ്യമാണ്.
4. ഒന്നാംഘട്ട വിവരശേഖരണത്തിൽ അർഹരായ എല്ലാ അംഗപരിമിതരും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട വാർഡ് മെമ്പർമാർ ഉറപ്പുവരുത്തേണ്ടതാണ്.
5. ഏതെങ്കിലും കാരണവശാൽ ആരുടെയെങ്കിലും വീടുകളിൽ അംഗപരിമിത സെൻസസിന്റെ ഒന്നാം ഘട്ടത്തിലും, അംഗപരിമിതരുള്ള വീടുകളിൽ രണ്ടാം ഘട്ടത്തിലും സെൻസസ് എന്യുമറേറ്റർമാർ സന്ദർശിച്ച് വിവരശേഖരണം നടത്തിയിട്ടില്ലെങ്കിൽ വിവരം സി.ഡി.പി.ഒയുടെ ശ്രദ്ധയിൽപ്പെടുത്തി അവരെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ബന്ധപ്പെട്ട വാർഡ് മെമ്പർമാർ ശ്രദ്ധിക്കേണ്ടതാണ്. ◆

(കേരള സർക്കാർ - സാമൂഹ്യനീതി വകുപ്പ് & കേരള സാമൂഹ്യ സുരക്ഷാ മിഷൻ)

ഗോപകുമാർ പൂക്കോട്ടൂർ

ശുചിത്വ ഭാരതത്തിന് വിതുരയിൽ നിന്നും രണ്ട് പാഠങ്ങൾ

നാടിന്റെ വികസനത്തോളം പ്രധാനമാണ് ശുചിത്വമുള്ള ചുറ്റുപാടും, പരിസരത്തെ മലിനീകരിക്കാൻ അനുവദിക്കപ്പെടാത്ത മനസ്സും. വൃത്തിയുള്ളവ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതോടൊപ്പം ചുറ്റുപാടിനെ മലിനമാക്കുന്ന വസ്തുക്കൾ ഉറവിടത്തിൽതന്നെ സംസ്കരിക്കേണ്ടതും അത്യാവശ്യമാണ്. ഇങ്ങനെ സംസ്കരിക്കാൻ പറ്റാത്ത പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങളെ ശാസ്ത്രീയമായി പുതുക്കി ഉപയോഗിക്കുമ്പോൾ മാത്രമാണ് മാലിന്യവിമുക്തമായ നാടും നഗരവും എന്ന ആശയം അർത്ഥവത്താകുക.

വരൂ... നമുക്കൊരു ഗ്രാമത്തിലേക്ക് പോകാം... ഗ്രാമങ്ങളിലാണല്ലോ ഇന്ത്യയിലെ ജനങ്ങൾ വസിക്കുന്നത്. ശുചിത്വ ഭാരതയജ്ഞത്തിനായി രാജ്യം യത്നിക്കുമ്പോൾ നമുക്ക് തീർച്ചയായും ചില വാർപ്പുമാതൃകകൾ പരിചയപ്പെടേണ്ടതുണ്ട്. 'വിതുര'എന്ന മലയോര മേഖലകേരളത്തിന്റെ തലസ്ഥാന നഗരിയിൽ നിന്ന് ഏറെ വിദൂരമൊന്നുമല്ല. അവിടെ ഒരു ഗ്രാമം - ഗണപതിയാംകോട്. ആ പ്രദേശത്തിന് എന്തെക്കൊയോ നമ്മോട് പറയാനുണ്ട്. വെറൊന്നിനേയും പറ്റിയല്ല; ശുചിത്വത്തെക്കുറിച്ചു തന്നെ. വിതുര പഞ്ചായത്തിലെ രണ്ടാം വാർഡ് അംഗംശാസ്താംകാവ് കൊപ്പം കെ. വിജയകുമാർ ഇവിടെ തനതായ ഒരു മാലിന്യ വിമുക്തമാതൃക ആവിഷ്കരിച്ചിരിക്കുന്നു. 2013 മെയ് മാസത്തിൽ തുടക്കമിട്ട ഈ സംരംഭം ഇന്ന് വിജയപഥത്തിലാണ്. ആദ്യം ഗ്രാമവാസികളെ ബോധവൽക്കരിച്ചും പിന്നീട് വസ്തുതകൾ പഠിച്ചും പഠിപ്പിച്ചും മാലിന്യവിമുക്തമായ നാടെന്ന സങ്കൽപം കുടുംബശ്രീയൂണിറ്റുകളുടെ സജീവസഹകരണത്തോടെ നടപ്പാക്കിയിരിക്കുകയാണ് ഗണപതിയാംകോടുകാർ.

പാഠംഒന്ന് –'ശുചിത്വം ഈ വീടിന്റെ ഐശ്വര്യം'

ശാസ്ത്രീയമായ രീതി അവലംബിച്ചായിരുന്നു വിജയകുമാർ ഏറെ ദീർഘവീക്ഷണത്തോടെ നാടിനെ മാലിന്യവിമുക്തമാക്കാനുള്ള ചിട്ടയായ ശുചിത്വ പ്രവർത്തനങ്ങൾക്ക്തുടക്കമിട്ടത്. അതിനായി ആദ്യം അദ്ദേഹം ചെയ്തത് ഓരോ വീടുകളിലും 'ശുചിത്വം ഈ വീടിന്റെ ഐശ്വര്യം'-എന്നെഴുതിയ ഒരുസ്റ്റിക്കർ പതിക്കുകയായിരുന്നു. പഞ്ചായത്തിന്റെയും ആരോഗ്യവകുപ്പിന്റെയും മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2013 മെയ് മാസത്തിലായിരുന്നു ഇത്. തുടക്കത്തിൽ ജൈവമാലിന്യങ്ങളുടെ നിർമാർജ്ജനം ലക്ഷ്യമിട്ട് മത്സ്യം, പച്ചക്കറികൾ - ഭക്ഷ്യാവശിഷ്ടങ്ങൾ, മിച്ചം വെയ്ക്കുന്ന ഭക്ഷണം (വളർത്തുമൃഗങ്ങൾക്കും നൽകിയശേഷം) എന്നിവ വീട്ടുമുറ്റത്ത് കുഴികുത്തിമണ്ണിട്ടുമൂടിയോ, ടിന്നുകളിലടച്ചോ സംസ്കരിക്കാൻ അദ്ദേഹം നിർദേശിച്ചു. പ്രദേശവാസികൾ ആദ്യം അതിന് മടിച്ചുനിന്നെങ്കിലും ഇത്തരത്തിലുള്ള മാലിന്യങ്ങൾ കുഴിച്ചിട്ടാൽ ഫലഭൂയിഷ്ടമായകറുത്ത മണ്ണായിമാറും എന്ന ആത്മ



വിശ്വാസമാണ് പലരെയും മാലിന്യ വിമുക്തവീടെന്ന ലക്ഷ്യത്തിലേക്ക് എത്തിക്കാൻ കാരണമായത്. ഇത്ഏറെ വിജയം കണ്ടതോടെയാണ് ശുചിത്വപാഠത്തിന്റെ അടുത്ത പടിയിലേക്ക് ഗ്രാമം ചുവടുവെച്ചത്.

പാഠം രണ്ട് – 'ശുചിത്വം ഈ നാടിന്റെ ഐശ്വര്യം'

വീടും പരിസരവും ജൈവമാലിന്യങ്ങളിൽ നിന്നും വിമുക്തമാക്കുക എന്ന ആദ്യഘട്ട പ്രവർത്തനത്തെ തുടർന്ന് 2014 മെയ് മാസത്തിൽ അദ്ദേഹം പ്ലാസ്റ്റിക് മാലിന്യങ്ങളെ സംസ്കരിക്കുന്നതിനെക്കുറിച്ചുള്ള ബോധവൽക്കരണക്ളാസ്സുകൾ സംഘടിപ്പിച്ചു. പ്ലാസ്റ്റിക് മാലിന്യത്തെ എങ്ങനെ സംസ്കരിക്കാം എന്ന ചോദ്യമുയർത്തിക്കൊണ്ടാണ് അദ്ദേഹം ബോധവൽക്കരണ ക്ലാസ്സുകളെ സജീവമാക്കിയത്. ആശങ്കാജനകമെന്ന് പറയട്ടെ, പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിച്ചുകളയാം എന്നാണത്രേ ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടത്. പലവീടുകളിലും വൈകീട്ട് ഇത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾകത്തിച്ച് പുകപടലങ്ങൾ ഉണ്ടാക്കി അന്തരീക്ഷത്തെ മലിനമാക്കും. പക്ഷേ അതിൽ നിന്നുണ്ടാകുന്ന വിഷവാതകങ്ങൾ സൃഷ്ടിക്കുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാഭ്യാസമുള്ളയാളുകൾക്കിടയിലും അജ്ഞതയുണ്ടെന്ന തിരിച്ചറിവും അദ്ദേഹത്തെ അദ്ഭുതപ്പെടുത്തി. പ്ലാസ്റ്റിക് കത്തിച്ചാലുണ്ടാകുന്ന കുഴപ്പങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തുന്നതിൽവിജയം കണ്ടതോടെയാണ് വിജയകുമാർ തന്റെ ഉദ്യമത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിച്ചത്. അതിനായി അദ്ദേഹം വീടുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ചാക്കിൽശേഖരിച്ച് വയ്ക്കാൻ ആവശ്യപ്പെടുകയായിരുന്നു. തുടർന്ന് ഇവ ആഴ്ചയിലൊരിക്കൽ കുടുംബശ്രീ യൂണിറ്റുകളിൽ കൊണ്ടു പോകും. കുടുംബശ്രീ പ്രവർത്തകർ എ.ഡി. എസ്മീറ്റിങ്ങുകളിൽ തലച്ചുമടായി പ്ളാസ്റ്റിക് മാലിന്യം നിറച്ച ചാക്കുകളുമായെത്തും. 19 കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന്ചുരുങ്ങിയത് 5 പേർ പ്ലാസ്റ്റിക് മാലിന്യവുമായി ഗോഡൗണിലെത്തും. 8 മുതൽ 10 വരെചാക്കുകൾകൊണ്ടാണ് പലരുംവരിക. ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടങ്ങിയ ചാക്കുമായിഎത്തുന്നവർക്ക് മാസത്തിൽ ഒരിക്കൽ സമ്മാനവും അദ്ദേഹം ഏർപ്പെടുത്തി. പലർക്കും ഇത് ആവേശകരമായി. 20 ചാക്കുകൾ വരെ ഓട്ടോ വിളിച്ച് ചിലർ എത്തിച്ചു. കടകളിൽ നിന്നുവരെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചു തുടങ്ങി. എ.ഡി.എസ് ചെയർപേഴ്സൺ അനിതയാണ് കുടുംബശ്രിയൂടെ സഹായസഹകരണങ്ങൾ ക്രോഡീകരിക്കുന്നത്.

ഈ പ്ലാസ്റ്റിക് മാലിന്യ ചാക്കുകൾ വിതുരയിലെ വാഹിദ് എന്നയാൾ തമിഴ്നാട്ടിൽ കൊണ്ടു പോയി വീണ്ടും പ്ലാസ്റ്റിക് ആയിമാറ്റാവുന്ന കമ്പനികൾക്കും പൊടിച്ച് ടാറിൽ ചേർക്കുന്ന കമ്പനികൾക്കും നൽകുകയാണ് പതിവ്. കെവിജയകുമാർ ഈ പ്രവർത്തനങ്ങൾക്ക് സ്വന്തം കൈയ്യിൽ നിന്നുതന്നെയാണ് തുക കണ്ടെത്തുന്നത്. പലപ്പോഴും തന്റെ പ്രദേശത്തെ ഓരോ മൂലയിലെയും പ്ലാസ്റ്റിക് കുപ്പികളും മറ്റുകവറുകളും കണ്ടെത്തി പെറുക്കി കൂട്ടി ശേഖരിച്ചാണ് അദ്ദേഹം മാലിന്യ വിമുക്തമായ ഒരു നാടെന്ന സ്വപ്നത്തിന് ഊർജ്ജം പകരുന്നത്. ശാസ്താംകോട് വാർഡിലെ 450–ഓളം വീടുകളിൽ നിന്നുള്ള മാലിന്യങ്ങളാണ് ഇങ്ങനെ സംസ്കരിക്കുന്നത്.

വിജയകരമായ രണ്ട് ശുചിത്വ പാഠങ്ങൾക്ക് ശേഷം അന്തരീക്ഷ വായുവിനെ ശുദ്ധീകരിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് 'ഒരുവീട്ടിൽ ഒരു വേപ്പ്' എന്ന പദ്ധതിക്ക് കൂടി തുടക്കമിടാനിരിക്കുകയാണ് കെ. വിജയകുമാർ. ◆

(പി.ഐ.ബി)

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

തീയതി എഡിറ്റ് ചെയ്ത് മുൻ തീയതികളിൽ ഇടപാടു രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സാംഖ്യയിൽ നിന്ന് എടുത്തു കളഞ്ഞിരിക്കുകയാണല്ലോ. ഇതുമൂലം ഒരു ഗുരുതരമായ പ്രശ്നം സംജാതമായിരിക്കുകയാണ്. 12.4.2006ലെ ജിഒ (പി 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 16–ാം ഖണ്ഡിക പ്രകാരം ഓരോ മാസത്തെയും വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നിർവഹണ ഉദ്യോഗസ്ഥർ അടുത്ത മാസം അഞ്ചാം തീയതി പഞ്ചായത്ത് സെക്രട്ടറിക്കു നൽകിയാൽ മതിയാകും. ഇപ്രകാരം സ്റ്റേറ്റ്മെന്റ് ലഭിച്ചു കഴിഞ്ഞാൽ സാംഖ്യയിൽ തീയതി മാറ്റി, യഥാർത്ഥത്തിൽ ട്രഷറിയിൽ നിന്നു പിൻവലിച്ച തീയതിക്കു തന്നെ ഇടപാടു രേഖപ്പെടുത്തുകയാണ് ഇതുവരെ ഞങ്ങളെല്ലാം ചെയ്തു വന്നിരുന്നത്. അതുവഴി ട്രഷറിയിൽ നിന്നുള്ള തുക പിൻവലിച്ച തീയതിയിൽ തന്നെ ചെലവ് സാംഖ്യയിൽ ഉൾപ്പെടുത്താനും കഴിഞ്ഞിരുന്നു. പുതിയ പരിഷ്ക്കാരം കാരണം അടുത്ത മാസം മാത്രമേ നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് രേഖപ്പെടുത്താൻ സാധിക്കുന്നുള്ളൂ. പുതിയ നടപടി മൂലം ഇടപാടുകളുടെ തെറ്റായ ചിത്രമല്ലേ സാംഖ്യയിൽ നിന്നു ലഭിക്കുന്നത്?

മാന്വൽ സമ്പ്രദായമാണെങ്കിലും, കമ്പ്യൂട്ടർവൽക്കൃത സമ്പ്രദായമാണെങ്കിലും, ഏത് ഇടപാട് നടന്നാലും തത്സമയം തന്നെ കാഷ് ബുക്കിൽ അഥവാ അക്കൗണ്ടിൽ രേഖപ്പെടുത്തുക എന്നതാണ് അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട തത്വം. മാന്വൽ സമ്പ്രദായത്തിലെ കാഷ് ബുക്കിൽ ഏതെങ്കിലുമൊരു ഇടപാട് ഏതെങ്കിലുമൊരു ദിവസം രേഖപ്പെടുത്താൻ വിട്ടുപോയെന്നിരിക്കട്ടെ. കുറെ ദിവസങ്ങൾക്കു ശേഷം ഈ തെറ്റ് കണ്ടുപിടിച്ചാൽ തിരുത്താനുള്ള നടപടി എന്തായിരിക്കും?തീർച്ചയായും, മുൻ ദിവസങ്ങളിലെ ഇടപാടുകളെല്ലാം വെട്ടിത്തിരിത്തുക എന്നതല്ല, പകരം, എന്നാണോ തെറ്റു കണ്ടുപിടിച്ചത്, ആ ദിവസത്തെ എൻട്രിയായി കാഷ് ബുക്കിൽ വിവരം രേഖപ്പെടുത്തുന്നു.

ഇതേ തത്വം തന്നെയാണ് കമ്പ്യൂട്ടർവൽക്കൃത അക്കൗണ്ടിംഗിലും പിന്തുടരേണ്ടത്. സാംഖ്യ നടപ്പാക്കി തുടങ്ങിയപ്പോൾ, ജീവനക്കാർ പരിചയം നേടിത്തുടങ്ങുന്നതേയുള്ളു എന്ന കാരണത്താൽ, അംഗീകൃത തത്വങ്ങളിൽ ഇളവു വരുത്തി ചില സൗകര്യങ്ങൾ അനുവദിച്ചിരുന്നു. അവയിലൊന്നാണ തീയതി എഡിറ്റ് ചെയ്യാനുള്ള സൗകര്യം. ഈ സൗകര്യം ഇനിയും നിലനിർത്തിയാൽ പഞ്ചായത്ത് അക്കൗണ്ടുകൾക്ക് വിശ്വാസ്യതയില്ലെന്ന ആരോപണം ഉയരും. കാരണം വെബ്സൈറ്റിൽ ഒരു ദിവസത്തെ ഇടപാടായി കാണുന്ന തുകയ്ക്ക് പിറ്റേന്നു മാറ്റം വന്നെന്നു വരും. ആരും ഇതിന്റെ കാരണം വിശദീകരിച്ചെന്നും വരില്ല. തൽഫലമായി സാംഖ്യയിൽ തയ്യാറാക്കുന്ന പഞ്ചായത്ത് കണക്കുകൾക്ക് വിശ്വാസ്യതയില്ലെന്ന ആരോപണം നിഷേധിക്കാൻ കഴിയാതെ വരും.

ഇത്തരം പ്രശ്നങ്ങൾ പഞ്ചായത്തുകൾക്ക് ദുഷ്പേരുണ്ടാക്കുമെന്നതുകൊണ്ടാണ് ഒരു ദിവസം രേഖപ്പെടുത്തി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ കണക്ക് എന്നെന്നും അതുപോലെ നിലനിൽക്കുമെന്ന് വ്യവസ്ഥ ചെയ്തത്. അടുത്ത ദിവസം ഒരു പുതിയ എൻട്രി വരുത്തി, അന്നു മുതൽ അക്കൗണ്ട് കൃത്യമാക്കാനും വ്യവസ്ഥയുണ്ട്.

20.4.2006–ലെ ജിഒ(പി)177/2006/ഫിൻ – നമ്പർ സർക്കാരിന്റെ 16–ാം ഖണ്ഡികയിൽ നിർദ്ദേശിക്കുന്നത് "അടുത്ത മാസം 5–ാം തീയതിക്കകം" (by the fifith day of the subsequant) നിർവ്വഹണ ഉദ്യോഗസ്ഥർ അനക്സർ C-VIII ഫോറത്തിൽ വിനിയോഗ സ്റ്റേറ്റ്മെന്റ് സമർപ്പിക്കണമെന്നാണ് ഇതിനർത്ഥം. 5–ാം തീയതി മുമ്പൊരു ദിവസം നിർവഹണ ഉദ്യോഗസ്ഥർ സേറ്റ്മെന്റ് സമർപ്പിച്ചാൽ അവർ കുറ്റക്കാരാവുമെന്നല്ല. ട്രഷറിയിൽ നിന്നു നിർവ്വഹണ ഉദ്യോഗസ്ഥർ തുക പിൻവലിച്ചാൽ അന്നേ ദിവസം തന്നെ പ്രസ്തുത ചെലവു വിവരം അനകസ്ർ C-III ഫോറത്തിൽ ഇ–മെയിൽ ആയി സെക്രട്ടറിക്ക് അയച്ചുകൊടുക്കാവുന്നതാണ്. ഇതിന് 12.4.2006–ലെ ജിഒ(പി) 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 16–ാം ഖണ്ഡിക പ്രകാരം ഒരു തടസവുമില്ല. സുലേഖയിൽ തത്സമയം തന്നെ ചെലവുകൾ ഉൾപ്പെടുത്തേണ്ടതിനാൽ ട്രഷറിയിൽ നിന്ന് തുക പിൻവലിക്കുന്ന ദിവസം തന്നെ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ചെലവ് സ്റ്റേറ്റ്മെന്റ് ഇ–മെയിൽ ആയി അയച്ചുതരണമെന്ന് പ്രസിഡന്റിന് ആവശ്യപ്പെടാവുന്നതാണ്. പ്രത്യേക സർക്കാർ ഉത്തരവില്ലാതെ ഇങ്ങനെ അയച്ചുതരില്ലെന്നും, പദ്ധതിച്ചെലവ് തത്സമയം സാംഖ്യയിലും സുലേഖയിലും വന്നില്ലെങ്കിലും തങ്ങൾക്കൊന്നുമില്ലെന്നും ഉത്തരവാദിത്തമുള്ള ഒരു നിർവ്വഹണ ഉദ്യോഗസ്ഥനും വാശി പിടിക്കുമെന്നു തോന്നുന്നില്ല. എങ്കിലും ഇക്കാര്യം സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവു തന്നെ പുറപ്പെടുവിക്കണമെന്ന് പ്രസിഡന്റ്മാർക്ക് അഭിപ്രായമുണ്ടെങ്കിൽ, ഇക്കാര്യം കോ–ഓർഡിനേഷൻ കമ്മിറ്റിയിൽ ഉന്നയിച്ച് സർക്കാരിനെ ബോദ്ധ്യപ്പെടുത്താവുന്നതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ 'വിനിയോഗ സ്റ്റേറ്റ്മെന്റ്' എന്നതുകൊണ്ട് 12.4.2006–ലെ ഉത്തരവിന്റെ 16–ാം

ഖണ്ഡികയിലെ പരാമർശത്തിൽ സൂചിപ്പിക്കുന്നത്, ഗുണഭോക്താക്കൾക്ക് പണം വിതരണം ചെയ്തു കഴിഞ്ഞ സ്റ്റേറ്റ്മെന്റ് അല്ല. ട്രഷറിയിൽ നിന്നു പണം പിൻവലിച്ച കണക്കാണ്. പിൻവലിച്ച ശേഷം വിതരണത്തിന് 30 ദിവസത്തെ സാവകാശം 12.4.2006ലെ സർക്കാർ ഉത്തരവിന്റെ 8.4 ഖണ്ഡിക അനുവദിക്കുന്നുണ്ട്. അതിനാൽ പണം ട്രഷറിയിൽ നിന്നു പിൻവലിച്ച അതേ ദിവസം തന്നെയാണ് ഇ-മെയിൽ ആയി പഞ്ചായത്തിന് അനക്സർ C-III ഫോറത്തിലുള്ള വിനിയോഗ സ്റ്റേറ്റ്മെന്റ് അയച്ചു കൊടുക്കേണ്ടത്. CIII ഫോറത്തിന്റെ പേര് Project wise Statement of Expenditure എന്നാണ്.

പഞ്ചായത്തു കണക്കുകൾക്ക് ആധികാരികതയും വിശ്വാസ്യതയും കൈവരുത്താനായി, പഞ്ചായത്ത് വകുപ്പിന്റെ താൽപര്യ പ്രകാരം, നടപ്പാക്കിയ "സാംഖ്യയിൽ തീയതി എഡിറ്റ് ചെയ്യാൻ സാദ്ധ്യമല്ല." എന്ന പരിഷ്ക്കാരത്തെ രണ്ടു കൈയും നീട്ടി സ്വാഗതം ചെയ്യുകയാണ് വേണ്ടത്.

വെള്ളക്കരം കുടിശ്ശിക തുടങ്ങിയ തുകകൾ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ മെയിന്റനൻസ് ഫണ്ടിൽ നിന്നോ ഉറവിടത്തിൽ നിന്നു തന്നെ കുറവു ചെയ്ത് (Source Deduction) നൽകുകയാണ് പതിവ്. ഉറവിടത്തിൽ നിന്നു കുറവു ചെയ്ത ശേഷം ലഭിക്കുന്ന അറ്റ തുക (Net amount) മാത്രമാണ് സാംഖ്യയിലെ റെസിപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ജനറൽ പർപസ് ഫണ്ട്/ മെയിന്റനൻസ് ഫണ്ട് ആയി കാണിക്കുന്നത്. തൽഫലമായി ലെറ്റർ ഓഫ് അതോറിറ്റി പ്രകാരമുള്ള മുഴുവൻ ജനറൽ പർപസ് ഫണ്ട്/മെയിന്റനൻസ് ഫണ്ട് തുകയും സാംഖ്യയിലെ റെസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ വരുന്നില്ല. ഇപ്രകാരമുള്ള റെസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് തെറ്റല്ലേ?

ട്രഷറി അക്കൗണ്ടിലേക്കു വന്നു ചേരുന്ന തുകയ്ക്ക് ട്രഷറി അക്കൗണ്ടിംഗ് ഡെബിറ്റും ജനറൽ പർപസ് ഫണ്ട്/മെയിന്റനൻസ് ഫണ്ടിന് ക്രെഡിറ്റും നൽകി റെസീറ്റ് വൗച്ചർ വഴി രേഖപ്പെടുത്തുന്നു. ഉറവിടത്തിൽ നിന്നു കുറവു ചെയ്തു തുകയ്ക്ക് ബന്ധപ്പെട്ട ചെലവ് ഹെഡിന് (ഉദാ: വെള്ളക്കരം) ഡെബിറ്റും ജനറൽ പർപസ് ഫണ്ടിന്/മെയിന്റനൻസ് ഫണ്ടിന് ക്രെഡിറ്റും നൽകി ജേണൽ വൗച്ചർ വഴി രേഖപ്പെടുത്തുന്നു. തൽഫലമായി ഇൻകം ആന്റ് എക്സിപെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ മൊത്തം ജനറൽ പർപസ്ഫണ്ട്/ മെയിന്റനൻസ് ഫണ്ട് വരുമാനമായി രേഖപ്പെടുത്തുന്നുണ്ട്.

ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ പ്രത്യക്ഷപ്പെടുന്ന ഓരോ വരുമാനവും അതേപടി റസീറ്റ് ആന്റ് പോയ്മെന്റ് സ്റ്റേറ്റ്മെന്റിൽ പണം വരവായി പ്രത്യക്ഷപ്പെടുകയില്ല.

യഥാർത്ഥത്തിൽ കാഷ് ആയോ ബാങ്കിൽ നിക്ഷേപമായോ ലഭിക്കുന്ന തുക മാത്രമേ റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ പണം വരവായി പ്രത്യക്ഷപ്പെടുകയുള്ളു.

സിംഗിൾ എൻട്രി കാഷ് അടിസ്ഥാനത്തിലുള്ള ധനകാര്യ പത്രികകളിൽ കണ്ടിരുന്ന കാര്യങ്ങളെല്ലാം അതേ രീതിയിൽ റെസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉണ്ടായിരിക്കുമെന്ന പ്രതീക്ഷയാണ് തെറ്റിദ്ധാരണയ്ക്കു കാരണം. അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി സംവിധാനമാണ് നിലവിൽ വന്നിരിക്കുന്നത്. നേരത്തെ പരിചയിച്ച കാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലുള്ള പത്രികകളുമായി അക്രുവൽ അടിസ്ഥാനത്തിലുള്ള ധനകാര്യ പത്രികകൾ വ്യത്യസ്തമായിരിക്കുമെന്ന വസ്തുത അംഗീകരിക്കുന്നതോടെ പ്രശ്നം തീരും.

2014-2015ൽ വസ്തു നികുതി പരിഷ്കാരം നടപ്പാകുമ്പോൾ 1-4-2013 മുതൽ കുടിശ്ശികയും അതിന്മേൽ പിഴപ്പലിശയും ഈടാക്കുന്നതിൽ അധാർമ്മികതയില്ലേ?

നിയമം നൽകുന്ന അധികാരം ഉപയോഗിച്ചു മാത്രമേ നികുതി ചുമത്താനോ പിരിക്കാനോ പാടുള്ളു എന്ന് ഭരണഘടനയുടെ 265-ാം അനുച്ഛേദം അനുശാസിക്കുന്നു. നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിനും നിയമസഭയ്ക്കും മാത്രം ഉള്ളതാണ്. ഇപ്രകാരം നിയമസഭ നിർമ്മിച്ച 1994-വെ കേരള പഞ്ചായത്ത് രാജ് നിയമത്തിനോ, സർക്കാർ വിജ്ഞാപനം ചെയ്ത 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതി ചട്ടങ്ങൾക്കോ, 2013ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതി - ഭേദഗതി) ചട്ടങ്ങൾക്കോ വിരുദ്ധമായി പ്രവർത്തിക്കാൻ പഞ്ചായത്തിനോ പഞ്ചായത്ത് ഉദ്യോഗസ്ഥർക്കോ അധികാരമില്ല.

നിലവിലുള്ള വസ്തു നികുതി ചട്ടങ്ങൾ പ്രകാരം 2013 ഏപ്രിൽ 1നാണ് പുതുക്കിയ നികുതി നിലവിൽ വന്നത്. അതിനാൽ പരിഷ്ക്കരണം 2013 ഏപ്രിൽ 1 മുതൽ തന്നെ നടപ്പാക്കിയേ തീരൂ. കുടിശ്ശിക നൽകാനുണ്ടെങ്കിൽ പിഴപ്പലിശ നൽകണമെന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 203 (15)ാം വകുപ്പ് അനുശാസിക്കുന്നു. അതിനാൽ പിഴപ്പലിശയും ഈടാക്കിയേ തീരൂ.

സർക്കാർ നയപരമായ തീരുമാനമെടുത്ത് കുടിശ്ശികയും പിഴപ്പലിശയും ഒഴിവാക്കിയിട്ടില്ലെങ്കിൽ അതിനർത്ഥം കുടിശ്ശികയും പിഴപ്പലിശയും ഈടാക്കണമെന്നാണ്. ധാർമ്മികതയെപ്പറ്റിയുള്ള വാദങ്ങൾ ഏറ്റെടുത്ത് ജോലി കൃത്യമായി നിർവഹിക്കാനുള്ള ധാർമ്മികതയെ ബാധിക്കാതെ ശ്രദ്ധിക്കണം.

ഇ.എം.എസ് ഭവന പദ്ധതിക്കുവേണ്ടി സഹകരണ ബാങ്കിൽ നിന്നു വായ്പയെടുക്കുകയും വി ഇഒയുടെ ബാങ്ക് അക്കൗണ്ട് വഴി ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു. കഴിഞ്ഞ വർഷം ലഭിച്ച തുക, വിനിയോഗിക്കാത്തതിനാൽ, ഗുണഭോക്താവ് പലിശ സഹിതം തിരിച്ചടച്ചു. വിഇഒയ്ക്കു ലഭിച്ച ചെക്ക് വിഇഒ പഞ്ചായത്തിൽ നൽകിയിരിക്കുന്നു. ഈ തുക എന്തു ചെയ്യണം, എങ്ങനെ അക്കൗണ്ട് ചെയ്യണം?

സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പയിൽ നിന്ന് ഓരോ പ്രാവശ്യവും വിഇഒയുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുമ്പോൾ 4 അഡ്വാൻസ് ടു ഇംപ്ലിമെന്ററിംഗ് ഓഫീസർ എന്ന ഹെഡിന് ഡെബിറ്റും '3... സെക്യൂർഡ് ലോൺസ്' എന്ന ഹെഡിന് ക്രെഡിറ്റും നൽകി ജേണൽ എൻട്രി രേഖപ്പെടുത്തിയിരുന്നു. വിഇഒ ഗുണഭോക്താക്കൾക്ക് തുക നൽകി വിനിയോഗ സ്റ്റേറ്റ്മെന്റ് നൽകിയപ്പോൾ '4.... പ്രിപേയ്ഡ് പ്രോഗ്രാം എക്സ്പെൻസ്' എന്ന ഹെഡിന് ഡെബിറ്റും 4 അഡ്വാൻസ് ടു ഇംപ്ലിമെന്ററിംഗ് ഓഫീസർ എന്ന

ഹെഡിന് ക്രെഡിറ്റും നൽകി ലഭിച്ച തുക, വിനിയോഗിക്കാതെ, ഗുണഭോക്താവ്, മുതലും പലിശയും സഹിതം ഇപ്പോൾ തിരിച്ചടച്ചിരിക്കുന്നു. മുതൽ സഹകരണ ബാങ്കിലേക്കു തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത പഞ്ചായത്തിനാണ്. പലിശ തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിരിക്കുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ് പലിശ തുകയ്ക്കുള്ള ചെക്ക് പഞ്ചായത്ത് വഴി സഹകരണ ബാങ്കിന് നൽകുന്നത്.

ലഭിച്ച ചെക്കിന് തനതു ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിന് ഡെബിറ്റ് നൽകി രസീത് രേഖപ്പെടുത്തുക. മുതൽ തുകയ്ക്ക് '4.... പ്രിപേയ്ഡ് പ്രോഗ്രാം എക്സ്പെൻസ്' എന്ന ഹെഡിനും പലിശ തുകയ്ക്ക് 3.. അദർ ലയബിലിറ്റീസ് എന്ന ഹെഡിനും ക്രെഡിറ്റ് നൽകുക. തുക സഹകരണ ബാങ്കിന് നൽകുമ്പോൾ മുതൽ ഭാഗത്തിന് '3... സെക്യുഡ് ലോൺസ്' എന്ന ഹെഡിന് ഡെബിറ്റ് നൽകി പേയ്മെന്റ് രേഖപ്പെടുത്തുക. പലിശ ഭാഗത്തിന് അദർ ലയബിലിറ്റീസ് എന്ന ഹെഡിന് ഡെബിറ്റ് നൽകിയാണ് പേയ്മെന്റ് രേഖപ്പെടുത്തുക. പഞ്ചായത്ത് തിരിച്ചടയ്ക്കേണ്ട മുതൽ ഇനത്തിൽ ഇത്ര രൂപയും സർക്കാർ നൽകേണ്ട പലിശ ഇനത്തിൽ ഇത്ര രൂപയും ചെക്ക് നമ്പർ ..... പ്രകാരം തിരിച്ചടയ്ക്കുന്നു എന്ന വിവരം രേഖപ്പെടുത്തിയ കവറിംഗ് ലെറ്റർ സഹിതമാണ് ചെക്ക് സഹകരണബാങ്കിന് നൽകേണ്ടത്. കത്തിന്റെ പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നൽകുക.

ഘടക സ്ഥാപനങ്ങളായ സ്കൂൾ, ആശുപത്രി തുടങ്ങിയവയ്ക്ക് വെള്ളക്കരം, വൈദ്യുതി ചാർജ് തുടങ്ങിയവ അടയ്ക്കാനാവശ്യമായ തുക തനതു ഫണ്ടിൽ നിന്നോ ജനറൽ പർപസ് ഫണ്ടിൽ നിന്നോ നൽകുമ്പോൾ ഫംങ്ഷൻ, ഫംങ്ഷനറി എന്താണ് രേഖപ്പെടുത്തേണ്ടത്? സെക്രട്ടറി നൽകുന്ന ഭരണച്ചെലവായതിനാൽ ഫംങ്ഷൻ - അഡ്മിനിസ്ട്രേഷൻ, ഫംഗ്ഷനറി - സെക്രട്ടറി എന്നല്ലേ രേഖപ്പെടുത്തേണടത്?

ചെലവഴിച്ച തുക ഉപയോഗിച്ച് നിർവ്വഹിച്ച ചുമതല ഏത് എന്നാണ് ഫംങ്ഷൻ സൂചിപ്പിക്കുന്നത്. ഏത് ഉദ്യോഗസ്ഥനാണ് പ്രസ്തുത ചുമതല നിർവ്വഹിച്ചത് എന്ന് ഫംങ്ഷനറി സൂചിപ്പിക്കുന്നു.

വെള്ളമോ വൈദ്യുതിയോ ഒരു സ്കൂൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ നിശ്ചയമായും വിദ്യാഭ്യാസം എന്ന ചുമതല നിർവ്വഹിക്കാനാണല്ലോ ഇപ്രകാരം ഉപയോഗിക്കുന്നത്. സ്കൂളിന്റെ കാര്യത്തിൽ വിദ്യാഭ്യാസം എന്ന ചുമതല നിർവഹിക്കുന്നത് ഹെഡ് മാസ്റ്റർ ആണ്. അതിനാൽ ഫംഗ്ഷൻ- വിദ്യാഭ്യാസം, ഫംങ്ഷനറി ഹെഡ്മാസ്റ്റർ എന്ന കാര്യം വ്യക്തമാണല്ലോ..

ഇതേ പോലെയാണ് ഏത് ഘടക സ്ഥാപനത്തിന്റേയും കാര്യം.

അഡ്മിനിസ്ട്രേഷൻ എന്നാൽ പഞ്ചായത്ത് ഓഫീസ് ഭരണം എന്നർത്ഥം. പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന തുകകളുടെ കാര്യത്തിൽ മാത്രമാണ് അഡ്മിനിസ്ട്രേഷൻ എന്ന ഫംങ്ഷൻ പ്രസക്തമാകുന്നത്.

സെക്രട്ടറി തുക നൽകുന്നു എന്ന കാരണത്താൽ സെക്രട്ടറിയെ ഫംങ്ഷനറി ആക്കാനാവില്ല. സെക്രട്ടറിയാണല്ലോ വിവിധ ഫണ്ടുകൾ അലോട്ട് ചെയ്ത് വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നത്. അതിനാൽ പഞ്ചായത്ത് അക്കൗണ്ടിൽ ഏക ഫംഗ്ഷനറി ആയി സെക്രട്ടറി എന്ന് രേഖപ്പെടുത്താനാവില്ലല്ലോ. സെക്രട്ടറിക്ക് നിയമപ്രകാരം നിർവഹിക്കാനുള്ള ചുമതലകളുടെ കാര്യത്തിൽ മാത്രമേ സെക്രട്ടറി, ഫംങ്ഷനറി ആകുന്നുള്ളൂ.

പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച 2000-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു അർദ്ധ വർഷത്തെ നികുതി അതേ അർദ്ധ വർഷം അടച്ചില്ലെങ്കിൽ തൊട്ടടുത്ത ദിവസം അടയ്ക്കണമെന്നൊന്നും അതിൽ പറയുന്നില്ല. ഇത്രയും സ്പഷ്ടമായ സർക്കാർ വിശദീകരണം ഉണ്ടായിട്ടും ഒരു അർദ്ധ വർഷത്തെ നികുതി, ആ അർദ്ധ വർഷം നൽകിയില്ലെങ്കിൽ തൊട്ടടുത്ത ദിവസം മുതൽ പിഴപ്പലിശ നൽകണമെന്നും മറ്റും ഊഹാപോഹത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നത് ശരിയാണോ?

ഊഹാപോഹത്തിന്റെ അടിസ്ഥാനത്തിൽ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അത് സ്വീകരിക്കരുത്. എന്നാൽ 'വസ്തു നികുതി വാർഷികമായി നിർണയിച്ച് തുല്യ രണ്ട് അർദ്ധ വാർഷിക ഗഡുക്കളായി അടയ്ക്കേണ്ടതും, ഒരു അർദ്ധവർഷത്തിൽ അടയ്ക്കേണ്ടതായ ഗഡു ആ അർദ്ധവർഷം അവസാനിക്കുന്ന തീയതിക്കു മുമ്പേ അടച്ചില്ലെങ്കിൽ തൊട്ടടുത്ത ദിവസം മുതൽ പിഴപ്പലിശ ഈടാക്കേണ്ടതുമാണ്' എന്ന കാര്യം പഞ്ചായത്ത് നിയമത്തിന്റെ ഭേദഗതിയായി 203(15) -ാം വകുപ്പിൽ ഉൾപ്പെടുത്തിക്കൊണ്ട് ഗസറ്റ് വിജ്ഞാനപം 7.10.2009-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2009 നുശേഷം അച്ചടിച്ച പഞ്ചായത്ത് രാജ് നിയമം ഉൾക്കൊള്ളുന്ന ഏതു പുസ്തകത്തിലും 203(15) -ാം വകുപ്പായി ഇക്കാര്യം കാണാൻ കഴിയും. ഇങ്ങനെയുള്ള കാര്യത്തെ ഊഹാപോഹമെന്നു വിശേഷിപ്പിക്കുന്നത് കാര്യം അറിയാതെയല്ലേ? 7.10.2009ൽ സർക്കാർ വിജ്ഞാപനം വഴി ഇക്കാര്യം നിയമത്തിൽ ഉൾപ്പെടുത്തി കഴിഞ്ഞിരിക്കേ ഇതുമായി യോജിക്കാത്തതും 2000ൽ ഇറങ്ങിയതുമായ ഒരു സ്പഷ്ടീകരണത്തെപ്പറ്റി 2014ൽ എങ്ങനെ സംസാരിക്കാൻ കഴിയുന്നു?

മുൻ വർഷത്തെ കണക്ക് ഓഡിറ്റ് ചെയ്ത് ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുകയും, തെറ്റായി രേഖപ്പെടുത്തിയ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അതേ വർഷത്തെ കണക്കിൽ തന്നെ തിരുത്തലുകൾ വരുത്തിയ ശേഷം, തിരുത്തിയ മുൻവർഷത്തെ കണക്ക് ഓഡിറ്റിനു സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതല്ലേ?

മുൻ വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കിൽ ഈ വർഷം മാറ്റങ്ങൾ വരുത്താൻ സാദ്ധ്യമല്ല; ഏതെങ്കിലും മാർഗ്ഗങ്ങൾ അവലംബിച്ച് തിരുത്തലുകൾ വരുത്തിയെങ്കിൽ ആ നടപടി തെറ്റാണ്.

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ തെറ്റുകൾ ഓരോന്നും പരിശോധിക്കുക; വരുത്തേണ്ട തിരുത്തലുകൾ സംബന്ധിച്ച എൻട്രി തന്നാണ്ടിലെ കണക്കിൽ ഉൾപ്പെടുത്തുക; ഈ വിവരം അക്കൗണ്ടിനോടൊപ്പം സമർപ്പിക്കുന്ന കുറിപ്പിൽ പ്രതിപാദിക്കുക; ഈ വിവരം ഓഡിറ്റിനെ അറിയിക്കുക - ഇത്രയുമാണ് ചെയ്യേണ്ടത്. ◆

കാലാതിവർത്തിയായ കരൂപ്പടന്ന

വി.കെ. ശ്രീധരൻ

കരൂപ്പടന്ന അഞ്ചുനദികൾ സംയോജിച്ച സ്ഥലമായിരുന്നു. കിഴക്ക് മണിമലയാറ്. തെക്ക് വേഗ (അൻ പുനയാർ) നന്തിയാർ വടക്കു കിഴക്ക് കടലായിപ്പാടം മുഴുവൻ വ്യാപിച്ചിരുന്നു. തൃപ്രയാറിൽ നിന്നുള്ള പറയാർ വടക്കു പടിഞ്ഞാറു ഭാഗത്ത്. തെക്കു പടിഞ്ഞാറു നിന്നും ഒഴുകിയെത്തിയിരുന്നത്. പെരിയാർ. ചേര രാജ്യത്തിന്റെ തലസ്ഥാനം ചാലക്കുടിയിലെ കാരൂർ ആയിരുന്നുവെന്ന് ചരിത്രമതം. കാരൂരിന്റെ പടന്ന (ഉപ്പളം) കരൂപ്പടന്നയായി. പത്തേമാരികളും കപ്പലുകളും നങ്കൂരമിട്ടിരുന്ന കരൂപ്പടന്ന വഞ്ചിപ്പുര പട്ടണം/വഞ്ചിനഗരം ആയിരുന്നു. കൊടുങ്ങല്ലൂരിലെ ആലക്കടുത്തുള്ള ഇരുപത്തിയെട്ടരാളത്തു നിന്ന് മൂന്നാം താലപ്പൊലി (മകരം 3ന്) തുടങ്ങുന്നത് അവിടെ തലസ്ഥാനമായിരുന്നു എന്നതിന്റെ തെളിവ്. കരൂപ്പടന്നക്ക് തെക്ക് ചേരരാജാവായ കോലോപാത്രൻ (ബി.സി 35) ഒരു സൂര്യക്ഷേത്രം പണിതിരുന്നതായി അറിയുന്നു. (കോതപറമ്പിനടുത്തുള്ള ചമ്മണി പറമ്പ് കപ്പൽ സൂചനയാകാം. പതിനുപത്ത് 8-ാം ഭാഗം 9-ാം ശ്ലോകമനുസരിച്ച് കോത എന്നാൽ രാജാവ് എന്നും കോതപറമ്പ് എന്നാൽ രാജാവ് താമസിച്ചിരുന്ന സ്ഥലമെന്നുമാണ്. മുൻപ് വില്ലേജ് ഓഫീസ് ആയി ഉപയോഗിച്ചിരുന്ന പുരാതനവും ചെറുതുമായ ഒരു കൊട്ടാരവും ഇത് തെളിയിക്കുന്നു. പനന്തറ മുത്തപ്പന്റെ ക്ഷേത്രം രാജാക്കന്മാരുടെ ദേവാലയത്തിന്റെ തിരുശേഷിപ്പാണെന്ന് വിശ്വസിക്കുന്നു. കാരൂർ കഴിഞ്ഞ് ചേരന്മാർ കോതപറമ്പിലേക്ക് ആസ്ഥാനം മാറ്റിയതായി അഭിജ്ഞമതം.)

ചരിത്രവും ഭൂമിശാസ്ത്രവും

തൃശൂർ - കൊടുങ്ങല്ലൂർ റൂട്ടിൽ സ്ഥിതി ചെയ്യുന്ന കരൂപ്പടന്ന വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിലാണ്. പുഴ കഴിഞ്ഞ് അപ്പുറം കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, ചെട്ടിക്കുന്നു മുതൽ തൃശൂർ കൊടുങ്ങല്ലൂർ റോഡിന്റെ ഇരുവശമുള്ള ഏകദേശം അര കിലോമീറ്റർ ദൂരം വരുന്ന പ്രദേശമാണ് കരൂപ്പടന്ന എന്നറിയപ്പെടുന്നത്. എന്നാൽ ചരിത്രരേഖകളിലും സർക്കാർ റിക്കാർഡുകളിലും ചെട്ടിക്കുന്ന് മുതൽ കോണത്തുകുന്ന് - മനക്കലപ്പടി വരെയുള്ള സ്ഥലങ്ങൾക്ക് വെള്ളാങ്കല്ലൂർ എന്നാണ് പഴയപേര്. കരൂപ്പടന്ന ചന്തയിലുണ്ടായിരുന്ന പോസ്റ്റ് ഓഫീസും പ്രൈമറി സ്കൂളും വടക്കോട്ട് മാറിയപ്പോൾ (ഇപ്പോഴത്തെ) കരൂപ്പടന്നയുടെ വ്യാപ്തി കൊടക്കാപറമ്പ് പാലം വരെയായി. (ഇതിനിടയിലുള്ള (കരൂപ്പടന്ന) പുരാതന ജുമാഅത്ത് മുസ്ലീം പള്ളി വെള്ളാങ്കല്ലൂർ പള്ളിയെന്നും ഇപ്പോഴത്തെ കോണത്തുകുന്ന് ഗവ.യു.പി. സ്കൂൾ അടുത്തകാലം വരെ യു.പി. സ്കൂൾ വെള്ളാങ്കല്ലൂർ എന്നുമാണ് അറിയപ്പെടുന്നത്. വെള്ളാങ്കല്ലൂർ ജംഗ്ഷൻ ചുങ്കം എന്നാണറിയപ്പെട്ടിരുന്നത്. വടക്കുംകര വില്ലേജ്

ആസ്ഥാനമായതിനാൽ വടക്കുംകര എന്നും പേരുണ്ട്. മനക്കലപ്പടിക്കടുത്ത് പട്ടരുപ്പാലത്തിന് വടക്കാണിത്. ദക്ഷിണഭാഗം തെക്കുംകര)

ചെട്ടിക്കുന്നിന്റെ വടക്കേ ഇറക്കിൽ മുകളിലേക്ക് കയറുന്ന റോഡിന്റെ ആരംഭം കുന്നത്ത് എന്ന പേരിൽ അറിയപ്പെടുന്നു. കരൂപ്പടന്ന ചന്തയുടെ പ്രതാപകാലത്ത് അവിടേക്ക് പോകുന്നവരുടേയും തിരിച്ചുവരുന്നവരുടേയും ഇടത്താവളമായിരുന്നു ഇത്. ചെറിയ അങ്ങാടിയായിരുന്ന, ഈ സ്ഥലം ഇന്നത്തെ സൂപ്പർമാർക്കറ്റിനെ ഓർമ്മിപ്പിക്കുന്നതാണ്. കരൂപ്പടന്ന കായലിന്റെ കൈവഴികളായ ചാലുകളും തോടുകളുമാണ്. കുന്നത്തിന്റെ കിഴക്കുഭാഗം. താവളം വഞ്ചികൾ വന്നിരുന്ന സ്ഥലമായിരുന്നു. പടിഞ്ഞാറുഭാഗത്തേക്കുള്ള വീതി കുറഞ്ഞ തോട് പോലെയുള്ള നടവഴി ഇന്ന് പുതിയ റോഡയായി. ഇവിടത്തെ പലസ്ഥലങ്ങളും വീട്ടുപേരുകളും വനവുമായി ബന്ധപ്പെട്ടു കിടക്കുന്നതിൽ നിന്നും ഈ പ്രദേശം വനനിബിഡമായിരുന്നുവെന്ന് സൂചനയുണ്ട്. പുത്തൻകാട്ടിൽ, കാട്ടകത്ത്, കാട്ടുങ്ങപ്പറമ്പിൽ, കാട്ടുവളപ്പിൽ എന്നീ പേരുകൾ ഉദാഹരണം. കോഴിക്കോട് കോവിൽ കാടായിരുന്നിരിക്കാം.

സ്ഥാപനങ്ങൾ

അന്ന് കരൂപ്പടന്ന പാലമുണ്ടായിരുന്നില്ല. ബസ് ടെർമിനൽ ചന്ത. ഒരിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മത്തായിയെന്ന ഉയർന്ന ഉദ്യോഗസ്ഥൻ കൊടുങ്ങല്ലൂർക്ക് പോകുവാൻ ബസിറങ്ങി. കടത്തുകാരും നാട്ടുകാരിൽ ചിലരും ഇദ്ദേഹത്തോട് മോശമായി സംസാരിക്കുകയും പെരുമാറുകയും ചെയ്തു. പക്വമതിയും ശാന്തനുമായ അദ്ദേഹത്തിന്റെ സമ്മർദ്ദ ഫലമായാണ് കരൂപ്പടന്ന ചന്തയിൽ നാട്ടുകാരുടെ സാംസ്കാരികാഭിവൃദ്ധിക്കായി ഒരു എൽ.പി സ്കൂൾ സ്ഥാപിതമായത്.

കരയും കായലും കൈകോർക്കുന്ന ഒരപൂർവ്വ ഇടമായിരുന്നു കരൂപ്പടന്ന ചന്ത. കായലിന്റെ വടക്കേ തീരത്ത് വിശാലമായ ചന്തമൈതാനം. അതിനടുത്ത ബോട്ട് ജെട്ടിയിൽ നിന്നും ചാവക്കാട്ടേക്കും കോട്ടപ്പുറത്തേക്കും ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു. പുഴക്കഭിമുഖമായി രണ്ടുമൂന്നു നിലകളുള്ള അഞ്ചു പടുകൂറ്റൻ കെട്ടിടങ്ങൾ. കൂടാതെ കൊച്ചി രാജാക്കന്മാർ നിർമ്മിച്ച ഏഴ് വലിയ മാർക്കറ്റ് കെട്ടിടങ്ങൾ. അതിന് കിഴക്ക് ചന്ത കടവ് റോഡിന്റെ ഇരുഭാഗത്ത് അഞ്ചു മുറിപ്പീടിക, എട്ടുമുറിപ്പീടിക, ചെറുപീടികകൾ എന്നിവയും മെയിൻ റോഡിൽ നിന്നും ചന്തമൈതാനിയിൽ എത്തുന്നതുവരെയുള്ള നടപ്പാതക്ക് ഇരുവശത്തുമായി ചെറിയ കെട്ടിടങ്ങളും ഉണ്ടായിരുന്നു. കൊല്ലം, ആലപ്പുഴ, കൊച്ചി എന്നിവിടങ്ങളിലേക്ക് ദിനംപ്രതി വെട്ടുകല്ല്, കശുവണ്ടി, മലഞ്ചരക്കുകൾ, ചകിരി, കാർഷികോൽപന്നങ്ങൾ തുടങ്ങിയവ വ്യാപകമായി ഇവിടെ നിന്നും കയറ്റി അയച്ചിരുന്നു. ചരക്കുകൾ കൊണ്ടുപോകുന്നതിന് കെട്ടുവള്ളങ്ങളും കാളവണ്ടികളുമാണ് ഉപയോഗിച്ചിരുന്നത്. കരൂപ്പടന്ന കൊടുങ്ങല്ലൂർപ്പാലങ്ങൾ നിർമ്മിക്കുകയും കാർഷികോൽപന്നങ്ങൾ കുറയുകയും ചന്തയിൽ കൊ

ണ്ടുവരുന്ന ഉല്പന്നങ്ങൾക്ക് അവരുടെ അനുമതിയില്ലാതെ ചന്തയിലെ ആളുകൾ വിൽക്കുകയും വില നിർണ്ണയിക്കുകയും ചെയ്തത് വിപണിയുടെ അന്ത്യത്തിന് കളമൊരുക്കി.

പോലീസ് ഔട്ട് പോസ്റ്റ്, എക്സൈസ് ഓഫീസ്, പോസ്റ്റ് ഓഫീസ് എന്നിവയും ചന്തയിൽ ഉണ്ടായിരുന്നു. കൊടുങ്ങല്ലൂർ - ഇരിങ്ങാലക്കുട പട്ടണങ്ങൾക്കിടയിലെ ഒരേയൊരു തപാലാപ്പീസായിരുന്നു ഇത്. തപാൽ ഉരുപ്പടികളടങ്ങിയ മുദ്രവച്ച ഭാണ്ഡം തലയിൽ വച്ച് കൊണ്ട് നടത്തവും ഓട്ടവുമല്ലാത്ത വേഗത്തിൽ നീങ്ങിയിരുന്ന ആളാണ് അഞ്ചലോട്ടക്കാരൻ (ഇന്നത്തെ പോസ്റ്റുമാൻ). അരയിൽ ശബ്ദമുണ്ടാക്കുന്ന മണികൾ ചേർത്ത ഒരു ബെൽറ്റും കയ്യിൽ മണികൾ തൂക്കിയിട്ടിട്ടുള്ള ഒരു വടിയുമുണ്ടാകും. ഒറ്റമുണ്ടും അതിനുമീതെ ഒരു തോർത്തുമാണ് വേഷം)

ചന്ത മൈതാനത്തിന്റെ വടക്ക് ചതുരക്കുളം, വെട്ടുകല്ലുകൾ കൊണ്ടുള്ള കൽപ്പടവുകളും കിഴക്കും തെക്കും ഭാഗങ്ങളിൽ ഇടമതിൽ കൊണ്ടു വേർതിരിച്ചിട്ടുള്ള നിരവധി കുളിക്കടവുകളും. അതിനു വടക്കാണ് ഹരിത മനോഹര ഉരുണ്ട ചെരിവുകളുമായി സമുദ്രനിരപ്പിൽ നിന്നും 150 അടിയോളം ഉരത്തിൽ മുസാഫരികുന്ന്. 200 ഏക്കർ വിസ്തീർണ്ണമുള്ള കുന്നിന്റെ തെക്കുഭാഗത്തുണ്ടായിരുന്ന സർക്കാർ വക വിശ്രമമന്ദിരം ബംഗ്ലാവ് എന്നറിയപ്പെട്ടിരുന്നു. ഇവിടെ കിണർ, പടിപ്പുര, കാർഷെഡ്, അടുക്കള, ഭോജനശാല, കിടപ്പുമുറികൾ എന്നിവ ഉണ്ടായിരുന്നു. ബംഗ്ലാവ് ഇന്നില്ല. കുന്നാകട്ടെ കയ്യേറിയും മണ്ണെടുത്തും അപ്രത്യക്ഷമാകുന്നു.

ജനജീവിതവും അനുബന്ധ വിവരങ്ങളും

ചെട്ടിക്കുന്നിന്റെ തെക്കുഭാഗത്ത് പത്തു-പന്ത്രണ്ട് സവർണ്ണ കുടുംബങ്ങൾ തലമുറകളായി ഭൂരിപക്ഷ സമുദായങ്ങളോട് സ്നേഹത്തിലും സന്തോഷത്തിലും കഴിഞ്ഞുവന്നിരുന്നു. ഇതിനടുത്താണ് പാരിജാതപുരം ക്ഷേത്രവും പ്രൗഢമായ രാജകൊട്ടാരവും. സമീപത്തുള്ള മെയിൻ റോഡിലൂടെ അവർണ്ണ വിഭാഗങ്ങൾക്ക് വഴി നടക്കാൻ കഴിയുമായിരുന്നില്ല. സമ്പന്നനും പൗരമുഖ്യനുമായ അറക്കൽ കാതിരുകുഞ്ഞ് മകൻ ചേവുഞ്ഞി എന്നയാളുടെ ഇടപെടൽ മൂലമാണ് ഇതിന് വിരാമമായത്. ജനസംഖ്യയിലെ 90 ശതമാനവും മുസ്ലീങ്ങളായിരുന്നു. ജോനകർ, മാപ്പിളമാർ, മുഹമ്മദീയർ എന്നീ പേരുകളിൽ അവർ അറിയപ്പെട്ടിരുന്നു.

കാളവണ്ടികൾക്കു പുറമെ അപൂർവ്വമായി സൈക്കിളുകളും റിക്ഷാവണ്ടിയും പല്ലക്കും ഉണ്ടായിരുന്നു. പിന്നീട് സൈക്കിൾ റിക്ഷകളായി... പിൻസീറ്റിന്റെ നടുവിലായി വെള്ളവും കരിയും ഉപയോഗിച്ചുള്ള കരിബസ്സുകളിൽ രണ്ടു ഭാഗത്തു കൂടിയും കയറാം. കർഷക തൊഴിലാളിയുടെ അരദിവസ വേതനമായ അര അണ (6 പൈസ) മിനിമം ചാർജായതിനാൽ യാത്രക്കാർ കുറവായിരുന്നു.)

മുൻപ് കരിപ്പടന്ന എന്ന മനയുണ്ടായിരുന്നു. മനയോട് ചേർന്ന് പാരിജാതപുരം ക്ഷേത്രവും ക്ഷേത്രകുളവും. കൊച്ചി മഹാരാജാക്കന്മാർക്കും കുടുംബാംഗങ്ങൾക്കും വിശ്രമിക്കാൻ കൊട്ടാരവും നിലവിലുണ്ടായിരുന്നു. കാട്ട് കോവിലകം എന്ന മറ്റൊരു മന വെള്ളാങ്കല്ലൂർ ജുമാഅത്ത് പള്ളിക്കടുത്ത് സ്ഥിതി ചെയ്തിരുന്നു. മുക്രി

പറമ്പിന്റെ തെക്കു പടിഞ്ഞാറേ മൂലയിൽ പാറക്കെട്ടുകൾക്കിടയിൽ കാണപ്പെടുന്ന കുളത്തിലേക്ക് കോവിലകത്തു നിന്നും സഞ്ചാരപാത നിലവിലുണ്ടായിരുന്നതായി കാണാം. പള്ളിയുടെ കിഴക്കുഭാഗത്തുണ്ടായിരുന്നത് പാലപ്രമന. ഇത് പാലപ്രകുന്ന് എന്ന പേരിന് നിദാനമായി.

വഴിയാത്രക്കാർക്ക് വിശ്രമിക്കുന്നതിന് പെരുവഴിയമ്പലങ്ങളും കുടിവെള്ള വിതരണത്തിനായി തണ്ണീർ പന്തലുകളും ഉണ്ടായിരുന്നു. തൃശൂർ കൊടുങ്ങല്ലൂർ റൂട്ടിൽ വെള്ളാങ്കല്ലൂരിൽ സാധനങ്ങൾ കൊണ്ടുപോയിരുന്ന തലച്ചുമട്ടുകാർക്ക് ഇറക്കി വെക്കാനുള്ള ചുമടുതാങ്ങിയും സത്രവും ഇപ്പോഴുമുണ്ട്. ഇതിനടുത്ത് ഒരു സർക്കാർ ആയുർവേദ ആശുപത്രിയും ഉണ്ടായിരുന്നു. (ധർമ്മാശുപത്രി) വൈദ്യുതിയും തെരുവു വിളക്കുകളും ഇല്ലാതിരുന്നതിനാൽ വഴിവക്കിലെ വീടുകളിൽ തെങ്ങോല ഉണക്കി ഉണ്ടാക്കിയ ചൂട്ടുകൾ യാത്രികർക്ക് സൗജന്യമായി എടുത്തുകൊണ്ടുപോകാവുന്ന രീതിയിൽ സൂക്ഷിച്ചിരുന്നു. മരക്കാലുകളിലെ ചില്ലുകൂടുകളിൽ രാത്രി ചിമ്മിനി വഴി വിളക്കായി കത്തിച്ചുവെക്കുമായിരുന്നു.)

കരൂപ്പടന്ന കൊച്ചി രാജ്യത്തിലായിരുന്നു. പടിഞ്ഞാറും തെക്കു പടിഞ്ഞാറും ഭാഗങ്ങൾ മദിരാശി പ്രസിഡൻസിയുടെ അധീനതയിലുള്ള ബ്രിട്ടീഷ് മലബാർ പ്രദേശമായിരുന്നു. കിഴക്കനതിർത്തി പുത്തൻചിറ തിരുവിതാംകൂറും. തരക്കേടില്ലാത്ത റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കിയിരുന്നതിനാൽ മലബാർ- തിരുവിതാംകൂർ മേഖലയിലേതുപോലെ കടുത്ത ഭക്ഷ്യക്ഷാമം കൊച്ചിരാജ്യത്തില്ലായിരുന്നു. അതിനാൽ കരൂപ്പടന്നയിൽ നിന്ന് കായൽവഴി അരി, മരച്ചീനി, മറ്റു ഭക്ഷ്യ വസ്തുക്കൾ എന്നിവ കരിംചന്തക്ക് പുറത്തേക്ക് കൊണ്ടുപോയിരുന്നു. 1930കളുടെ അവസാനം അരി കുറവായതിനാൽ ചാമ പോലെയുള്ള ബജറ ധാന്യം റേഷൻകടകളിലൂടെ വിതരണം ചെയ്തിരുന്നു. ഇതോടൊപ്പം കുറ്റിച്ചോപ്പൻ അരിയും. പീച്ചി, പെരിങ്ങൽകുത്ത് വൈദ്യുതപദ്ധതികളിലേക്കാവശ്യമായ യന്ത്രങ്ങളും അനുബന്ധ സാമഗ്രികളും ജലമാർഗ്ഗം കരൂപ്പടന്നയിലാണെത്തിയത്. കയറ്റിയിറക്കിന് ഇവിടെ ക്രെയിൻ ഉണ്ടായിരുന്നു. തൊഴിലാളികൾ അസംഘടിതരായതിനാൽ കൂലി പങ്കുവെച്ചു കൊടുത്തിരുന്നു. അടുത്ത ദിവസത്തെ പണി നിശ്ചയിച്ചിരുന്നതും മൂപ്പനെന്നു പേരുള്ള സ്ഥലത്തെ പ്രധാനിയായിരിക്കും. അതിലൊരാൾ അറക്കപ്പറമ്പിൽ അമ്മു സാഹിബായിരുന്നു.

* 1341ലെ പെരിയാറിലെ പ്രളയത്തോടെ കരൂപ്പടന്ന നാശോന്മുഖമാകുകയും കൊച്ചി പുതിയ തുറമുഖവും നഗരവുമായി മാറുകയും ചെയ്തു.

ലേഖകൻ പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്

◆

MGNREGS – ചെറുന്നിയൂർ മാതൃക

തിരുവനന്തപുരം ജില്ലയിലെ വർക്കല ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ചെറുന്നിയൂർ ഗ്രാമപഞ്ചായത്തില XIII-ാം വാർഡിലെ കട്ടിംഗ് മേക്കോണം എന്ന പ്രദേശം, ചരിഞ്ഞ ഭൂപ്രദേശമായതിനാൽ ശക്തമായ മഴയെ തുടർന്ന് 30 ഓളം കുടുംബങ്ങൾ അപകട ഭീഷണി നേരിടുന്ന അവസ്ഥയിലായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വാർഡ് മെമ്പർ, MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ സ്ഥലം സന്ദർശിക്കുകയും മണ്ണൊലിപ്പ് തടയുന്നതിനും, മഴവെള്ളം തങ്ങി നിൽക്കുന്നതിന് വേണ്ടി SC, IAY, BPL കുടുംബങ്ങളുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്നതിൽ ഉൾപ്പെടുത്തി അതിരുകളും മഴക്കുഴികളും തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യുന്നതിനുവേണ്ടി അടിയന്തിരമായി എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തി ആരംഭിച്ചു. അതിൽ എടുത്തു പറയാൻ കഴിയുന്നത് BPL കുടുംബമായ ചന്ദ്രികയുടെ വീടിന്റെ മുൻവശത്തെ 3.8 മീറ്റർ പൊക്കമുള്ള അതിര് അടുത്ത വീടിന്റെ മുകളിലേക്ക് ഇടിഞ്ഞുവീഴുന്ന അവസ്ഥയിലായിരുന്നു തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾ ചാക്കിൽ മണ്ണ് നിറച്ച് അടുക്കി പൊക്കമുള്ള ബണ്ട് നിർമ്മിക്കുകയും ചെയ്തു. അടിയന്തിരമായി ആ പ്രദേശത്തെ പുരയിടങ്ങളിൽ മണ്ണ്ജലസംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കിയതു വഴി പിന്നീട് ഉണ്ടായ മഴയിൽ നാശ നഷ്ടങ്ങളെന്നുമുണ്ടാകാതെ ആ പ്രദേശം സംരക്ഷിക്കാൻ കഴിഞ്ഞു. പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുക 182000/രൂപ, 757 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. അങ്ങനെ ഈ പ്രവൃത്തി ഒരു വൻവിജയമാക്കാൻ സാധിച്ചു. ◆

ബാലസൗഹൃദ ഗ്രാമപഞ്ചായത്ത് ഒരനുഭവകുറിപ്പ്

'ബാലസൗഹൃദ പഞ്ചായത്ത്' എന്ന ലക്ഷ്യത്തോടെ കില സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ പങ്കെടുത്തതിന്റെ ഒരു അനുഭവക്കുറിപ്പ് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കുമായി സമർപ്പിക്കട്ടെ.

കില അസോസിയേറ്റ് പ്രൊഫസർ പീറ്റർ.എം.രാജിന്റെ നേതൃത്വത്തിൽ റിട്ടയേർഡ് സി.ഡി.പി.ഒ എലിസബത്ത് വർഗീസും സഹപരിശീലകരും ചേർന്നൊരുക്കിയ ത്രിദിന പരിശീലനം വളരെ കാലികപ്രസക്തവും പങ്കാളികളുടെ ആത്മാർത്ഥമായ ഇടപെടൽ കൊണ്ട് സജീവവുമായിരുന്നു., 'കില' യുടെ ലക്ഷ്യസാക്ഷാത്കാരത്തിലേക്കുള്ള ഒരു മികച്ച കാൽവെയ്പ്പും !

അംഗൻവാടികൾ മുതൽ വിദ്യാലയങ്ങൾ വരെ ബാലസൗഹൃദമാക്കുന്നതിനുള്ള നിരവധി വഴികൾ പരസ്പര ചർച്ചകളിലൂടെ പൂർണ്ണതയിലെത്തിക്കുകയും, അതുവഴി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സേവന മേന്മ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള കൈപുസ്തക നിർമ്മാണക്കളരികൂടിയായിരുന്നു ഈ പരിശീലനം. കുട്ടികളുടെ അവകാശത്തെ സംബന്ധിച്ചുള്ള അന്താരാഷ്ട്ര നിയമവും, നിലവിലെ മറ്റു നിരവധി നിയമങ്ങളും, ശിശു-ബാല - കൗമാര പ്രായക്കാരുടെ അവകാശങ്ങളും വിശദമായിത്തന്നെ പഠനവിധേയമാക്കുകയുണ്ടായി. കൈപ്പുസ്തകത്തിലെ എല്ലാ പാഠങ്ങളും എല്ലാവരും ഒരു തവണയെങ്കിലും വായിക്കുകയും, അറിവിന്റെ പുതിയ പാതകളിലേക്ക് ആനയിക്കപ്പെടുകയും ചെയ്തു.

വിശദമായ പഠനത്തിനുശേഷം, ഓരോ ഗ്രാമപഞ്ചായത്തും ഏറ്റെടുക്കാവുന്ന സാദ്ധ്യതകൾ സ്വയം കണ്ടെത്തുകയും, അവതരിപ്പിക്കുകയും ചെയ്ത് ഒരു വ്യക്തമായ കാഴ്ചപ്പാടോടെ 'കില' വിട്ടിറങ്ങി എന്നത് പരിപാടിക്ക് നേതൃത്വം കൊടുത്തവർക്ക് സംതൃപ്തി നൽകുന്നതു തന്നെയായിരിക്കും .

പരിശീലനപരിപാടിയിൽ പങ്കെടുത്ത ഓരോ ആളുകളുടേയും ഹൃദയത്തിൽ കുറിച്ചിട്ട ചില കാര്യങ്ങൾ കൂടി കുറിക്കുന്നത് ഉചിതമാവുമെന്ന് കരുതുന്നു.

ഗ്രാമപഞ്ചായത്തുകൾ സ്വയം സന്നദ്ധരായി വന്നതുകൊണ്ടുതന്നെ പരിശീലനാർത്ഥികളുടെ താല്പര്യം പ്രത്യേകം ശ്രദ്ധേയമായിരുന്നു.

പരിപാടിയുടെ തുടക്കം മുതൽ ഒടുക്കം വരെ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജിന്റെ നേതൃത്വത്തിൽ ഒന്നിനൊന്നു മികച്ച പങ്കാളിത്തവും, സമീപനവും കൊണ്ടു കേരളത്തിനു തന്നെ മാതൃകയായി തോന്നി. എല്ലാ ഗ്രാമപഞ്ചായത്തുകളും ഇങ്ങനെ ആയിരുന്നെങ്കിൽ എന്നു ചിന്തിക്കാത്തവർ ഉണ്ടാവില്ല !

മുള്ളൻ കൊല്ലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജിനി ബെനറ്റിന്റെ ശൈലിയും മറ്റുള്ളവർക്ക് അസൂയ ഉണർത്തുന്നതായിരുന്നു; എല്ലാ പരിശീലനാർത്ഥികളെയും കൂട്ടിയോജിപ്പിച്ച് ഒരു പരിപാടിയെ എങ്ങനെ കൂടുതൽ വിജയകരമാക്കാം എന്നവർ കാണിച്ചുതന്നു.

ഇത്തരം മാതൃകകൾ പരിചയപ്പെടുത്തുന്നതിനുള്ള അവസരവും 'കില' ഒരുക്കുന്നതിൽ വലിയ ചാരിതാർത്ഥ്യമുണ്ട്.

ഗ്രാമപഞ്ചായത്തിലെ അല്ല കേരളത്തിലെ മുഴുവൻ കുഞ്ഞുങ്ങളുടെ മുഖത്തും പാൽപുഞ്ചിരി വിരിയാൻ തങ്ങളിലാവുന്നതു ചെയ്യുമെന്ന പ്രതിജ്ഞയോടെ മൂന്നു ദിവസം ഒരു കുടുംബമായിക്കഴിഞ്ഞ ഞങ്ങൾ അല്പം സങ്കടത്തോടെ വേർപിരിഞ്ഞു. ◆

KUDUMBASHREE

▶ ടി. ഷാഹുൽ ഹമീദ്

കുടുംബശ്രീ റിയാലിറ്റി ഷോ "ഇനി ഞങ്ങൾ പറയാം"

മാതൃകകൾ സൃഷ്ടിച്ച് അനുസ്യൂതം മുന്നോട്ട് പോകുന്ന കുടുംബശ്രീയുടെ നല്ല തുടക്കങ്ങൾ, പ്രവർത്തനങ്ങൾ, ലോകത്തെ അറിയിക്കുന്നതിന്, അടയാളപ്പെടുത്തിയ 16 വർഷങ്ങളിൽ മികവാർന്ന ജനോപകാരപ്രദമായ, സ്ത്രീകൾ ഹൃദയത്തിലേറ്റിയ വിവിധങ്ങളായ പദ്ധതികളും പ്രവർത്തനങ്ങളും ദൃശ്യമാധ്യമത്തിലൂടെ ലോകത്തെ അറിയിക്കുന്നതിന് ദൂരദർശനുമായി ചേർന്ന് "ഇനി ഞങ്ങൾ പറയാം"എന്ന റിയാലിറ്റി ഷോയ്ക്ക് നവംബർ 11-ാം തീയതി തിരുവനന്തപുരത്ത് വച്ച് പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ കാർമികത്വത്തിൽ തുടക്കം കുറിച്ചു.

പൊങ്ങച്ചങ്ങളുടെയും മേളക്കൊഴുപ്പിന്റെയും റിയാലിറ്റി ഷോകൾക്കിടയിൽ വ്യതിരക്തമായ ഹൃദയാന്തരങ്ങളിൽ സൂക്ഷിച്ച നന്മകളുടെ, വേറിട്ട പ്രവർത്തനങ്ങളുടെ, നടന്നുപോയ വീഥികളിലെ, അടയാളപ്പെടുത്തലുകളുടെ, സാമൂഹ്യ സേവനങ്ങളുടെ നേർക്കാഴ്ചകളുടെ, ഒത്തുചേരലിന്റെ സൗഭാഗ്യങ്ങളുടെ, കൈത്താങ്ങുകളുടെ, പുനരാവിഷ്കാരങ്ങളുടെ, രക്ഷപ്പെടുത്തലിന്റെ, ഏറ്റുപറച്ചിലുകളുടെ, ഹതഭാഗ്യരായവരുടെ ഭാഗ്യവർഷത്തിന്റെ എല്ലാത്തിനുമപ്പുറം ആത്മാഭിമാനത്തിന്റെ കേരളീയ പെരുമയായ സ്ത്രീകൾക്കും കുട്ടികൾക്കും അത്താണിയായ, കുടുംബശ്രീ പ്രവർത്തകരുടെ സുകൃതങ്ങളുടെ നേർവിവരണം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ റിയാലിറ്റിഷോ ആയി മാറാൻ പോകുകയാണ്. പരിചിതമായ ഈ മേഖലയിൽ കേരളീയർക്ക് മുമ്പിൽ കുടുംബശ്രീ അവതരിപ്പിക്കുന്നത് മനസ്സിൽ സൂക്ഷിക്കുവാനും പകർത്താനും അതിലേറെ പിന്തുണക്കാനുള്ള നല്ല പാഠങ്ങളുടെ സ്ത്രീ പെരുമകളാണ്.

ദൂർദർശനുമായി ചേർന്ന് സംസ്ഥാനത്തെ ഏറ്റവും മികച്ച ഒന്നും രണ്ടും മൂന്നും സിഡിഎസുകളെയും ഏറ്റവും മികച്ച നൂതന സംരംഭത്തെയും തെരഞ്ഞെടുക്കുവാനുള്ള റിയാലിറ്റി ഷോയാണ് "ഇനി ഞങ്ങൾ പറയാം". ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 70 സിഡിഎസുകളെയും (65 ഗ്രാമ സിഡിഎസുകളും 5 നഗര സിഡിഎസുകളും) തെരഞ്ഞെടുക്കപ്പെട്ട 10 നൂതന സംരംഭങ്ങളെയുമാണ് ജൂറിമാർ വിലയിരുത്തുന്നത്. 70 സിഡിഎസുകളിൽ നിന്ന് 15 പേർ സെമി ഫൈനലിലും 5 പേർ ഫൈനലിലും മാറ്റുരയ്ക്കും. 101 എപ്പിസോഡുകളിലായി വിഭാവനം ചെയ്തിട്ടുള്ള ഈ സോഷ്യൽ റിയാലിറ്റി ഷോയുടെ ഫൈനൽ ലൈവായി സംപ്രേഷണം ചെയ്യും.

കുടുംബശ്രീ നാട്ടിൽ ചെയ്ത നല്ല കാര്യങ്ങളെ കുടുംബശ്രീ പ്രവർത്തകരിലൂടെ ലോകത്തെ അറിയിക്കുവാനും സ്ത്രീ കൂട്ടായ്മയിലൂടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഉണ്ടായിട്ടുള്ള ജനകീയ മോഡലുകളെ സ്വയംപര്യാപ്തത നേടിയുള്ള മാതൃകകളെ നമുക്ക് നേരിൽ കാണാൻ ഈ റിയാലിറ്റി ഷോ കൊണ്ട് ഉപകരിക്കും. പുതുമയാർന്ന ആശയങ്ങൾ, സംരംഭങ്ങൾ, സംഭവങ്ങൾ, മറ്റുള്ളവർക്ക് മാതൃകയാക്കുവാൻ കഴിയുന്ന അതിനൂതനങ്ങളായിട്ടുള്ള പ്രവർത്തനങ്ങൾ എന്നിവയും വിവിധ സിഡിഎസുകളുടെ പ്രവർത്തനങ്ങളിലൂടെ നമുക്ക് കാണാൻ സാധിക്കുന്നതാണ്. കുടുംബശ്രീ മാതൃകകളെ ഒപ്പിയെടുക്കുന്നതിന് വിവിധ ഏജൻസികളെ കുടുംബശ്രീ ഇതിനോടകം തന്നെ എംപാനൽ ചെയ്തുകഴിഞ്ഞു. മീഡിയാലോകത്തിന് മുമ്പിൽ ജനകീയ മാതൃകകൾ പിറന്നുവീഴാൻ പോകുകയാണ്, ഇല്ലായ്മകളിൽ നിന്നും വല്ലായ്മകളിൽ നിന്നും കൂട്ടായ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ നേടിയത് എന്ത് എന്ന് ലോകം അറിയാൻ പോകുന്നു. 9 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ഫിലിം തെരഞ്ഞെടുക്കപ്പെട്ട ഓരോ സിഡിഎസുകളും തയ്യാറാക്കേണ്ടതായിട്ടുണ്ട്. സിഡിഎസുകളെ സഹായിക്കുവാൻ ഈ രംഗത്ത് പ്രതിഭ തെളിയിച്ചിട്ടുള്ള ഏജൻസികളുടെ സേവനം സൗജന്യമായി ലഭിക്കും. 9 മിനിറ്റിൽ എങ്ങനെ ഫലപ്രദമായി തങ്ങളുടെ പ്രവർത്തനത്തെ അവതരിപ്പിക്കാമെന്ന ഒരു ശ്രമകരമായ ദൗത്യമാണ് സിഡിഎസുകൾ നിർവഹിക്കുവാൻ പോകുന്നത്. ലോകത്തിനു മുമ്പിൽ കാണിക്കാൻ പോകുന്ന മോഡലുകളായതുകൊണ്ട് പൂർണ്ണ അർത്ഥത്തിൽ കഴിഞ്ഞകാലങ്ങളിൽ നടത്തിയ പ്രവർത്തനം ഒപ്പിയെടുക്കേണ്ടതായിട്ടുണ്ട്. ഇങ്ങനെ നിർമ്മിച്ച വീഡിയോ ഫിലിമുമായി ദൂരദർശനിൽ ജൂറിക്കു മുമ്പാകെ അവതരണം നടത്തേണ്ടതും സിഡിഎസിന്റെ ഉത്തരവാദിത്വപ്പെട്ടവരാണ്. വീഡിയോ ഫിലിമിന്റെയും സംവാദത്തിന്റെയും തുടർച്ചയായി ജൂറി മാർക്ക് നൽകുകയും തുടർന്ന് മികച്ച സിഡിഎസിനെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യാൻ പോകുന്നത്. 15 സിഡിഎസുകളെ സെമി ഫൈനലിലേക്കും 3 സിഡിഎസുകളെ ഫൈനലിലേക്കും 2 സിഡിഎസുകൾക്ക് സ്പെഷ്യൽ ജൂറി

അവാർഡും നൽകുന്നതാണ്. കൂടാതെ മറ്റുള്ളവർക്ക് മാതൃകയാക്കുവാൻ കഴിയുന്നതിനും കേരളീയ സമൂഹത്തിന് ഉപകാരപ്രദമായ 10 പ്രധാന നൂതന ആശയങ്ങളെ തെരഞ്ഞെടുക്കുകയും അതിൽ നിന്ന് രണ്ടെണ്ണം ഫൈനൽ റൗണ്ടിൽ എത്തുന്നതുമാണ്. ഒരു മെഗാ ഫൈനൽ പരിപാടി നടത്തി ദൂരദർശൻ നേരിട്ട് ലൈവായി സംപ്രേഷണം ചെയ്യുന്ന പരിപാടിയിൽ വച്ച് ബെസ്റ്റ് സിഡിഎസിനെ തെരഞ്ഞെടുക്കുകയും അവാർഡ് നൽകുകയും ചെയ്യുന്നതാണ്.

കാർഷികമേഖലയിലെ പുത്തൻ ഉണർവുകൾ പഞ്ചായത്തുകളും /നഗരസഭകളും ചേർന്നുള്ള മാതൃകാ പ്രവർത്തനങ്ങൾ, സാമൂഹ്യ ഉൾപ്പെടുത്തലുകൾ, ചെറുകിട സൂക്ഷ്മസംരംഭങ്ങൾ, ആശ്രയ, ബഡ്സ് സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ, ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ, സാമ്പത്തിക ഉൾപ്പെടുത്തലുകൾ, ജെന്റർ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, ബാലസഭകൾ എന്നവിയിലെ മാതൃകാ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി വേണം സിഡിഎസുകൾ റിയാലിറ്റി ഷോയിൽ പങ്കെടുക്കുവാൻ.

സിഡിഎസുകൾ റിയാലിറ്റി ഷോയിൽ പങ്കെടുക്കുമ്പോൾ മറ്റുള്ളവർക്ക് മാതൃകയാകാൻ സാധിക്കുന്നതും വലിയ സാമ്പത്തിക മുതൽമുടക്കില്ലാത്തതും സാങ്കേതിക സഹായം എളുപ്പം ലഭിക്കുന്നതും എല്ലാവർക്കും പങ്കുകൊള്ളാൻ കഴിയുന്ന രീതിയിലുള്ളതും, നിലനിൽപ്പുള്ളതും കാലദൈർഘ്യത്തോടെ നിലനിൽക്കുന്നതും പുതിയ സാങ്കേതിക വിദ്യയിലൂടെ ഉപയോഗമുള്ളതും എളുപ്പം വിറ്റുപോകാൻ സാധ്യതയുള്ളതും പ്രാദേശിക വികസനത്തിൽ പ്രാധാന്യമുള്ളതും ദാരിദ്ര്യനിർമ്മാർജ്ജനത്തിനുതകുന്നതും സ്ത്രീശാക്തീകരണത്തിനു താങ്ങായിട്ടുള്ളതും സംയോജന സാധ്യതയുള്ളതുമായ പ്രോജക്ടുകളുടെയും പദ്ധതികളുടെയും അവതരണമാണ് സിഡിഎസുകൾ നടത്തേണ്ടത്. ഓരോ ഘട്ടത്തിലും വിവിധ പ്രവർത്തനങ്ങളെ വിശദീകരിക്കുവാനുള്ള അവസരം പങ്കെടുക്കുന്നവർക്ക് ലഭിക്കുന്നതുമായിരിക്കും.

പുതിയ ഒരു സാമൂഹിക വിദ്യാഭ്യാസ പഠനപ്രക്രിയയാണ് റിയാലിറ്റി ഷോയിലൂടെ കടന്നുവരാൻ പോകുന്നത്. ലോകത്തിനു ഉപകാരപ്രദമായ കുറേ നല്ല പ്രവർത്തനങ്ങൾ നാം കാണാൻ പോകുകയാണ്. ആരും ശ്രദ്ധിക്കാതെ ഒച്ചവയ്ക്കാതെ മുന്നോട്ടുപോയ സാധാരണ സ്ത്രീകളുടെ കൂട്ടായ്മയുടെ ശബ്ദവും പ്രവർത്തനവും മാലോകർ അറിയാൻ പോകുന്നു. പുതിയ താരറാണികളും പൊതുവിടങ്ങളും ഉണ്ടാകാൻ പോകുന്നു. അന്വേഷണതുടർച്ചയായി നല്ല മാതൃകകൾ പിറന്നുവീഴട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നെടുവീർപ്പിടുന്നവരുടെ നെടുവീർപ്പുകളായി ആത്മഗതങ്ങളുടെ ഗദ്ഗദമായി, സ്വരമില്ലാത്തവരുടെ സ്വരമായി കാഴ്ചയില്ലാത്തവരുടെ ഉൾക്കാഴ്ചയായി, എഴുത്തിനുമുപരി കുടുംബശ്രീയുടെ വെള്ളിവെളിച്ചമായി റിയാലിറ്റി ഷോ “ഇനി ഞങ്ങൾ പറയാം” മാറാൻ പോവുകയാണ്. കാത്തിരുന്ന് കാണാം. ◆

സിൽവർജൂബിലി നിറവിൽ
കിലയിൽ അന്താരാഷ്ട്ര സമ്മേളനം

കിലയുടെ സിൽവർജൂബിലി വർഷത്തിൽ ഗാന്ധിഗ്രാമസ്വരാജിനെക്കുറിച്ചും അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും കില സംഘടിപ്പിച്ച രണ്ടാമത് അന്താരാഷ്ട്രസമ്മേളനം ഗാന്ധിജിയുടെ കൊച്ചുമകൾ ഇളാഗാന്ധിയുടേയും ഗാന്ധിജിയുടെ പേഴ്സണൽ സെക്രട്ടറി വി.കല്യാണത്തിന്റെയും സാന്നിദ്ധ്യംകൊണ്ട് ധന്യമായി. മൂന്നുദിവസം നീണ്ടുനിന്ന സമ്മേളനത്തിൽ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക-ശാസ്ത്ര മേഖലയിലെ വിദഗ്ദ്ധരും ഇന്ത്യക്കകത്തുനിന്നും പുറത്തുനിന്നമുള്ള 300 പ്രതിനിധികളും പങ്കെടുത്തു. പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പുമന്ത്രി ഡോ. എം .കെ. മുനീർ ഉദ്ഘാടനം ചെയ്ത സമ്മേളത്തിൽ സഹകരണവുപ്പുമന്ത്രി സി.എൻ. ബാലകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു.

അടുത്ത വർഷം ജനുവരി 26 നു മുമ്പ് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമകേന്ദ്രങ്ങൾ നിലവിൽ വരുമെന്ന് ഉദ്ഘാനപ്രസംഗത്തിൽ പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പുമന്ത്രി ഡോ. എം.കെ.മുനീർ അറിയിച്ചു. വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള വാർഡ് വികസനസമിതികൾ ഗ്രാമകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കും. ഗ്രാമസഭകൾ ചേരുന്നതിനും വാർഡിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമുള്ള സ്ഥിരം സംവിധാനമാണ് ഗ്രാമകേന്ദ്രങ്ങൾ. വാർഡുകളുടെ ഇൻഫർമേഷൻ സെന്ററുകളായും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കും. ഗ്രാമസഭകളുടെ പ്രവർത്തനം പ്രതീക്ഷിച്ച തോതിൽ ഉയർന്നിട്ടില്ല. പങ്കാളിത്ത ആസൂത്രണവും കുടുംബശ്രീ- ആശ്രയകേന്ദ്രങ്ങളുമെല്ലാം അധികാരവികേന്ദ്രീകരണത്തിന്റെ അവിഭാജ്യഘടകങ്ങളാണെന്നും മന്ത്രി പറഞ്ഞു. കേരളത്തിലെ പ്രാദേശികഭര

ഗ്രാമസ്വരാജ്-അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് രണ്ടാമത് അന്താരാഷ്ട്രസമ്മേളനം കിലയിൽ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ.എം.കെ.മുനീർ ഉദ്ഘാടനം ചെയ്യുന്നു

ണസംവിധാനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ശക്തമാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച സഹകരണവകുപ്പുമന്ത്രി സി.എൻ. ബാലകൃഷ്ണൻ പറഞ്ഞു. ഭരണത്തിന്റയും ആസൂത്രണത്തിന്റയും കാര്യത്തിൽ കേരളം മുന്നിലാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിൽ സംസ്ഥാനത്ത് മാറി മാറി വരുന്ന മുന്നണികൾ ഒരേ അഭിപ്രായക്കാരാണ്.

ലോകത്തിനു മാതൃക കാണിക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി സംബന്ധിച്ച ഗാന്ധിജിയുടെ കൊച്ചുമകൾ ഇളാഗാന്ധി അഭിപ്രായപ്പെട്ടു. ഇവിടത്തെ അധികാരവികേന്ദ്രീകരണവും സാക്ഷരതാപ്രവർത്തനങ്ങളും അനുകരണീയമാണ്. സമഗ്രവികസനം ലക്ഷ്യമിട്ടായിരുന്നു ഗാന്ധിജിയുടെ രാമരാജ്യസങ്കൽപ്പം. രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ക്ഷേമമേകുന്നതാണ് രാമരാജ്യസങ്കൽപ്പം. അതിനെ ഏതെങ്കിലും ഒരു മതത്തോടു ചേർത്തുവായിക്കുന്നതും പ്രചരിപ്പിക്കുന്നതും തെറ്റാണ്. സാധാരണക്കാരനുപോലും ഭരണത്തിൽ അർഹമായ പ്രാധാന്യം വകവച്ചു കൊടുക്കുന്ന ഒരു രാജ്യത്തെയാണ് ഗാന്ധിജി സ്വപ്നം കണ്ടതെന്നും അവർ പറഞ്ഞു.ഗാന്ധിജിയുടെ സ്വപ്നങ്ങളാണ് ആർട്ട് ഗാലറിയിൽ ചിത്രീകരിച്ചിരിക്കുന്നതെന്ന് ഇളാഗാന്ധി അഭിപ്രായപ്പെട്ടു. ആർട്ട് ഗാലറിയുടെ ശില്പി എബി എൻ. ജോസഫിനുള്ള കിലയുടെ ഉപഹാരവും അവർ സമ്മാനിച്ചു.നേരത്തെ ലൈബ്രറി ഹാളിൽ സ്ഥാപിച്ച ഗാന്ധിഗ്രാമസ്വരാജ് ആർട്ട് ഗാലറിയുടെ ഉദ്ഘാടനം, മന്ത്രിമാരുടേയും മറ്റ് വിശിഷ്ടവ്യക്തികളുടേയും സാന്നിദ്ധ്യത്തിൽ ഇളാഗാന്ധി നിർവഹിച്ചു.

മാലിന്യനിർമ്മാർജനവും പച്ചക്കറി കൃഷിയും കുടുംബശ്രീയുടെ കീഴിൽ കൊണ്ടുവരണമെന്ന് മുഖ്യപ്രഭാഷകനായ തോമസ് ഐസക് എം.എൽ.എ. അഭിപ്രായപ്പെട്ടു. കിലയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ മുൻ കേന്ദ്രമന്ത്രി മണി ശങ്കർ അയ്യർ നിർവഹിച്ചു. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ , സെൻട്രൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.ജി. ഗോപകുമാർ, കില ഡയറ്കടർ ഡോ. പി.പി.ബാലൻ, ഡോ.സണ്ണി ജോർജ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാ പ്രസിഡന്റ് അഡ്വ.എം.മണികണ്ഠൻ എന്നിവർ സംസാരിച്ചു.

കിലയുടെ മൂന്നു പ്രസിദ്ധീകരണങ്ങൾ ചടങ്ങിൽ ഡോ.ഗോപകുമാർ പ്രകാശനം ചെയ്തു. ഇളാഗാന്ധി, വി.കല്യാണം, മണി ശങ്കർ അയ്യർ എന്നിവർക്ക് എബി ജോസഫ് വരച്ച ഗാന്ധിജിയുടെ ചിത്രങ്ങൾ സമ്മാനിച്ചു.ഉദ്ഘാടനത്തിനുശേഷം നടന്ന സദ്ഭരണത്തെക്കുറിച്ചുള്ള സെഷനിൽ ലോക്കൽ ഗവൺമെന്റ് കമ്മിഷൻ ചെയർമാൻ കുട്ടി അഹമ്മദുകുട്ടി അദ്ധ്യക്ഷനായിരുന്നു. കേന്ദ്ര ഗ്രാമവികസനവകുപ്പു അഡീഷ്ണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് പ്രബന്ധമവതരിപ്പിച്ചു.സമ്മേളനത്തോടനുബന്ധിച്ച് മലപ്പുറം നഗരസഭയും ഏഴു ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും പങ്കെടുത്ത പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

ഗാന്ധിഗ്രാമസ്വരാജ് ആർട്ട് ഗാലറി

ഗാന്ധിജി ജനിച്ച പോർബന്തറിലെ ഗ്രാമീണ ജീവിതം മുതൽ ഉപ്പുസത്യഗ്രഹം വരെയുള്ള ജീവിതഘട്ടങ്ങൾ ആവിഷ്ക്കരിക്കുന്നതാണ് ഗാന്ധി ഗ്രാമസ്വരാജ് ആർട്ട ഗാലറി. ആർട്ടിസ്റ്റ് എബി.എൻ.ജോസഫാണ് ചിത്രങ്ങൾ വരച്ചത്.അക്രിലിക്കിൽ ക്യാൻവാസിൽ തീർത്ത 15 ചിത്രങ്ങളും ഒമ്പതു ക്യാൻവാസ് ചിത്രങ്ങളും ഇവയിൽ ഉൾപ്പെടും. ഗാന്ധിയൻ ദർശന ങ്ങളിലൂടെ കടന്നുപോകുന്ന ചിത്രങ്ങളോടൊപ്പം മലയാളം, ഹിന്ദി, ഇംഗ്ലീഷ് കുറിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. കില ലൈബ്രറി ബ്ലോക്കിനു മുകളിലെ 2,500 ചതുരശ്ര അടിയിലാണ് ആർട്ട ഗാലറി ഒരുക്കിയിട്ടുള്ളത്. ഗാന്ധിജിയുടെ ജീവിതവും സന്ദേശങ്ങളും ഉൾപ്പെടുന്ന സിനിമകൾ പ്രദർശിപ്പിക്കാൻ ഗാന്ധി ടാക്കീസും ഗാലറിയോടു ചേർന്ന് ക്രമീകരിച്ചിട്ടുണ്ട്. കിലയിൽ പരിശീലനത്തിനെത്തുന്നവർക്കും പഠിതാക്കൾക്കും ജനപ്രതിനിധികൾക്കും ഗാലറി

സന്ദർശിക്കാൻ സൗകര്യമൊരുക്കും

വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തണം

അധികാരവികേന്ദ്രീകരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി പുനർവിചിന്തനത്തിനു വിധേയമാക്കണമെന്ന് ഗ്രാമവികസന വകുപ്പുമന്ത്രി കെ.സി ജോസഫ് അഭിപ്രായപ്പെട്ടു. കിലയിൽ സംഘടിപ്പിച്ച ഗ്രാമസ്വരാജ് അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഭാഗമായ ഗാന്ധിയൻ പ്രവർത്തകരുടെ കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വികേന്ദ്രീകരണം നടന്നിട്ട് ഇരുപതുവർഷം പിന്നിട്ടപ്പോൾ ഈ മേഖലയിലുണ്ടായ പോരായ്മകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ രംഗത്തെ അഴിമതിയും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇതു തടയാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. നേട്ടവും കോട്ടവും വിലയിരുത്തി ഇതു പുനക്രമീകരിക്കാൻ കഴിയണമെന്നും മന്ത്രി നിർദ്ദേശിച്ചു. ഗാന്ധിജിയുടെ കൊച്ചുമകൾ ഇളാഗാന്ധി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഗാന്ധിജിയുടെ പേഴ്സണൽ സെക്രട്ടറി വി.കല്യാണം മുഖ്യാതിഥിയായിരുന്നു. കില അസി.പ്രൊഫ. ഡോ.ജെ.ബി. രാജൻ, ആർടിസ്റ്റ് എബി.എൻ.ജോസഫ് എന്നിവർ സംസാരിച്ചു.സദസ്യർ ഉന്നയിച്ച ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഇളാഗാന്ധിയും കല്യാണവും മറുപടി നൽകി. ഗാന്ധി തൊപ്പിയും ഷാളും ധരിച്ചാണ് പ്രവർത്തകർ കൂട്ടായ്മക്കെത്തിയത്. കൂട്ടായ്മക്കു മുമ്പ് തിരുവനന്തപുരം എ.ബി.എസ് യൂത്ത് ക്വയറിന്റെ ദേശഭക്തിഗാനങ്ങളുമുണ്ടായിരുന്നു.

അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു നടന്ന പാനൽ ചർച്ചയിൽ ടി.ആർ.രഘുനന്ദനൻ, ന്യൂദൽഹിയിലെ ഐ.എസ്.എസ് ഡയറക്ടർ ഡോ. ജാർജ് മാത്യു, കേന്ദ്രപഞ്ചായത്ത് രാജ് അഡീഷണൽ സെക്രട്ടറി രശ്മി ശുക്ല ശർമ്മ ഐ.എ.എസ്,ഡോ.ജി.പളനിദുരൈ, മീനാക്ഷിസുന്ദരം, ഡോ.എസ്. കെ സിംഗ് എന്നിവർ പങ്കെടുത്തു. സേവാഗ്രാം ഗ്രാമ കേന്ദ്രത്തെക്കുറിച്ചുള്ള ചർച്ചയിൽ മുൻകേന്ദ്രമന്ത്രി മണി ശങ്കർ അയ്യർ അദ്ധ്യക്ഷനായിരുന്നു. ഡോ.എം.എൻ. റോയ്, ഡോ.എം. പി.പരമേശ്വരൻ, ഡോ. ജോസ് ചാത്തക്കുളം, എ.ഗോപാലൻ അയ്യർ എന്നിവർ സംസാരിച്ചു.

ഗ്രാമസ്വരാജ് അന്താരാഷ്ട്ര സമ്മേളനത്തോടനുബന്ധിച്ച് കിലയിൽ സംഘടിപ്പിച്ച ഗാന്ധിയൻ പ്രവർത്തകരുടെ കൂട്ടായ്മ ഗ്രാമവികസനവകുപ്പുമന്ത്രി കെ.സി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

കിലയിലെ ഗാന്ധിഗ്രാമസ്വരാജ് ആർട്ട് ഗാലറി ഗാന്ധിജിയുടെ കൊച്ചുമകൾ ഇളാഗാന്ധി ഉദ്ഘാടനം ചെയ്യുന്നു

ഗ്രാമസ്വരാജിനെക്കുറിച്ച് സംഘടിപ്പിച്ച ചർച്ചയിൽ ഡോ.ജോർജ് മാത്യു അദ്ധ്യക്ഷത വഹിച്ചു. മാധ്യമപ്രവർത്തകൻ അജിത് വെണ്ണിയൂർ, മഹിപാൽ, പ്ലാസിഡ്, ഡോ.എബി ജോർജ് എന്നിവർ പങ്കെടുത്തു.പ്രതിനിധികൾ ഗ്രൂപ്പായി അവണൂർ, ചേർപ്പ്,എളവള്ളി, കൊണ്ടാഴി, പടിയൂർ, പൂമംഗലം, വല്ലച്ചിറ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ചു അവിടങ്ങളിലെ വികസനപ്രവർത്തനങ്ങൾ വിലയിരുത്തി.

സമാപനസമ്മേളനം

സമാപനസമ്മേളനത്തിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. പി.കെ.ബിജു എം.പി, മഹാത്മാഗാന്ധിയുടെ പേഴ്സണൽ സെക്രട്ടറി വി. കല്യാണം വിദേശ പ്രതിനിധികളായ ഡോ പെഡ്രോ മത്യാസ്(പോർച്ചുഗൽ), ലെസ്റ്റർ യൂണിവേഴ്സിറ്റി പ്രൊഫ.ഡോ കാതറിൻ കാസി(യു.കെ), പ്രൊഫ. ലോറാ മൈക്കിൾ (ഫിൻലാന്റ്) ജനക ഹേമതിലക (ശ്രീലങ്ക) എന്നിവർക്കു പുറമെ കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ്, ഡോ. സണ്ണി ജോർജ് ,പ്രൊഫ.പി.ലക്ഷ്മണൻ, മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ എന്നിവർ സംസാരിച്ചു. സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രദർശനത്തിൽ ഒന്നാം സമ്മാനം നേടിയ മലപ്പുറം നഗരസഭയ്ക്കും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ എടവിലങ്ങ്, മണീട് ഗ്രാമപഞ്ചായത്തുകൾക്കുള്ള സമ്മാനദാനം വി.കല്യാണം നിർവഹിച്ചു. ◆

(തയ്യാറാക്കിയത് : വി. സുരേന്ദ്രൻ, മീഡിയ കൺസൽട്ടന്റ്, കില)

വാർത്തകളും വിശേഷങ്ങളും

ആദിവാസി കോളനികിളിൽ നടക്കുന്ന ജനനങ്ങൾ രജിസ്റ്റർ ചെയ്യൽ – നിർദ്ദേശം പുറപ്പെടുവിച്ചു.

“ആദിവാസി കോളനികളിൽ നടക്കുന്ന ജനനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കുട്ടികളുടെ ജനന തീയതി സംബന്ധിച്ചി മാതാപിതാക്കൾ നൽകുന്ന വിവരം ആധികാരികമായി കണക്കിലെടുത്ത് ജനനം രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ രജിസ്റ്റർ ചെയ്യപ്പെടാതെ പോയ കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കാതെ സ്കൂൾ പ്രവേശനം നൽകാൻ വിദ്യാഭ്യാസാവകാശം 2009 അനുസരിച്ച് വ്യവസ്ഥയുള്ളതിനാൽ സ്കൂൾ അധികാരികളുടെ അപേക്ഷ പരിഗണിച്ചു ജനന സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

സർക്കുലർ നമ്പർ : 64823/ആർ.ഡി. 3/12/ത.സ്വ.ഭ.വ. തീയതി: 10-11-14

01-04-2013ന് ശേഷം പഞ്ചായത്ത് വകുപ്പിൽ പുതിയതായി പ്രവേശിച്ച ജീവനക്കാർക്ക് കെ.പി.ഇ.പി.എഫിൽ അംഗത്വം

ജി.ഒ.(പി)നമ്പർ 81/14/ഫിൻ തീയതി 24/2/2014 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01-04-2013ന് ശേഷം സർവ്വീസിൽ പ്രവേശിച്ച എല്ലാ ജീവനക്കാർക്കും ജി.പി.എഫിൽ അംഗത്വം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 01-04-2013ന് ശേഷം പഞ്ചായത്ത് വകുപ്പിൽ പുതുതായി സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്കും 1976ലെ കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് റൂൾ അനുസരിച്ച് കെ.പി.ഇ.പി.എഫിൽ അംഗത്വം നൽകുന്നചിന് അനുമതി നൽകിയും അവരെ കെ.പി.ഇ.പി.എഫ് കുടിശ്ശിക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം 3104/2014/ത.സ്വ.ഭ.വ. തീയതി: 17-11-14

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ചികിത്സാ സഹായം

മുൻ പഞ്ചായത്ത് അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിന് ഉചിതമായ ഉത്തരവ് ഉണ്ടായാൽ അതിന്റെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ലഭ്യമാക്കുന്നതാണെന്ന് ചിയാക്ക് അറിയിച്ചിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തികവർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി പുറപ്പെടുവിച്ച 06-05-2013ലെ ജി.ഒ (ആർ.റ്റി) 1209/2013/തസ്വഭവ പ്രകാരം തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉത്തരവാകുന്നു. കൂടുതൽ ആശുപത്രികളെ ഇൻഷ്വറൻസ് പദ്ധതിയ്ക്കുള്ള ലിസ്റ്റിലുൾപ്പെടുത്താൻ വേണ്ട നടപടി ചിയാക്ക് സ്വീകരിക്കേണ്ടതും എല്ലാ അംഗങ്ങൾക്കും മേൽ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ സമയക്രമം വരുത്തി എല്ലാ അംഗങ്ങളേയും അറിയിക്കേണ്ടതും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, സെക്രട്ടറിമാർ മുഖാന്തിരം എല്ലാ മുൻ അംഗങ്ങളുമായി ബന്ധപ്പെട്ട് എല്ലാവരെയും ഈ വർഷം തന്നെ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാക്കാൻ ശ്രദ്ധിക്കേണ്ടതുമാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ. (സാധാ) നം 2983/2014/തസ്വഭവ തീയതി: 17-11-14

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി കരാർ ജീവനക്കാർക്ക് വേതനം വർദ്ധിപ്പിച്ച് ഉത്തരവായി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ സംസ്ഥാന-ജില്ലാ ഓഫീസുകളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന വിഹിതത്തിൽ ഭരണചെലവുകൾക്ക് അനുവദനീയമായ വിഹിതത്തിൽ നിന്നും അധികമാകാൻ പാടില്ല എന്ന നിബന്ധനയോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൻ കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ വേതനം 01-04-2014 മുതൽ ചുവടെ ചേർത്തിരിക്കും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

ക്രമ നമ്പർ	തസ്തിക	നിലവിലെ വേതനം	പുതുക്കിയ വേതനം
1.	ഡേറ്റാ എൻട്രി ഓപ്പറേറ്റർ	10,000 രൂപ	12,000 രൂപ
2.	അക്രഡിറ്റഡ് എഞ്ചിനീയർ (ഓവർസിയർ)	10,000 രൂപ	12,000 രൂപ
3.	അക്രഡിറ്റഡ് എഞ്ചിനീയർ (അസിസ്റ്റന്റ് എഞ്ചിയീർ)	12,000 രൂപ	15,000 രൂപ
4.	ഐ.റ്റി. പ്രൊഫഷണൽ (ജില്ല)	15,000 രൂപ	17,000 രൂപ
5.	ഐ.റ്റി. പ്രൊഫഷണൽ (സംസ്ഥാനം)	18,000 രൂപ	20,000 രൂപ

സ.ഉ.(കൈ)നം 220/14/തസ്വഭവ തീയതി : 09-12-14

വാർത്തകളും വിശേഷങ്ങളും

പഞ്ചായത്ത് ഭവനിൽ പുതുതായി മുറികൾ, ഹാൾ എന്നിവകളുടെ നിർമ്മാണ ചെലവുകൾക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി

കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പഞ്ചായത്ത് ഭവനിൽ പുതിയതായി നിർമ്മിക്കുന്ന മുറികളുടേയും ഹാളിന്റേയും നിർമ്മാണ ചെലവുകൾക്കായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും പരമാവധി 7,000/- (ഏഴായിരം രൂപ മാത്രം) അവരുടെ കമ്മിറ്റി തീരുമാനത്തിനും 16-02-2006ലെ ജി.ഒ. (എം.എസ്) 58/06/തസ്വഭവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സംഭാവന നൽകുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷനിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതുമാണ്.

സ.ഉ. (സാധാ) നം. 3217/2014/ത.സ്വ.ഭ.വ. തീയതി : 06-12-14

ഇന്ദിര ആവാസ് യോജന – തറവിസ്തീർണ്ണം 25% വരെ അധികരിക്കാം

ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണം 6-02-2013ലെ 333/13/തസ്വഭവ നമ്പർ ഉത്തരവനുസരിച്ച് 66 ച.മീ. ആയി വർദ്ധിപ്പിച്ചിരുന്നു. കേന്ദ്ര മാനദണ്ഡ പ്രകാരം ഓരോ വീടിനും 20 ചതുരശ്ര മീറ്ററാണ് കുറഞ്ഞ തറ വിസ്തീർണ്ണം നിഷ്കർഷിച്ചിട്ടുള്ളത്. ഐ.എ.വൈ. വീടുകൾക്ക് കേന്ദ്രസർക്കാർ 70,000 രൂപ നിരക്കിലാണ് ധനസഹായം നൽകുന്നത്. പട്ടികജാതി/ജനറൽ വിഭാഗം, പട്ടികവർഗ്ഗം എന്നീ കുടുംബങ്ങൾക്ക് യഥാക്രമം 2 ലക്ഷം, 2.50 ലക്ഷം എന്ന നിരക്കിലാണ് സംസ്ഥാനത്ത് ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് തുക നൽകുന്നത്. തറ വിസ്തീർണ്ണം 66 ച. മീറ്ററിലും അധികരിച്ചു എന്ന കാരണത്താൽ പല ഗുണഭോക്താക്കൾക്കും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പണം ലഭിക്കാത്ത അവസ്ഥ വന്നതിനാൽ 2013-14 വർഷം വരെ എഗ്രിമെന്റുവച്ച് വീട് പണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഐ.എ.വൈ. ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽ നിന്നും 25% അധികരിക്കാമെന്ന നിബന്ധനക്കു വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ച് നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ.(സാധാ)നം. 3186/14/തസ്വഭവ തീയതി : 03-12-14

പക്ഷിപ്പനി പ്രതിരോധ നടപടികൾ ചിലവ് പരിധി ഒരു ലക്ഷം രൂപയായി ഉയർത്തി

മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ റവന്യൂ, ആരോഗ്യ, വനം, പൊതുമരാമത്ത്, ആഭ്യന്തര, ഗതാഗത വകുപ്പുകളുടെ സഹകരണത്തോടെ കുട്ടനാട് മേഖലയിലും സമീപ പ്രദേശങ്ങളിലുമായി നടന്നുവരുന്ന 'പക്ഷിപ്പനി രോഗനിയന്ത്രണ ബോധവൽക്കരണ പ്രവർത്തനങ്ങൾ' ദ്രുതഗതിയിൽ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി പ്രശ്നബാധിതവും പ്രശ്നസാധ്യതയുള്ളതുമായ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പ്രസിഡന്റ്/ചെയർപേഴ്സൺമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും ദൈനംദിന കൂടിക്കാഴ്ച നടത്തി, ആർ.ആർ.ടി. അംഗങ്ങളുടെ താമസം, ഭക്ഷണം, വേതനം എന്നിവയുടെ വിതരണം, സഹായധനത്തിന്റെ വിതരണം, കള്ളിംഗ് പ്രവർത്തനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുള്ള സഹായം, ആവശ്യമായ വിറക്/ഇന്ധനം എന്നിവയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനും അതോടൊപ്പം മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകരുടെയും വെറ്റിനറി സർവ്വകലാശാലയിലെ ബന്ധപ്പെട്ട അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നതിനും പ്രസ്തുത അടിയന്തര നടപടികളിൽ, മറ്റ് വകുപ്പുകൾക്ക് ധനവിനിയോഗം നടത്താൻ കഴിയാത്തതും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവശ്യം വരുന്നതുമായ ചെലവുകൾക്കായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ഓരോ ഗ്രാമ പഞ്ചായത്തിനും പരമാവധി 50,000 (അമ്പതിനായിരം രൂപ മാത്രം) രൂപ വരെ ഈ സാമ്പത്തിക വർഷം അവരുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ സ.ഉ. (സാധാ) 3078/2014/തസ്വഭവ. തീയതി: 25-11-2014ലെ ഉത്തരവ് പ്രകാരം യഥേഷ്ടാനുമതി നൽകിയിരുന്നു. ഈ ചെലവു പരിധി ഒരു ലക്ഷം രൂപ (രൂപ 1,00,000) ആയി വർദ്ധിപ്പിക്കുന്നു. പ്രസ്തുത ജില്ലകളിലെ നഗരസഭകൾക്കും മേൽ വിവരിച്ച പ്രവർത്തനങ്ങൾക്ക് മേൽ വിവരിച്ച രീതിയിൽ ചെലവ് ചെയ്യാൻ അനുമതി നൽകുന്നു. ഇതിനായി തനത് ഫണ്ട് തികയാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ വികസന/സംരക്ഷണ ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതാണ്. ചെലവുകളുടെ വിശദാംശങ്ങൾ പഞ്ചായത്ത് കമ്മിറ്റി/നഗരസഭാ കൗൺസിൽ അംഗീകരിക്കേണ്ടതും ഗ്രാമസഭകളിൽ / വാർഡ് സഭകളിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

സ.ഉ. (സാധാ) നം 3269/2014/തസ്വഭവ തീയതി 10-12-2014

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by A. Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram

വായിക്കുക...

വരിക്കാരാകുക...

പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) December 2014
Annual Subscription ₹120/-, Published on 20th December 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com
ammini
partnering with tomorrow

ഹൈമാസ്റ്റ്ലൈററുകൾ സൗരോർജ്ജത്തിൽ..

AMMINI SOLAR Introduces..

GreenMast

SOLAR LED MAST LIGHTS

Different Models
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

राष्ट्रीय पुरस्कार-2010
MSME National Award for Quality Products

STQC Certification
ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details:1800 300 00 600 (TOLL FREE)

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed